# രസികരഞ്ജിനി

൧൦൭൯.

പുസ്തകം ൨. ധനുമാസം. ലക്കം ൪.

## മംഗളം.

—:0:—

ഉല്ലാസിക്കീരണ്ടുനാവാലൊരുമയൊട്ടുസമം
സദ്ദൃനോദ്യേണ്ടരിന്നാ
മെയ്യിന്നിന്നാൻ മൃന്നാവന്ദ്യാ കരുണയൊട്ടുമുദാ
പ്പാല്യനാകുന്ന നേരം ।
രിന്നും വാഴ്ക്കടപ്പുറ്റൊഴുമധരവുമായ്
മൃഗവീത്രീട്ടുമൂട്ടം
വണ്ണാം തപ്പം മഹൻമൂസ്സിനൊടരുതരുതെ
നോത്തുമമ്മേ! തൊഴുന്നേൻ ॥

## കോങ്കണ ബ്രാഹ്മണർ.

—:0:—

"കൊങ്ങിണികളുടെ ഒരു പൂൎവ്വചരിത്രം താങ്കൾ എഴുതിക്കണ്ടാൽകൊള്ളാം" എന്ന രസികരഞ്ജിനിയുടെ ഉടമസ്ഥനും പ്രസാധകനും താൽപൎയ്യപ്പെട്ടതുകൊണ്ട ഈ ലേഖനത്തിന്ന സംഗതിവന്നു. ജാതിസംബന്ധമായ ചരിത്രവിഷയങ്ങളിൽ ശ്രദ്ധാലുവായ ഞാൻ സ്വജനങ്ങളെക്കുറിച്ചുള്ള ഒരു സംക്ഷിപ്തചരിത്രം എഴു

യോകാലം മുമ്പുതന്നെ പ്രസിദ്ധപ്പെടുത്തേണ്ടിയത്. എൻെറ ക
ൎത്തവ്യകൎമ്മങ്ങളിൽ പ്രഥമഗണനീയമായിരുന്നു. കേരളത്തിലെജാ
തിഭേദങ്ങളേയും അവരുടെ ആചാരങ്ങളേയുംകുറിച്ചുള്ള അന്വേ
ഷണം സാധാരണമായി കേരളീയന്മാൎക്ക് അശേഷം ഇല്ലെന്നു ഞാ
ൻ പ്രത്യക്ഷാനുഭവംകൊണ്ട അറിഞ്ഞിരിക്കുന്നു. അന്യദേശക്കാരാ
യ കൊങ്കണബ്രാഹ്മണരേക്കുറിച്ച വല്ലതും അറിയണം എന്ന താ
ൽപൎയ്യം ഉണ്ടാകുന്നത് ഈ അവസ്ഥയിൽ അസംഭാവ്യമെന്നു
പറയേണമെന്നുതന്നെ ഇല്ലല്ലോ. വൎത്തമാനപത്രങ്ങളിലോ മാ
സികപുസ്തകങ്ങളിലോ കൊങ്കണബ്രാഹ്മണരേക്കുറിച്ച ഞാൻ
എഴുതുന്നപക്ഷം ആയതു വായനക്കാൎക്ക രസിക്കുമോ എന്ന ശങ്ക
കൊണ്ടും ചരിത്രകൎത്താവിൻെറ നിലയിൽപ്പോലും നിഷ്പക്ഷമായി
സ്വജനങ്ങളുടെ ഗുണങ്ങളെ വിവരിക്കുന്നതായാൽ സ്വജനപ്രശം
സാദോഷത്തിന്നും ദോഷങ്ങൾ പ്രകടിക്കുന്നതായാൽ കുലപാംസ
നദോഷത്തിന്നും ഞാൻ പാത്രീഭവിക്കുമോ എന്ന ഭയംകൊണ്ടും
ഇതുവരെ ഞാൻ ഉദാസീനനായി ഈ വിഷയത്തിൽ ഉദ്യമിച്ചു
തേയില്ല.

സ്വജനങ്ങൾ ഭയദ്രുതന്മാരായി, അഗതികളായി, അനാഥ
ന്മാരായി കൊച്ചിയിൽ വന്നു ചെറുമ്പടപ്പസ്വരൂപത്തെ ശരണം
പ്രാപിച്ചപ്പോൾ പോൎത്തുഗീസ്സുകാരുടെ ശൌൎയ്യപരാക്രമങ്ങളേ
യും യുദ്ധസാമഗ്രികളേയും ധനസമ്പത്തിനേയും ഗണ്യമാക്കാതെ
ശരണാഗതവാത്സല്യത്തിൻെറ ഉദ്രേകത്താൽ ഉൽഭൃതനായി അഭ
യംനൽകിസംരക്ഷിച്ചുപോരുന്ന ആ പരമോദാരരാജവംശത്തിലെ
ഒരു കുമാരൻ "എഴുതാതെ ഞങ്ങൾ സമ്മതിക്കയില്ല" എന്നസ്നേ
ഹം നിബന്ധിക്കുമ്പോൾ ആ രാജാജ്ഞയെ ബഹുമാനപുരസ്സരം
അനുസരിച്ചുനടക്കേണ്ടത് എൻെറ ധൎമ്മമാണല്ലോ. ഇതിനെ അ
നുവൎത്തിക്കാതിരുന്നാൽ എന്നിൽ ആരോപിക്കാൻ പാടുള്ള കൃത
ഘ്നതാദോഷം നിവാരണംചെയ്വാൻ ഇതൊരു മാൎഗ്ഗവും ആകുന്നു
വല്ലോ.

ശാസ്ത്രരീത്യാ എല്ലാജാതികളുടേയും ചാരിത്രാദിചരിത്രവിഷ
യങ്ങൾ എല്ലാം സംഗ്രഹിച്ച് ഒരു ഗ്രന്ഥം രചിപ്പാനായിട്ടു തിരു

വിതാംകൂർസംസ്ഥാനത്തിൽനിന്ന “എത്നോഗ്രാഫിക്സർവ്വേ” എന്നൊരു പരിശോധകസമാജം ഏർപ്പെടുത്തീട്ടുണ്ട. മേപ്പടി സംസ്ഥാനത്തിൽ നിവസിച്ചുവരുന്ന കൊങ്കണബ്രാഹ്മണരിലെ പ്രമുഖന്മാർക്ക സ്വജനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾശേഖരിപ്പാനായിട്ട് അച്ചടിച്ചചോദ്യപ്പട്ടികഓരോന്ന് അയച്ചുകൊടുത്തിട്ടുണ്ട. ഈ ചോദ്യങ്ങൾക്ക യഥാൎത്ഥമായും ന്യായമായും ഉള്ള ഉത്തരങ്ങൾ എഴുതുന്നതു പ്രയാസമേറിയ പണിയാകകൊണ്ട് അത് എല്ലാവൎക്കും സാദ്ധ്യമെന്നുതോന്നുന്നില്ല. മേപ്പടി ചോദ്യങ്ങൾക്ക് ഉത്തരം അയക്കാത്തവർ ഈ ഉപന്യാസം അവലംബിച്ച് ഉത്തരം അയക്കാമല്ലോ. അയച്ചവർ തങ്ങളുടെ ഉത്തരത്തിന്ന ശേഷപൂരണമായോ ഖണ്ഡനമായോ മണ്ഡനമായോ യുക്തംപോലെ മാററി രണ്ടാമതും ഒന്ന് അയക്കുന്നതു നന്നായിരിക്കും. അവധികഴിഞ്ഞുപോയതുകൊണ്ട സ്വജനങ്ങൾ മറുപടി അയച്ചുകഴിഞ്ഞുവെങ്കിൽ തിരുവിതാംകൂർസംസ്ഥാനത്തിലെ അധികാരികൾ തങ്ങൾക്ക കിട്ടിയ ലേഖനങ്ങളിന്മേൽ അഭിപ്രായം സ്ഥാപിക്കുന്നതിന്നുമുമ്പായിട്ട് എന്റെ ഈ പരിശ്രമങ്ങളേയുംകൂടി ഒന്നു കടാക്ഷിച്ചിട്ടേ തീൎപ്പുകല്പിക്കാവു എന്ന എന്റെ അപേക്ഷക്ക് അവകാശം കിട്ടിയതുകൊണ്ടും ഞാൻ വളരെ കൃതജ്ഞനായിരിക്കുന്നു.

സ്വസ്വജനങ്ങളിൽ അഭിമാനം എല്ലാവൎക്കും സഹജമായിട്ടുള്ളതാകകൊണ്ട കോങ്കണബ്രാഹ്മണരുടെ പൂൎവ്വചരിത്രം എഴുതുന്നത് എനിക്കുഎത്ര ഹൃദ്യമായിട്ടുള്ളതെന്ന വാസ്തവം ഞാൻ പറഞ്ഞറിയിക്കുന്നതിനേക്കാൾ ഊഹിച്ചറിയുന്നതു നന്ന. എന്നാൽ ഈ സ്നേഹാനുബന്ധം നിഷ്പക്ഷമായും നിൎവ്യാജമായും എഴുതുന്നതിന്ന് ഒരു വിഘ്നമായി ഭവിക്കാൻ വളരെ വഴിയുണ്ടെങ്കിലും ഞാൻ ഒരു ചരിത്രകാരന്റെ നിലയിൽ യഥാൎത്ഥമായ സംഗതികളെ മാത്രമേ ഇവിടെ കാണിക്കുന്നുള്ളൂ. വാദഗ്രസ്തങ്ങളായ സംഗതികളിൽ അഭിപ്രായഭേദങ്ങളെ വിശദമായി പറഞ്ഞ സ്വാഭിപ്രായം അറിയിച്ച സിദ്ധാന്തപക്ഷം മഹാജനങ്ങൾ നിൎണ്ണയിക്കട്ടെ എന്ന സംകല്പത്തോടുകൂടി ആ ഭാരം സജ്ജനങ്ങളിൽ സമൎപ്പിക്കുന്നു.

പശ്ചിമതീരത്തു നിവസിച്ചുവരുന്ന എല്ലാ ബ്രാഹ്മണരുടെയും ഒരു പൂൎവ്വചരിത്രം എഴുതുന്നതിന്നു ഞാൻ ബഹുകാലമായി ശ്രമിച്ചുവരുന്നു. എന്നാൽ കുറേക്കാലമായി രോഗോപദ്രവത്താൽ ശരീരശക്തി ക്ഷയിച്ചുപോയതുകൊണ്ടു പത്രവ്യവഹാരങ്ങളിലും മറ്റും ഏൎപ്പെടാൻ സാധിക്കാതെ വന്നിരിക്കുന്നു. അതുകൊണ്ട് ഈ മനോരഥം വിഫലമാവാനാണു വളരെ എളുപ്പം", എന്നുഭാവിച്ചു സ്വജനങ്ങളുടെ ചരിത്രമെങ്കിലും ഈ അവസരത്തിൽ പ്രസിദ്ധപ്പെടുത്താതിരുന്നാൽ എന്റെ പരിശ്രമങ്ങൾ എല്ലാം നഷ്ടമാകുമെന്നുവെച്ച് ഇതിന്നു ഞാൻ തുനിഞ്ഞിരിക്കുന്നു. നമ്പൂരിമാർ കേരളത്തിൽ ഏതുകാലത്തുവന്നു എന്ന കാലനിൎണ്ണയം ഞാൻ ചെയ്തിട്ടുണ്ട. അത് അധികം താമസിക്കാതെ "മലബാർ ക്വാർടർലി റിവ്യൂ" എന്ന ത്രൈമാസിക പുസ്തകത്തിൽ ഇംഗ്ലീഷിലും തൎജ്ജമ ഒരു മലയാള മാസികയിലും ഉടനെ പ്രസിദ്ധപ്പെടുത്തും. മറ്റു ബ്രാഹ്മണരുടെയും ചരിത്രങ്ങൾ യുക്തിയുക്തമായും സപ്രമാണമായും ഞാൻ ഉപപാദിക്കേണമെന്നു ഈശ്വര സങ്കല്പിതമാകുന്നുഎങ്കിൽ അതും ജഗദീശ്വരൻ സാധിപ്പിച്ചുകൊള്ളട്ടെ. കേരളത്തിൽ ബഹുകാലമായി നിവസിച്ചുവരുന്ന കൊങ്കണ ബ്രാഹ്മണന്മാർ ദാരിദ്ര്യോപഹതന്മാരായി കഷ്ടനഷ്ടങ്ങളെ അനുഭവിച്ചു വളരെ ദയനീയമായ അവസ്ഥയിലാകുന്നു ഇരിക്കുന്നത. നമ്പൂരിമാരും ഇവരും മാത്രം ഉത്തര ഹിന്ദുസ്ഥാനത്തിൽ നിന്നു ശ്രീപരശുരാമന്റെ ആജ്ഞപ്രകാരം പശ്ചിമതീരത്തു വന്നവർ എന്നും പശ്ചിമതീരത്തിലെ മറ്റു ബ്രാഹ്മണരെ ശ്രീപരശുരാമൻ നിൎമ്മിച്ചു എന്നും പറയുന്ന പുരാണ കഥകൾ വിശ്വാസയോഗ്യങ്ങളാകുന്നു എങ്കിൽ കേരളീയർ ഇവരെയും കേരളത്തിലെ ഒരു അംഗമായി സസ്നേഹാനുരാഗം വിചാരിച്ചുകൊള്ളേണമെന്ന അപേക്ഷയോടെ ഈ പൂൎവ്വപീഠിക ഇവിടെ മതിയാക്കുന്നു.

## 1. കോങ്കണബ്രാഹ്മണരുടെ പേരുകൾ.

സിന്ധുനദീതീരത്തുള്ള കറാച്ചിമുതൽ തിരുവിതാങ്കൂറു സംസ്ഥാനത്തിലെ വൎക്കലവരെയും ഉള്ള പശ്ചിമതീരത്തും ഉൾനാട്ടിൽ ഇന്ദൂർ, മാലവ, ഗ്വാലിയോർ, നാസിക, പൂണാ, സോളാപൂ

ർ, സത്താരാ, ബേൽഗാം, ധാർവാഡ്, സാവന്തവാഡി, കോല്ഹാപൂർ, നഗർ (ബെഡ്നൂർ), സീതപ്പള്ളി, കടക, മൈസൂർ, എന്നീ രാജ്യങ്ങളിലും നിവസിച്ചുവരുന്ന കൊങ്കണ ബ്രാഹ്മണർക്കു ദേശഭേദാനുസാരമായി നാമഭേദങ്ങളും ഉണ്ടു.

ഉത്തര ഹിന്ദുസ്ഥാനത്തിലും ബോമ്പായി സംസ്ഥാനത്തിൻെറ വടക്കും കിഴക്കും ഉള്ള ജില്ലകളിലും ബോമ്പായി നഗരിയുടെ തെക്കു സദാശിവഘർ എന്ന പട്ടണം വരെയുള്ള പശ്ചിമതീരത്തും ഇവരുടെ സാധാരണമായ പേർ "ശേണവഇൗ ബ്രാഹ്മണ" അല്ലെങ്കിൽ "ശേണവി ബ്രാഹ്മണ," "ശെണപിബ്രാഹ്മണ," എന്നാകുന്നു. കേവലം "ശേണവഇൗ," "ശേണവി," "ശേണപി," "ശേണപിലോക്" എന്നും പറയും. അതാതു ദേശത്തിലെ ഉച്ചാരണാനുരൂപമായി ഇവിടെ പേരുകൾ എഴുതിയിരിക്കുന്നു. അവയെ കേരളീകരിച്ചിട്ടില്ല. സദാശിവഘരിനു തെക്കു "കോങ്കണ ബ്രാഹ്മണ" എന്നു പേർവിളിക്കും. കന്നടഭാഷ നടപ്പുള്ള പ്രദേശങ്ങളിൽ ഇവരുടെ ജാതിനാമം "കോങ്കണബ്രാഹ്മണരു," "കോങ്കണസ്ഥ ബ്രാഹ്മണരു," "കോങ്കണിബ്രാഹ്മണരു," "കോങ്കണിഗരു," എന്നാകുന്നു. തുളുഭാഷ സംസാരിക്കുന്നവർ ഇവരെ "കോങ്കണബിരാണെരു," അല്ലെങ്കിൽ "കോങ്കണേരു," "കോങ്ങ്ണേരു" എന്നും പറയും. മലയാളത്തിൽ "കോങ്കണബ്രാഹ്മണർ," "കോങ്കിണിബ്രാഹ്മണർ," "കൊങ്ങിണിബ്രാഹ്മണർ" എന്നും നിരുപപദമായി 'കൊങ്ങിണികൾ' എന്നും പേർ വിളിക്കും.

ബോമ്പായി നഗരത്തിലും ഗോവായിലും ഇവരെ സാധാരണമായി "ബാഹ്മണ" "ബാമ്മണ" എന്നു പറയും. "ബാംഹണ" എന്നതു ബ്രാഹ്മണശബ്ദത്തിൻെറ പ്രാകൃതരൂപമാകുന്നു. ചണ്ഡൻ ഉണ്ടാക്കിയ പ്രാകൃതലക്ഷണം എന്ന വ്യാകരണത്തിൽ ബംഭണോ (i. 15) (ii. 15) എന്നതു ബ്രാഹ്മണ പദത്തിൻെറ പ്രാകൃതമെന്നു കാണിച്ചിരിക്കുന്നു. വരരുചിയുടെ പ്രാകൃത പ്രകാശവൃത്തിയിൽ (iii. 8) ബ്രാഹ്മണപദത്തിൻെറ പ്രാകൃതരൂപം 'ബമ്ഹണ' എന്നു പറഞ്ഞിരിക്കുന്നു. വിക്രമോർവ്വശീയം രണ്ടാമങ്കത്തിൽ വിദൂഷകൻ പറയുന്ന "ഭോദി രണ്ണോ പിയവയസ്സോ ബമ്ഹ

ണോ കിംണ വദിരെദി" എന്നതിൽ നിന്നും ബമ്ഹണോ എന്ന ഏകവചനം ഉണ്ടായിരുന്നു എന്നും കാണും. പ്രാകൃതത്തിൽ ഹ്രസ്വദീർഘങ്ങൾക്കു പദഭേദങ്ങളിലും വ്യത്യാസം വരും. അതുകൊണ്ട ബമ്ഹണ എന്നതു തന്നെ ബാമ്ഹണ എന്ന പരിണമിച്ചു എന്നാം സിദ്ധിച്ചു. കോങ്കണഭാഷയെക്കുറിച്ചുള്ള പ്രകരണത്തിൽ ഈ വിഷയം നല്ലവണ്ണം ഉപപാദിക്കും. സർവില്യംഹണ്ടർ എന്ന മഹാൻ ഉണ്ടാക്കിയ "ഗെസെററിയർ ഓഫ് ഇൻഡ്യ" എന്ന പുസ്തകത്തിൽ ത്രിഹോത്രപുരത്തിൽ ക്ഷാത്രിയവൃത്തി ചെയ്തുവരുന്ന ബ്രാഹ്മണർ ബാദൺ എന്നു പേരുണ്ടെന്നു പറഞ്ഞിരിക്കുന്നു. ഇതു ചണ്ഡന്റെ പ്രാകൃതലക്ഷണത്തിൽ പറഞ്ഞ ബാദണ എന്ന പദത്തിൽനിന്നുണ്ടായി എന്നും നിർണ്ണയിക്കാം. കോങ്കണ ഭാഷയിൽ ബ്രാഹ്മണസ്ത്രീകൾ ഭർത്താവിനെ "ബോമ്മുണ" (ബഹുവചനത്തിൽ "ബാമ്മുണ") എന്നു പറയും. കോങ്കണ ഭാഷ സംസാരിക്കുന്ന ഇതര ജാതിക്കാരിൽ സ്ത്രീകൾ ഭർത്താവിനെ ഗോവ്വ (ഘോവ്വ) എന്നാകുന്നു വിളിക്കാറ്. ഗോവ്വ എന്നതു പ്രാകൃതഭാഷയിലെ പുരുഷൻ എന്ന അർത്ഥമുള്ള ഗോഹോ എന്ന ശബ്ദത്തിൽ നിന്നുണ്ടായതാകുന്നു.

ഇവർ തങ്ങളെക്കുറിച്ചുതന്നെ പറയുമ്പോൾ വടക്കൻ ദിക്കുകളിൽ "ഗൌഡസാരസ്വത ശേണവി ഈ കോങ്കണ ബ്രാഹ്മണ" അല്ലെങ്കിൽ "ഗൌഡസാരസ്വത ഉദാമാശേണവി ഈ ബ്രാഹ്മണ" എന്നും പറയും. ഇവർക്ക് "സാസഷ്ടികാർ" "സാഷ്ടികാർ" എന്നും പേരുണ്ട. ചുരുക്കത്തിന്നു വേണ്ടി "സാരസ്വതബ്രാഹ്മണ" എന്നും പറയും. ബോമ്പായിക്കു തെക്കുള്ളവർ "ഗൌഡസാരസ്വത കൊങ്കണ ബ്രാഹ്മണ" എന്നും "ഗൌഡസാരസ്വത കോങ്കണസ്ഥബ്രാഹ്മണ" എന്നും പേരുണ്ട. എന്നാൽ "കൊങ്കണസ്ഥ ബ്രാഹ്മണ" എന്ന പദം ബോമ്പായി സംസ്ഥാനത്തിൽ മുഖ്യമായി ചിത്പാവന ബ്രാഹ്മണരുടെ പേരായി ഉപയോഗിച്ചുവരുന്നതുകൊണ്ട "ഗൌഡസാരസ്വത കോങ്കണബ്രാഹ്മണ" എന്നു പറയുന്നതാകുന്നു ന്യായം. മഹാരാഷ്ട്രരാജ്യാധിപത്യം വഹിച്ചിരുന്ന പേശ്വമാർ എല്ലാവരും ചിത്പാവനന്മാർ ആയിരുന്നു.

ചിത്തപാവനർ ഗൌഡരും സാരസ്വതരും അല്ല. ഇവർ പഞ്ചദ്രാവിഡന്മാരിൽ ചേൎന്നവർ എന്നാകുന്നു ഇപ്പോൾ പറഞ്ഞുവരുന്നത. ഇവൎക്കും കോങ്കണ ബ്രാഹ്മണൎക്കും തമ്മിൽ യാതൊരു വിഷയത്തിലും ഒരു സംബന്ധവുമില്ല. ഇവർ ഒരുവിധം മഹാരാഷ്ട്രഭാഷയാകുന്നു സംസാരിക്കുന്നത. ഈ തെക്കൻ കന്നടജില്ലയിൽനിന്നു പലചിത്തപാവനർ കേരളത്തിൽവന്നു ക്ഷേത്രങ്ങളിൽ ശാന്തി കഴിച്ചു വരുന്നുണ്ട. കേരളത്തിൽ വ്യക്തിഭേദം ചെയ്വാൻ ജനങ്ങൾ ഇച്ഛിക്കാത്തതു കൊണ്ട ഇവരെയും തുളുഎമ്പ്രാൻ, വടക്കൻ എമ്പ്രാന്തിരി എന്നു പറയും. വടക്കൻ എമ്പ്രാന്തിരി എന്ന പദം ഹവിഗർ, ശിവള്ളിയർ, കാരഹാഡർ, പദ്യർ, ചിത്തപാവനർ എന്നവ്യക്തികൾക്കു സാമാന്യമായ ഒരു സംജ്ഞയായി കേരളത്തിൽ ഉപയോഗിച്ചു വരുന്നു.

കന്നടജില്ലയിലും മററും "സാരസ്വതബ്രാഹ്മണർ" എന്ന ഒരുകൂട്ടർ ഉണ്ട. ഇവൎക്കും കൊങ്കണ ബ്രാഹ്മണൎക്കും ഭാഷ, ആചാരം, ആഭരണം, വസ്ത്രാലംകാരം മുതലായ വിഷയങ്ങളിൽ സാമ്യം ഉണ്ടെങ്കിലും പന്തിഭോജനവും അന്യോന്യവിവാഹവും ഇല്ല. ഇവരിൽനിന്നു വേർതിരിക്കാനായിട്ടാകുന്നു 'ഗൌഡസാരസ്വതബ്രാഹ്മണർ' എന്നു പറയേണ്ടിവന്നിരിക്കുന്നത. കൊങ്കണബ്രാഹ്മണർ അന്യോന്യം പറയുമ്പോൾ കൊങ്കൊണോ, അല്ലെങ്കിൽ കൊങ്കണോ എന്നസ്വഭാഷയിൽ പറയും ഗൂഢഭാഷയിൽ സ്വകാൎയ്യമായി പറയുമ്പോൾ തങ്ങളെക്കുറിച്ചു "ഭോക്കോ" എന്നും മററു ബ്രാഹ്മണരേ "ബ്രാഹ്മണചോ" എന്നും 'തിപ്പ്ടോ,' 'സുത്താളോ' എന്നും 'ആംസോ' എന്നും പറയും.

## 2. പേരുകളുടെ ഉൽപ്പത്തിയും അൎത്ഥവും.

1. കൊങ്കൊണോ, കൊങ്ക്ണോ, കൊങ്കണ, കൊങ്കണി, കൊങ്ങിണി, എന്നിങ്ങിനെയുള്ള ശബ്ദങ്ങൾ സംസ്കൃതത്തിലെ കോങ്കണശബ്ദത്തിന്റെ രൂപവികാരങ്ങൾ ആകുന്നു- ഈപദങ്ങൾ ഇവർ ആദ്യം കൊങ്കണദേശത്തിൽ ആയിരുന്നു എന്നതിനെ പ്രതിപാദിക്കുന്നു. ഈ ശബ്ദപ്രയോഗത്താൽ അനുമിക്കാവുന്ന സംബന്ധം ദൃഢീകരിപ്പാനായിട്ട് ഇവരുടെഭാഷ, ആചാരങ്ങൾ,

കുലദേവതകൾ; ഐതിഹ്യങ്ങൾ, ചരിത്രം, ഇത്യാദി മററു പ്രമാണങ്ങളും ഉണ്ടു. കൊങ്കണഭാഷ സംസാരിക്കുന്ന കൂട്ടരിൽ ഹിന്തുക്കൾ, ക്രിസ്ത്യാനികൾ, മഹമ്മദീയർ എന്ന മൂന്നുമതക്കാർ ഉണ്ടു. ഹിന്തുക്കളിൽ ബ്രാഹ്മണർ, വൈശ്യർ, ശൂദ്രർ എന്നമൂന്നു പ്രധാന വൎണ്ണങ്ങളിൽ തന്നെ പല അവാന്തര വിഭാഗങ്ങൾ ഉണ്ടു. ഈവിഭാഗങ്ങൾക്കു തമ്മിൽ സംബന്ധവും സമ്മേളനവും ഇല്ല. അതുകൊണ്ടു 1901-ാം വൎഷത്തിലെ മദ്രാസ്സ സംസ്ഥാനത്തിലെ സെൻസസ് റിപ്പോൎട്ടിൽ കൊങ്കണി (Konkani) എന്ന പദത്തിനു കൊങ്കണഭാഷ സംസാരിക്കുന്നവര് എന്നുമാത്രം അൎത്ഥം പറഞ്ഞിരിക്കുന്നു. ബ്രാഹ്മണപദം കൂടാതെ വെറും 'കൊങ്ങിണി' എന്നു വിളിക്കുന്നതുകൊണ്ടു സ്വജനങ്ങൾക്കു ദുസ്സഹമായ കുണ്ഠിതമില്ല. സാരഗ്രാഹികളും വിവേകികളും ആയ കേരളീയർ വ്യക്തിഭേദം ചെയ്യാതെ ബ്രാഹ്മണരേയും വൈശ്യരേയും ശൂദ്രരേയും കൊങ്ങിണി എന്നു വിളിക്കുന്നതുകൊണ്ടു കൊങ്കണബ്രാഹ്മണൎക്കു മനസ്താപം ഉണ്ടാകുന്നതു സഹജമാകുന്നു. അതുകൊണ്ടു കൊങ്കണി ശബ്ദം കൊങ്കണബ്രാഹ്മണരേ മാത്രം സംബന്ധിച്ചു ഉപയോഗിക്കുന്നതും ഇതരന്മാരെ ജാതിപ്പേരുകളെക്കൊണ്ടു വിളിക്കുന്നതും ഉചിതമാകുന്നു. മലയാളഭാഷ സംസാരിക്കുന്നതുകൊണ്ടു ഒരു നമ്പൂരിയെ മലയാളിയെന്നും തമിഴ്ഭാഷ സംസാരിക്കുന്നതുകൊണ്ടു ഒരു പട്ടരെ തമിഴൻ എന്നും എങ്ങനെ വിളിച്ചുകൂടയോ അതുപോലെതന്നെ തങ്ങളെയും 'കൊങ്ങിണി' എന്നു വിളിപ്പാൻ പാടില്ലെന്ന വിചാരമാകുന്നു ഇവരിൽ ചിലരുടെ സന്താപത്തിന്റെ കാരണം. എന്നാൽ അന്യോന്യവ്യവഹാരത്തിൽ തങ്ങളെക്കുറിച്ചു ഇവർ തന്നെ സ്വഭാഷയിൽ 'കൊങ്ക്ണോ' എന്നു പറയുന്നതു പതിവാകയാൽ കൊങ്ങിണി പദം ഹേതുവായിട്ടല്ല വ്യസനത്തിന്റെ ഉത്ഭവം. കേവലം ത്രൈവൎണ്ണികന്മാരെയും ക്രിസ്ത്യാനികളെയും കൂടി കുറിപ്പാനായി കൊങ്ങിണിപദം ഉപയോഗിച്ചു, കൊങ്കണ ഭാഷ സംസാരിക്കുന്ന എല്ലാവരും ഒരു വൎഗ്ഗത്തിൽ ഉൾപ്പെട്ടവർ എന്നു വിചാരിച്ചു, കേരളീയർ അതുപ്രകാരം നടക്കുന്നതാകുന്നു പരമസങ്കടത്തിന്റെ കാരണം. ഭാഷാപ്രയോഗത്താ

ൽ രൂഢിയായി കൊങ്കണപദം ഉപയോഗിക്കുന്ന കേരളീയൎക്കു നിരുപദ്രവികളായ കൊങ്കണബ്രാഹ്മണരെ നിന്ദിച്ച് അപഹസിക്കേണം എന്ന വിചാരം സ്വപ്നത്തിൽപോലും ഇല്ലെന്ന വാസ്തവം എനിക്കു നല്ലവണ്ണം നിശ്ചയമുണ്ടു. തുളു എമ്പ്രാന്തിരി എന്ന പദം ഏതെല്ലാം ജാതിക്കാരെക്കുറിക്കുന്നതിന്ന് ഉപയോഗിക്കുന്നു എന്നതു കേരളീയന്മാരിൽ അല്പം ചിലൎക്കുപോലും അറിയാമോ എന്നതു സന്ദിഗ്ദ്ധമാണു. ഹിന്ദുസ്ഥാനി, ഗുജരാത്തി, കച്ചി മുതലായ ഭാഷകൾ സംസാരിക്കുന്ന ഹിന്ദുക്കളെയും മുസൽമാന്മാരെയും "ശേട്ടു" എന്നു വിളിക്കുന്നതിന്നു മലയാളികൾക്കു സന്തോഷംതന്നെ. ഭേദാഭേദങ്ങൾ അറിയേണമെന്ന താല്പൎയ്യം കേരളീയൎക്കു വളരെ കുറവാകയാൽ പരദേശികളുടെ ഇടയിലുള്ള വ്യക്തിഭേദങ്ങൾ ഇവർ ഗണ്യമാക്കുന്നില്ല. പരദേശികളും കേരളീയന്മാരും കൂടിക്കുഴിയുന്നതിന്ന് അധികം സംഗതികൾ ഇല്ലാത്തതുകൊണ്ടും ഈ വക അറിവുകൊണ്ടു തങ്ങൾക്കു പ്രയോജനമില്ലെന്നതുകൊണ്ടും കേരളീയർ അന്യന്മാരുടെ കാൎയ്യങ്ങളിൽ പ്രവേശിക്കാറില്ല.

കോങ്കണശബ്ദത്തിന്റെ ധാത്വൎത്ഥം നിൎണ്ണയിപ്പാൻ ഇപ്പോൾ കേവലം അസാദ്ധ്യംതന്നെ. ധാത്വൎത്ഥത്തെക്കുറിച്ചുള്ള പല അഭിപ്രായങ്ങളെയും സ്വാഭിപ്രായത്തെയും താഴെചേൎത്തുകാണുന്നു. നിശ്ചിതാൎത്ഥം വിദ്വാന്മാർ തീൎച്ചപ്പെടുത്തട്ടെ.

1. കണമെന്നതിന്നു ധാന്യമണിയെന്നാകുന്നു അൎത്ഥം. ഈ ദേശത്തിൽ ധാന്യം ധാരാളമായി കിട്ടുന്നതുകൊണ്ട് അതിനെ 'കുകണം' എന്നു പേർ വിളിച്ചു. കുത്സിതമായ കണങ്ങളോടുകൂടിയ ദേശമാകയാൽ കുകണമെന്ന അന്വൎത്ഥമായ പേർ ഇതിന്നു സിദ്ധിച്ചു. കുകണത്തിന്റെ തദ്ധിതരൂപമായ കൌകണം എന്ന രൂപം മഹാഭാരതത്തിൽ ഭീഷ്മപൎവ്വത്തിൽ ഉണ്ടു. ചില പുസ്തകങ്ങളിൽ കൌങ്കണം എന്നും കാണാം. കൌകണമെന്ന പാഠത്തിൽ അനുസാരം ലിപിയിൽ ചേൎക്കപ്പെട്ടതോ അതോ കൌകണമെന്നരൂപംതന്നെ കൌങ്കണം എന്ന രൂപം ധരിച്ചുവോ എന്നതു നിൎണ്ണയിപ്പാൻ കഴിയുന്നതല്ല. കുകണമെന്നത് അപഭ്രംശത്താൽ കോകണമെന്നും കോങ്കണമെന്നും ആയിത്തീൎന്നു എന്നു ചിലരുടെ

അഭിപ്രായം. കോങ്കണദേശത്തിലേ ഇപ്പോഴത്തെ ചിലസമൃദ്ധി കൊണ്ടു പൂൎവ്വകാലത്തിലേ അവസ്ഥ നിശ്ചയിച്ചുകൂടായ്കയാൽ ഈ അൎത്ഥം നിരാധാരമെന്ന് ഉപേക്ഷിപ്പാൻ പാടുള്ളതല്ല.

2. ശബ്ദമാലാ എന്ന കോശത്തിൽ ശ്രീപരശുരാമന്റെ പൎയ്യായശബ്ദങ്ങളിൽ ഒന്നു 'കോങ്കണാപുത്രൻ' എന്നതാകുന്നു. ഇതിൽനിന്നു കോങ്കണാ എന്നതു ശ്രീപരശുരാമന്റെ അമ്മയായ രേണുകാദേവിയുടെ അഭിധാനാന്തരമായിരുന്നു എന്നതിന്ന് ആക്ഷേപം ഇല്ലല്ലോ. മാതൃപ്രീതിക്കുവേണ്ടി സൃഷ്ടിച്ച ദേശമാകയാൽ മാതൃസ്മാരകമായി അതിനെ കോങ്കണദേശം എന്നു പേർവിളിച്ചു. ശബ്ദകല്പദ്രുമത്തിൽ കോങ്കണാശബ്ദത്തിന്നു കോങ്കണദേശത്തിൽ ഭവിച്ചവൾ എന്ന് അൎത്ഥം പറഞ്ഞിരിക്കയാൽ ദേശനാമത്തിൽനിന്നു പരശുരാമന്റെ അംബയുടെ പേരുണ്ടായി എന്നും അംബയുടെ പേരിൽനിന്നു ദേശപ്പേരുണ്ടായി എന്നും പറയുന്നതുകൊണ്ട് അന്യോന്യാശ്രയദോഷത്താൽശബ്ദജ്ഞാനത്തിന്ന് ഉതകാതെ വ്യൎത്ഥമായിത്തീരുന്നു. ഡിത്ഥാദിസംജ്ഞാശബ്ദങ്ങളെപ്പോലെ കോങ്കണാശബ്ദവും നിരൎത്ഥകമായ സംജ്ഞാനാമം എന്നു വാദിക്കുന്നതും സമാധാനമാകയില്ല. ദേശനാമങ്ങൾക്ക് എല്ലാം അൎത്ഥം ഉണ്ടു. അതുകൊണ്ടു കോങ്കണാശബ്ദം യദൃഛാശബ്ദം അല്ല.

3. "കോമിതി കണന്ത്യത്രതസ്മാൽകോങ്കണാഃ". ഈ ദേശത്തിലുള്ളവർ ആലസ്യത്താൽ വായ്പിളൎന്നു കണ്ണുചിമ്മി 'കോം' എന്നുശബ്ദിച്ച് ആവിയിടുന്നതുകൊണ്ടു * ഈ ദേശത്തിന്നു കോങ്കണം എന്നു പറയുന്നു എന്ന അഭിപ്രായം വളരെ വൈദഗ്ദ്ധ്യം കാണിക്കുന്നു എങ്കിലും യാഥാൎത്ഥ്യം പറയുന്നില്ല. ഇതു കേവലം പരിഹാസവിജൃംഭിതമാകുന്നു. കോങ്കണദേശത്തിലെ നാനാവൎണ്ണങ്ങളും പ്രായേണ കായക്ലേശം ചെയ്തു കഷ്ടപ്പെട്ട് ഉപജീവിക്കുന്നവർ ആകയാൽ അനുപമമായ ആലസ്യത്താൽ ഇവരുടെ ദേശത്തിന്നു കോങ്കണദേശം എന്നു പേരുണ്ടായി എന്നതു അയുക്തികമല്ലെന്നു സൎവ്വരും സമ്മതിക്കും. അന്യന്മാർ അപഹാസ്യമായി കല്പിച്ച നാമധേയത്തെ കോങ്കണദേശീയർ അംഗീകരിക്കുന്നതും അസംഭാവ്യംതന്നെ.

എം. ശേഷഗിരിപ്രഭു. എം. ഏ.

---

* കോട്ടായണകൾ, കോട്ടാവിജനകൾ എന്നും പാഠാന്തരങ്ങൾ ഉണ്ടു.

# ഉച്ചാരണം.

———:o:———

എല്ലാ ഭാഷകളിലും ശബ്ദങ്ങളെ വ്യക്തമായി ഉച്ചരിക്കേണ്ടത് അത്യാവശ്യമാകുന്നു. അസ്പഷ്ടമായി ഉച്ചരിക്കപ്പെടുന്ന ശബ്ദം ഒരു മങ്ങിയ ദീപമെന്നപോലെ പദാർത്ഥങ്ങളെ വേണ്ടുംവണ്ണം പ്രകാശിപ്പിക്കയില്ല. ഓരോ ഭാഷയ്ക്കും ഉച്ചാരണവിഷയത്തിൽ ഓരോവിധം വൈലക്ഷണ്യമുണ്ട്. എന്നാൽ ഭാഷകളുടെ ബാല്യകാലത്താണ് വൈലക്ഷണ്യങ്ങൾക്കെല്ലാം പ്രാബല്യം. മനുഷ്യന്റെ ശരീരാവയവങ്ങൾക്കെന്നപോലെ ഭാഷയുടെ ഉച്ചാരണങ്ങൾക്കും ഒരുതാവും ചന്തവും വൃത്തിയും വെടിപ്പും, തികവും വടിവും എല്ലാം ജനിക്കുന്നത് താരുണ്യാരംഭത്തിലേ ഉള്ളൂ. സംസാരിക്കുന്ന ജനങ്ങളുടെ മുഖങ്ങളിൽ ശപാസത്രപേണ നിൽക്കുന്നതിനുപുറമേ ശബ്ദങ്ങളെ വരകളെക്കൊണ്ടു കുറിച്ച ലിപിത്രപേണ എഴുതിസ്സൂക്ഷിക്കാവുന്നനിലയിൽ വന്നതിനുമേലേ ഒരു ഭാഷ പ്രൌഢസ്ഥിതിയിൽ പ്രവേശിച്ചതായി പറഞ്ഞുകൂടൂ. ഈ അവസ്ഥയ്ക്കുമുമ്പ് ഉച്ചാരണങ്ങളെല്ലാം പ്രതിദിനം പ്രതിഗ്രാമവും ഭേദിച്ചുകൊണ്ടിരിക്കും.

ഉദാഹരണത്തിന് ഏറെദ്ദൂരെ തേടേണ്ടതില്ല. സംസ്കൃതത്തിന്റെ പുരാതനാവസ്ഥയെ നോക്കുക. വൈദികസംസ്കൃതമെന്നും ലൗകികസംസ്കൃതമെന്നുംസംസ്കൃതത്തിനു രണ്ടു വകഭേദമുണ്ട്. വേദങ്ങളിലും ബ്രാഹ്മണങ്ങളിലും കാണുന്ന ഭാഷയാണു വൈദികസംസ്കൃതം; കാളിദാസാദികവികൾ ഉപയോഗിച്ചിരിക്കുന്നതു ലൌകികം. ഓരോ വേദത്തിനുംവിലക്ഷണങ്ങളായ ചില ഉച്ചാരണങ്ങളുണ്ട്:—ഋഗ്വേദത്തിൽ ഡകാരത്തെ ളകാരമായും, ഢകാരത്തെ ള്ഹകാരമായും ഉച്ചരിക്കണം; യജുസ്സിൽ 'കഃ പചതി' എന്നതിനെ 'കഫ് പചതി' എന്നു വിസർഗ്ഗത്തിന് ഇംഗ്ലീഷിലെ F എന്ന അക്ഷരത്തിന്റെ ഉച്ചാരണം വേണം; അതുപോലെ അനുസ്വാരത്തെ 'ഗ്ം' എന്നപോലെ ശബ്ദിക്കണം. 'അഗ്നി' മുതലായ ശബ്ദങ്ങളിൽ ഗകാരത്തിനുമുമ്പ ഒരു വിശേഷപ്പെട്ട ശബ്ദം കേൾപ്പിക്കണം. ഒരുവക വൈല

ക്ഷണ്യങ്ങളെ എല്ലാം നമ്മുടെ പൂർവ്വികന്മാർ വേദത്തിലുള്ള ശ്രദ്ധാധിക്യത്താൽ ക്ലിപ്തപ്പെടുത്തി പരിഷ്കരിച്ച് ഉച്ചാരണശാസ്ത്രങ്ങളെഴുതീട്ടുണ്ട്. ഇവയ്ക്കു പ്രാതിശാഖ്യങ്ങളെന്നു പേർ പറയുന്നു. പ്രതിശാഖം, (=ശാഖതോറും) ഉള്ളത് എന്നു പേരിൻെറ വ്യുൽപത്തി. ഓരോശാഖകളിലും ഉച്ചാരണഭേദങ്ങളുണ്ടായിരുന്നവ നന്നമ്മോടു വിസ്തരിച്ചു പറയുന്നു. ലൌകികസംസ്കൃതത്തിൽ ഈവക അവ്യവസ്ഥകൾ യാതൊന്നുംതന്നേ ഇല്ല.

പ്രൗഢാവസ്ഥയെ പ്രാപിച്ച ഭാഷയെ ഉച്ചരിക്കുന്നതിൽ അക്ഷരവ്യക്തിക്കു പുറമേ ദൃഷ്ടിവെയ്ക്കേണ്ടുന്ന മറ്റൊരിനം ഇംഗ്ലീഷിൽ ആക്സൻറ് (accent) എന്നു പറയുന്ന യത്നഭേദമാകുന്നു. ഒരു പദത്തിൽ അനേകം അക്ഷരമുണ്ടായിരുന്നാൽ എല്ലാത്തിനെയും ഉച്ചരിക്കുന്നത് ഒരേ ബലത്തിലല്ല; പ്രധാനപ്പെട്ട അക്ഷരത്തെ മാത്രം ഒരു തീവ്രമായ യത്നത്തോടു കൂടി ശബ്ദിക്കണം. വിഭക്തികളിലും മററും ഒരേ പ്രകൃതിയിൽ പല പ്രത്യയങ്ങൾ ചേരുകയാണ്. അപ്പോൾ ആ വിഭക്ത്യന്തങ്ങളെ ആ പ്രകൃതിയുടെ രൂപഭേദങ്ങളെന്നു പറയുന്നു. ഇതിൽ പ്രകൃതി ഭേദിക്കാത്തതാകയാൽ പ്രധാനമെന്നും പ്രത്യയങ്ങൾ അപ്രധാനങ്ങൾ എന്നും വരുന്നു. ഈമാതിരി സ്ഥലങ്ങളിൽ പ്രകൃതിയെ അധികബലപ്പെടുത്തിയും ശേഷമക്ഷരങ്ങളെ ബലംകുറച്ചും ഉച്ചരിക്കണം. ഇതാണ് യത്നഭേദം. ഇതു മലയാളത്തിലില്ല. ഇംഗ്ലീഷുമുതലായ യൂറോപ്പിലെ ഭാഷകളിൽ ഇതിനു വളരെ പ്രാധാന്യമുണ്ട്. യത്നം ഒരു സ്വരത്തിൽനിന്നു മററു സ്വരത്തിലേയ്ക്കു മാറുന്നതുകൊണ്ട് ഇംഗ്ലീഷിൽ നാമം ക്രിയയായി മാറുകമാത്രമല്ല, അത്ഥംതന്നെ ചിലപ്പോൾ ഭേദിച്ചുപോകുമെന്നു വായനക്കാരിൽ ആംഗലവിദ്യ അഭ്യസിച്ചവക്ക് അറിയാമല്ലോ. ഈ യത്നഭേദമെന്നത് ഇല്ലെങ്കിലും സംസ്കൃതത്തിൽ ഇതിൻെറ സ്ഥാനത്തു വേറെ ഒരു വിശേഷവിധിയുണ്ട്. സംസ്കൃതപദങ്ങളെ ഉച്ചരിക്കുമ്പോൾ അക്ഷരങ്ങൾക്കെല്ലാം ഒരേ സ്ഥായി പോരാ; പ്രധാനഭാഗത്തെ ഉയന്ന സ്ഥായിയിലും അപ്രധാനഭാഗത്തെ താണ സ്ഥായിയിലും ഉച്ചരിക്കണം. ഒരു ശ്രുതിവെച്ചുംകൊണ്ടു പ്രധാനത്തെ മേൽ സ്വരത്തിലും അപ്രധാനത്തെ

കീഴ്സ്വരത്തിലും ആണുച്ചരിക്കുന്നത്. ഇതിന് ഉദാത്താനുദാത്തസ്വരിതങ്ങൾ എന്നു മൂന്നു മാതിരിയിലുള്ള 'സ്വരം' എന്നു പേർ പറയുന്നു. സ്വരഭേദംകൊണ്ട് അൎത്ഥഭേദവും വരും. ഇപ്പോൾ 'ലോകനാഥൻ' എന്നു പറഞ്ഞാൽ അതു ലോകത്തിന്റെ നാഥൻ എന്നു തൽപുരുഷനും, ലോകം നാഥനായിട്ടുള്ളവൻ എന്നു ബഹുവ്രീഹിയും ആവാം. ഈ മാതിരി സ്ഥലങ്ങളിൽ സമാസഭേദത്തെ കാണിക്കുന്നതു സ്വരഭേദമാകുന്നു. ഈ ഭേദമാലോചിക്കാതെ ഒരാൾ യാഗംചെയ്യുമ്പോൾ 'ഇന്ദ്രശത്രുർവ്വൎദ്ധസ്വ' എന്ന മന്ത്രത്തിലെ 'ഇന്ദ്രശത്രു' എന്ന സമാസത്തിന്റെ സ്വരം പിഴച്ചുച്ചരിക്കയാൽ വിപരീത ഫലം ലഭിച്ചു എന്ന് ഒരു ഉപാഖ്യാനവും പറയാറുണ്ട്. എന്നാൽ പാണിനി ലോകത്തിലും സ്വരം വിധിക്കുന്നുണ്ടെങ്കിലും ലൗകികസംസ്കൃതത്തിൽ സ്വരം ലുപ്തമായിപ്പോയി. ലോപിക്കാനുള്ള കാരണം ശ്രമവൈമുഖ്യവും കവികളുടെ ശ്ലേഷഭ്രമവും ആയിരിക്കാം. ഇവിടെ ദൃഷ്ടാന്തത്തിനു കാണിച്ച 'ലോകനാഥ' ശബ്ദത്തെത്തന്നെ ഒരു കവി ഇപ്രകാരം പ്രയോഗിച്ചിരിക്കുന്നു.

"അഹഞ്ച ത്വഞ്ച രാജേന്ദ്ര ലോകനാഥാവുഭാവപി-
ബഹുവ്രീഹിരഹം രാജൻ ഷഷ്ഠീതൽപുരുഷോ ഭവാൻ".

ആദികാലത്തിൽ ഇംഗ്ലീഷിലേപ്പോലെ യത്നഭേദവും സംസ്കൃതത്തിൽ ഉണ്ടായിരുന്നിരിക്കാം. 'ഭോയച്യുത' എന്നിടത്തെ യകാരത്തെയും മററു ചിലേടത്തെ വകാരത്തെയും ലഘുപ്രയത്നമായുച്ചരിക്കണമെന്നു ശാകടായനൻ അഭിപ്രായപ്പെട്ടിരുന്നുവെന്നു പാണിനി ഒരു സൂത്രം (വ്യോൎല്ലഘുപ്രയത്നതരഃ ശാകടായനസ്യ) വിധിച്ചു കാണുന്നു. മററെങ്ങും ഈ സംഗതിയെ പാണിനി ഗണിച്ചു കാണാത്തതിനാൽ പാണിനിക്കു മുമ്പുതന്നെ യത്നഭേദം എന്നതു സംസ്കൃതത്തിൽ ക്ഷയിച്ചിരിക്കണം.

ഇനി ഒരു ഭാഗം ആലോചിപ്പാനുള്ളത് ഉച്ചാരണസമ്പ്രദായം, ബാണി അല്ലെങ്കിൽ ഈണം ആകുന്നു. ഓരോ ഭാഷക്കാൎക്കും ഉച്ചരിക്കുന്നതിൽ ഓരോ വിശേഷവിധികളുണ്ട്. അതിനാലാണ് ഒരു തമിഴൻ മലയാളം സംസാരിക്കുമ്പോൾ അതിൽ 'തമിഴ്ച്ചൊവ' ഉണ്ടെന്നു നാം പറയുന്നത്. ഇതുപോലെ നാം സംസാരിക്കുന്ന ഇം

ഗ്ലീഷിൽ എന്തോ ഒരു ചൈതന്യക്കുറവുണ്ടെന്ന് ഇംഗ്ലീഷുകാർ പറയും. ഒരക്ഷരം രണ്ടുഭാഷകളിൽ തുല്യമായിരിക്കും. എങ്കിലും അതിനെ ഉച്ചരിക്കുന്നത് അതാതുഭാഷയുടെ സംപ്രദായത്തിനനുരൂപമായ് വേണം. ഖരങ്ങൾ എന്നുപറയുന്ന കചടതപകൾ തമിഴിലും മലയാളത്തിലുമുണ്ട്; എന്നാൽ തമിഴർ അവയെ മലയാളികളെപ്പോലെ പൂൎണ്ണഖരങ്ങളായുച്ചരിക്കാതെ അവയ്ക്കു ഖരങ്ങളുടെയും മൃദുക്കളുടെയും (ഗജഡദബ) മദ്ധ്യേ ഉള്ള ഒരു ശബ്ദം കൊടുക്കുന്നു. അതിനാലാണു തമിഴിലെ 'പങ്കുനി' എന്ന മാസസംജ്ഞയെ ഇംഗ്ലീഷിൽ എഴുതുമ്പോൾ Panguny എന്നു 'ഗു' കാണുന്നത്.

ഒരു ഭാഷയിലുള്ള അക്ഷരമാലയുടെ സ്വഭാവഭേദവും ആ ഭാഷ സംസാരിക്കുന്നവരുടെ ഉച്ചാരണസൗഷ്ഠവത്തിനു നിയാമകമായിത്തീരും. മനുഷ്യന്റെ നാവിൽ നുഴയുന്ന അക്ഷരങ്ങളിൽ മിക്കവയും ഉപയോഗിക്കുന്ന ഒരു ഭാഷയെ സംസാരിക്കുന്നവൎക്ക് ഏതു വിദേശഭാഷയും അഭ്യസിക്കുന്നതിനും ശ്രമം കാണുകയില്ല. ഈ സംഗതിയിൽ മലയാളികൾ ഭാഗ്യവാന്മാരാണ്. ആൎയ്യദ്രാവിഡഭാഷകൾ രണ്ടിലും ഉള്ള അക്ഷരങ്ങൾ മലയാളത്തിൽ ചേൎന്നിട്ടുള്ളതിനാൽ കേരളീയാക്ഷരമാല പരിപൂൎണ്ണപ്രായയാണെന്നു പറയാം. നാം കേട്ടിട്ടുള്ള ഉച്ചാരണങ്ങളിൽ ഒന്നോ രണ്ടോ എണ്ണമേ മലയാളത്തിലില്ലാതെ ഉള്ളൂ. മലയാളികളുടെ ഉച്ചാരണലാഘവം പള്ളിക്കൂടവാദ്ധ്യാന്മാൎക്ക് അനുഭവസിദ്ധവുമാണ്.

ഭാഷകളുടെ വൈലക്ഷണ്യങ്ങൾ അതുകളെ ഉപയോഗിക്കുന്ന ജനസമുദായത്തിന്റെ ഉച്ചാരണശക്തിയെ തന്നെ പ്രായേണ ബാധിക്കുന്നു. ബംഗാളികൾ വകാരമെല്ലാം ബകാരമാക്കും. ഈ സംഗതി ധരിച്ചിരുന്നിട്ടും എനിക്ക് ഒരിക്കൽ ഒരു നാഴികനേരത്തെ മനഃക്ലേശത്തിന് ഇടയായി. ഞാൻ ഒരു സംസ്കൃതകാവ്യം വായിക്കുകയായിരുന്നു. അതിലൊരു ശ്ലോകത്തിൽ 'ബധൂ' എന്നൊരു പദം എത്രവിധമാക്കി ശ്രമിച്ചാലും അന്വയിക്കയില്ലെന്നായി. ഞാൻ ചേരുന്നപടി ചേൎക്കാൻ വേണ്ടി വളരെ സാഹസമൊക്കെച്ചെയ്തുനോക്കി; ഒന്നുകൊണ്ടും ഫലിച്ചില്ല. അപ്പോഴാണ്

ആ പുസ്തകം കൽക്കട്ടാവിൽ അച്ചടിച്ചതാണല്ലോ എന്നുള്ള ഓർമ്മ എന്റെ മനസ്സിലുദിച്ചത്. ഉടനെ എല്ലാ ശരിയാകുകയും ചെയ്തു. ശബ്ദം 'ബദ്ധ്വാ=ബന്ധിച്ചിട്ട്' എന്നല്ല; 'വധ്വാ=വധുവിനാൽ' എന്ന വധൂശബ്ദത്തിന്റെ തൃതീയയാണ്.

തമിഴനായ ഒരു ശിഷ്യനും ഇതുപോലെ ഒരിക്കൽ എന്നെ കുറച്ചുനേരത്തേക്ക ശ്രമപ്പെടുത്തുകയുണ്ടായി. ഇത്തവണ 'മൂഢാ' എന്നുള്ള ശബ്ദമായിരുന്നു ക്ലേശകാരണമായിത്തീർന്നത്. ശിഷ്യൻ അതിനെ വായിച്ചപ്പോഴൊക്കെയും 'മൂദാ' എന്നുതന്നെ വായിച്ചു. ഒടുവിൽ ശിഷ്യന്റെ കൈയിൽനിന്നു പുസ്തകം വാങ്ങി ഞാൻതന്നെ വായിച്ചതിനു മേലേ എനിക്ക വാക്യം അന്വയിച്ചർത്ഥം പറവാൻ കഴിഞ്ഞുള്ളു. മേലാൽ ഈ മാതിരി വ്യർത്ഥാശ്രമത്തിന് ഇടവരാതിരിപ്പാൻ ഞാൻ ഉടൻതന്നെ കരുതൽ ചെയ്തു. 'ശ്രീമാധവം ഭജത ഭോഗരുഢാധിരൂഢം' എന്നൊരു ശ്ലോകപാദം നിർമ്മിച്ച് ഇതും ശരിയായിട്ട് ഉച്ചരിക്കാറായതിനു മേൽ പഠിച്ചാൽ മതി എന്നു ഞാൻ അയാളോടു പറഞ്ഞു. ആ വിദ്വാൻ പിന്നീട് ഈ പതിനാലക്ഷരങ്ങളുടെ ഇടയിൽ എത്ര അബദ്ധങ്ങളുണ്ടാക്കി എന്നു ഞങ്ങൾക്കും ഈശ്വരനും മാത്രമേ അറിയാവൂ. ഈ കഥ ഓർമ്മിക്കുമ്പോൾ കൂടിയും എനിക്ക ചിരി അടക്കവയ്യാതെ വരുന്നു. എന്തിന്, ഒരു വാരം ശ്രമിച്ചതിനുമേലേ അയാൾക്ക് ആ പാദം ഒരു തവണ വേണ്ടുംവണ്ണം ഉച്ചരിക്കാൻ കഴിഞ്ഞുള്ളൂ. ഖരാതിഖരങ്ങളും മൃദുഘോഷങ്ങളും കലർന്നു വരുന്നിടത്തു ശിഥിലങ്ങൾ ഉച്ചാരണത്തിൽ ദൃഢങ്ങളായിപ്പോകാവുന്നതാണെന്നുള്ളതിലേയ്ക്കു 'മിത്രധ്രുക് മിത്രധ്രുഗ് മിത്രദ്രുഹൗ മിത്രദ്രുഹഃ' എന്നുള്ള സിദ്ധരൂപവും 'ചയോ ദ്വിതീയാഃ ശരി പൗഷ്കരസാദേരിതി വാച്യം' എന്നുള്ള വാർത്തികവും ലക്ഷ്യങ്ങളാണ്.

മലയാളികൾക്കും ഇതുപോലെ ചില വൈകല്യങ്ങളില്ലെന്നില്ല. അവർ ചന്ദനത്തെ ചന്നനവും, ഗണപതിയെ ഗെണപതിയും ആക്കുന്നു. അവരുടെ ഇടയിൽ 'ഉല്ലാഹം' അല്ലാതെ 'ഉത്സാഹം' ആർക്കുമില്ല. അവർ 'ആനേമുക്' എന്ന പാണിനിസൂത്രത്തെ 'ആനേമുക്ക്' എന്നുച്ചരിക്കുമ്പോൾ ശാസ്ത്രിമാർ ചിരിച്ചു

പോകും. മലയാളത്തിലെ ഉച്ചാരണത്തിൽ വേറെ ഒരു വൈജാത്യമുള്ളതു ടകാരത്തെ ളകാരമാക്കുകയാണ്. സമ്രാട് എന്ന സംസ്കൃതം ഭാഷയിൽ സമ്രാൾ (ള്) എന്നായിത്തീരുന്നു. ഇതിന്റെ ആഗമം ഒന്നാലോചിപ്പാനുള്ളതാണ്. വൈദികഭാഷയിൽ ഋഗ്വേദികൾ ഡകാരത്തിനു ളകാരമാണു പറയുന്നതെന്ന് ആരംഭത്തിൽ പ്രസ്താവിച്ചല്ലോ. സമ്രാട് മുതലായ ടകാരാന്ത ശബ്ദമൊക്കെയും വാസ്തവത്തിൽ ഡകാരാന്തമാണെന്നും ടകാരോച്ചാരണം അവസാനത്തിൽ മാത്രമേ ഉള്ളുവെന്നും സംസ്കൃതവ്യാകരണം കൊണ്ടു നമുക്കറിയാം. ഈ സ്ഥിതിക്കു കേരളത്തിലേക്കു വന്ന ആര്യന്മാർ വൈദികകാലത്തിന്റെ ആരംഭത്തിൽ തന്നെ പിരിഞ്ഞുപോന്നിട്ടുള്ളവരാണെന്നു വരുന്നു. അല്ലെങ്കിൽ ഋഗ്വേദത്തിലുള്ള വിലക്ഷണോച്ചാരണം കേരളത്തിൽ മാത്രം ലൌകിക സംസ്കൃതത്തിൽ കൂടി ഇന്നും നിലനിൽക്കുന്നതിന് എന്തു ഉപപത്തി പറയാം.? എന്നാൽ ഇത് ഒരു പ്രധാനപ്പെട്ട സംഗതിയാകയാൽ പ്രത്യേകമായി വിചാരണചെയ്യേണ്ടതാകുന്നു.

എ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ.

എം. ഏ. എം. ആർ. ഏ. എസ്.

# മാതൃഭാഷാപരിഷ്കരണം.

—— : o : ——

ഈ സ്ഥിതിക്ക് ഒരു പ്രത്യേകഭാഷാജ്ഞാനം വിദ്യാഭിവൃദ്ധിക്ക് അനിവാൎയ്യമാണെന്നു വിധിക്കുന്നതിനു പ്രയാസമില്ലെങ്കിലും, ഏതുഭാഷയെത്തന്നെ വിശേഷമായി അഭ്യസിക്കേണ്ടതെന്നു പറയുന്നതിൽ ഞെരുക്കം ഉണ്ട്. ഇപ്പോഴത്തെനിലക്കു പരിഷ്കാരം വേണമെന്നു താല്പൎയ്യപ്പെടുന്നവർ ഒരു ഭാഷയെ മാത്രം പഠിച്ചാൽ പോരാ എന്നു വന്നിരിക്കുന്നു. ഇംഗ്ലീഷ് കൂടിയേ കഴിയൂ. ഒരുദേശഭാഷയും ആവശ്യംതന്നെ. പിന്നെയോ, സംസ്കൃതമോ, ലത്തീനോ ഫ്രഞ്ചോ, ഹിന്തുസ്ഥാനിയോ കൂടിയുണ്ടെങ്കിൽ ഏറെനന്ന്. അങ്ങനെനോക്കുമ്പോൾ രണ്ടു ഭാഷകൾ അത്യാവശ്യമായിരിക്കുന്നു.

അപേക്ഷയുള്ള വക്ക മററു ഭാഷകളിൽ ഒന്നിലെങ്കിലും കൂടി പ്രവേശത്തിനുസൌകൎയ്യവും ഉണ്ടാകേണ്ടതാണ്. ഈ ആവശ്യത്തെ നിറവെററുവാനാണ മഹാവിദ്യാശാലകളിൽ ഇംഗ്ലീഷിലും മാതൃഭാഷയിലും, ഒന്നോരണ്ടോ പുരാണഭാഷകളിലും, അഭ്യാസത്തിനു സൌകൎയ്യം ഉണ്ടായിരിക്കുന്നത്.

ഒരു ഭാഷയിലെ ഗ്രന്ഥസമുച്ചയത്തെപ്പററി ഒരുവിധം സാമാന്യ ജ്ഞാനത്തെ സമ്പാദിക്കുന്നതിനു വിദ്യാൎത്ഥി ആകാംക്ഷിക്കുന്ന വിദ്യാൎത്ഥി അക്ഷീണമായി പരിശ്രമിക്കേണ്ടതാണ. മനുഷ്യരുടെ മനോവൃത്തികൾ, മോഹങ്ങൾ, ആഗ്രഹങ്ങൾ, ഇവയെ പ്രതിപാദിച്ചിരിക്കുന്നതു സാഹിത്യ ഗ്രന്ഥങ്ങളിലായിരിക്കെ, അവയെ പഠിച്ചു, ഈ മാനവവികാരങ്ങളെക്കുറിച്ചു സംക്ഷിപ്തമായ അഭിജ്ഞതയേ സംഗ്രഹിക്കയും, ഇതിനേ അനുഭവത്തിൽ പ്രദൎശിപ്പിക്കയും, ചെയ്യേണ്ടതു വിദ്യാഭ്യാസ കൎമ്മത്തിൻെറ മുഖ്യഫലമാകുന്നു. ആയതിനാലാണ ഭാഷാഭ്യസനം ഉത്തമരീതിയിലുള്ള വിദ്യാഭ്യാസത്തിൽ പ്രാധാന്യതയെ വഹിക്കുന്നത്.

മൂന്നാമതായി നമ്മുടെ ശ്രദ്ധയെ ആകൎഷിക്കേണ്ടത കലാസമുച്ചയമാകുന്നു. രാജാവിനു ഭണ്ഡാരമൊ ഖജനാവൊ, എതുവിധം ഉപയോഗമുള്ളതായിരിക്കുന്നുവോ, ആവിധം വിദ്യാൎത്ഥിക്കു കലാസമുച്ചയം, ഉപയോഗമുള്ളതാണ. കലാസമുച്ചയം എന്ന പദത്തെ ഇവിടെ ജ്ഞാനഭണ്ഡാരം എന്ന അൎത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത. രേഖാമൂലമായും, യുക്ത്യാനുസൃതമായും, ശാസ്ത്രപ്രായമായും ആണ് ഒരം ഭണ്ഡാരം സംഭരതമായിരിക്കുന്നത്. ഏവംവിധമായ ജ്ഞാനനിധി ഗുപ്തമായിരിക്കുന്നത് നവീനങ്ങളും പ്രാചീനങ്ങളുംആയ ഗ്രന്ഥങ്ങളിലാകുന്നു.

ഈ കലാസമുച്ചയത്തിൽനിന്നും കാലോപയുക്തങ്ങളായ രത്നങ്ങളെ യഥാശക്തി ഗ്രഹിക്കാനും അവയേ പ്രശോഭിതങ്ങളാക്കാനും, യത്നിക്കേണ്ടത് വിദ്യാൎത്ഥികളുടെ ചുമതലയാണ. ഈ ഭാരവാഹിത്വ ബൊധമാണ മനുഷ്യനെ മൃഗത്തിൽ നിന്നും വ്യത്യാസപ്പെടുത്തുന്നത്. പൂൎവ്വസ്വത്തിനെ അവകാശക്രമം അനുസരിച്ച് അനുഭവിപ്പാനൊ, കൃത്യബോധ പ്രേരണയാൽ അതിനെ

അഭിവൃദ്ധിയെ പ്രാപിപ്പിക്കാനൊ ഉള്ള വാസനാവിശേഷങ്ങൾ മൃഗങ്ങൾക്കില്ല. മനുഷ്യനുമാത്രമെ ഇത് ശക്യമായിരിക്കുന്നുള്ളു.

അമേരിക്കയിലെ മഹാ കവികളിൽ ഒരാളായ ലോങ്ങ്ഫെല്ലോ, വിദ്യ അതി വിസ്തൃതമായതും മനുഷ്യകാലം ക്ഷണഭംഗുരമായതും, ആണെന്നു പറഞ്ഞിട്ടുണ്ട. ഹ്രസ്വകാലജീവിയായ മനുഷ്യൻ അപാരമായ വിദ്യയെ സംഗ്രഹിക്കുന്നതെങ്ങിനെയാണ. കലാസ്സ്വരത്തെ തരണം ചെയ്യാൻ ഒരു ജീവകാലത്തിൽ ആൎക്കും തന്നെ കഴിയുകയില്ല. ഇതിന്റെ സാമാന്യരൂപത്തെ ഗ്രഹിക്കുകയും; ചില ഭാഗങ്ങളെ സവിസ്തരം തിരഞ്ഞറിയുകയും, ചെയ്താൽ വിദ്യാൎത്ഥിയുടെ ഭാരം ഏകദേശം നിൎവ്വഹിക്കപ്പെട്ടു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. പൂൎവ്വകാലങ്ങളിൽ വിദ്യയ്ക്ക് ഏതാണ്ട് അതിരുബന്ധനം ഉണ്ടായിരുന്നു. അക്കാലങ്ങളിൽ സശ്രദ്ധനായ ഒരു അദ്ധ്യേതാവിൽ വിദ്യാസൎവ്വസ്വത്തെ നേടുന്നതിന് ഇത്ര അസാദ്ധ്യമായ കഷ്ടപ്രവൃത്തി ആവശ്യമായിരുന്നില്ല.

ഉൽകൃഷ്ട വിദ്യാഭ്യാസം എന്നതിൽ ഇദാനീന്തന കാലങ്ങളിൽ, ഒരു വിഷയത്തെ സംബന്ധിച്ചുള്ള ആത്യന്തികമായ ജ്ഞാനലാഭമോ, അനേക വിഷയങ്ങളെ സംസ്പൎശിക്കുന്ന കിഞ്ചിദ് ജ്ഞാനമോ, ചേൎന്നിരിക്കാൻ തരമില്ല. ചില വിഷയങ്ങളെ ലേപനം ചെയ്യുന്നതായ ഒരു മാതിരി സാമാന്യ പരിചയവും ഒരു വിഷയത്തെ ആശ്ലേഷിക്കുന്നതൊ, അതിന്റെ ചില ഭാഗങ്ങളെ മാത്രം കുറിക്കുന്നതോ, ആയ പൂൎണ്ണജ്ഞാനവും ഒരുത്തന് ഇക്കാലത്തു സ്വകീയമാക്കാൻ സാധിക്കുമെങ്കിൽ അവൻ ഇപ്പോൾ പരിഷ്കൃതമായ സ്ഥാനത്തിന് അൎഹനാകുമെന്നു നമുക്കു വിചാരിക്കുന്നതിന് അനുവാദമുണ്ട്. പൂൎവ്വാധികം വിദ്യാവിധികളെ ക്രോഡീകരിക്കപ്പെടേണ്ടി വരുന്നത് ഇക്കാലത്തെ വിഷയങ്ങൾക്കു നാനാത്വവും ബാഹുല്യവും ഗംഭീരതയും വൎദ്ധിച്ചിരിക്കുന്നതിനാൽ മാത്രമാകുന്നു. ഈ കാരണങ്ങളാൽ ഇപ്പോൾ ഒരുത്തൻ സ്വായത്തമാക്കാൻ ഉദ്യമിക്കേണ്ടവിദ്യ, തന്റെ വാസനക്കു യോജിച്ചതും പ്രകൃതിക്കനുസരിച്ചതും ചോകോപകാരയുക്തവും, ആയിരിക്കേണ്ടതാണെന്നു സിദ്ധമാകുന്നുവല്ലോ. ഇപ്രകാരം അഭ്യസ്തയായ വിദ്യ

സുഖാനന്ദങ്ങൾക്കും പരിഷ്കൃതിയ്ക്കും ഒന്നുപോലെ അഭ്യുന്നതിയെ പ്രദാനം ചെയ്യുന്നതും ആയിരിക്കേണ്ടതാകുന്നു.

നാലാമതായി നാം ആലോചനയെ നയിപ്പിക്കേണ്ടത് കല്പനാശക്തിഎന്ന മാനവശക്തിയിലെക്കാണ്. മാനവഗുണങ്ങളിൽ സർവ്വപ്രധാനമായത് കല്പനാശക്തിയായിരിക്കെ, അതിനെ ദൃഢീകരിക്കയും, വദ്ധിപ്പിക്കയുംചെയ്യുന്നതായ യാതൊരു അഭ്യാസവൃത്തിയും ഉത്തമവിദ്യാഭ്യാസകമ്മത്തിൻെറ അംശമായിരിക്കണമല്ലൊ. കൃതികളെ നിമ്മിക്കുവാനുള്ളവാസനയോ വൈദഗ്ദ്ധ്യമോ, കല്പനാശക്തിയുടെ സന്താനമാണല്ലൊ. ഒരം ശക്തിതന്നെയാണ കവിയേയും ശാസ്ത്രജ്ഞനേയും യന്ത്രകാരകനേയും, സർവ്വശ്ലാഘ്യങ്ങളായ മാതൃകാകാവ്യങ്ങളേയും, ഉപകരണങ്ങളേയും, ലേഖനങ്ങളേയും, ചിത്രങ്ങളേയും, ഇതരസാമഗ്രികളേയും, രചിക്കുന്നതിന്ന സമത്ഥനാക്കിച്ചമയ്ക്കുന്നത്. ആയതിനാൽ പരിഷ്കാരസ്ഥാനത്തെ അഭിലഷിക്കുന്ന യാതൊരു പ്രവത്തകനും, ഒരം ശക്തിയെ കരസ്ഥമാക്കുന്നതിനുള്ള ശ്രമത്തെ ഒഴിക്കരുതാത്തതാകുന്നു. കല്പനാശക്തിയുടെ അമേയമായ മാഹാത്മ്യം കഴിഞ്ഞശതവഷത്തിലാണ പ്രത്യക്ഷമായിഭവിച്ച മനുഷ്യരുടെ വിസ്മയത്തെ ബലാൽക്കാരേണ ആകഷിക്കാൻ ആരംഭിച്ചത്. പ്രസ്തുതശതാബ്ദകാലത്തിലും ഒരംശക്തിയുടെ മഹത്വം,ജനങ്ങളെ ഭ്രമിപ്പിക്കും എന്നുള്ളതിലേക്ക യാതോരുസംശയവും ഇല്ല. കല്പനാശക്തിയാൽ നിമ്മിക്കപ്പെട്ടവയായപുകവണ്ടി, കമ്പിത്തപാൽ, വിദ്യുൽപ്രേരിതങ്ങളായയന്ത്രങ്ങൾ, ഇവയും, മററു ശാസ്ത്രോപകരണങ്ങളും നാൾക്കുനാൾ പരിഷ്കരിക്കപ്പെടാൻ ഇടയുണ്ടല്ലൊ. ചില പാശ്ചാത്യഭിഷഗ്വരന്മാരുടെ അഭിപ്രായം അധികകാലം കഴിയുന്നതിന്നുമുമ്പായി ചില മൃതസഞ്ജീവനിവിദ്യകൾകൂടിയും കരതലഗതങ്ങൾ ആയിരിരുമെന്നാണ.

മേല്പറയപ്പെട്ടതിൻെറ ചുരുക്കം, ഇത്രതന്നെ. പരിഷ്കാരത്തെ കാംക്ഷിക്കുന്നവർ ഇക്കാലത്തു സ്വഭാഷാസംസ്കരണവും, അന്യഭാഷാഭ്യസനവും, കലാസമ്പാദനവും, കല്പനാശക്തിഗ്രഹണവും, സ്വകീയമാക്കേണ്ടിയിരിക്കുന്നു.

ഇങ്ങിനെയെല്ലാമാണ പരിഷ്കാരത്തെ സമ്പാദിക്കാനുള്ള മാർഗ്ഗങ്ങൾ എങ്കിലും ൟ അഭ്യാസങ്ങൾ ഒന്നും കഴിയാതെതന്നെ, ചില അമാനുഷബുദ്ധികൾക്കു സർവ്വയോഗ്യതകളും ലഭ്യമാകുന്നുണ്ട. വിദ്യാഭ്യാസം മാത്രം ഒരു വാത്മീകിയെയൊ, കാളിദാസനെയൊ, ഹോമറെയൊ, വജ്ജിലിനെയൊ, ഷെക്സ്പിയറെയൊ, എഴുത്തഛനെയൊ, വാൻഡയിക്കിനെയൊ, ഹെർബർട്ടസ്പെൻസറെയൊ, കുറവുതീൎത്തു പണിചെയ്തിട്ടുള്ളതായി ലൊകചരിത്രം പ്രസ്താവിക്കുന്നില്ല. ൟ മാതിരി മഹാഭാഗന്മാരായ ദൈവിക പുരുഷന്മാരുടെ അവിർഭാവം, മാനവശാസ്ത്രവിധികളാൽ അഗോചരവും, ദൈവകാരുണ്യത്താൽമാത്രം ജ്ഞേയവും ആയിരിക്കുന്നു. ൟ മഹാപുരുഷന്മാരുടെ കൃതികളെ ആദരിക്കുന്നതിനായിട്ടെങ്കിലും സാധാരണന്മാൎക്ക വിദ്യാഭ്യാസം അത്യന്താപേക്ഷിതമായിരിക്കുന്നു. വിദ്യാപ്രദാനത്തിൻെറ മുഖ്യോദ്ദേശം, അധ്യേതാക്കളിൽ, മാനസികവികാസം, സർവ്വവ്യാപ്തമായ അനുകമ്പ, നവീനതാവൈമുഖ്യാഭാവം സത്യസന്ധത, ഉത്തമഭക്തി ഇത്യാദി സൽഗുണങ്ങളെ അങ്കുരിപ്പിക്കയാണെന്നുള്ളതാണ്, ഉപദേഷ്ടാക്കളുടെ ഓൎമ്മയിൽസദാ ഉദിക്കേണ്ടതായ സംഗതി.

കെ. പരമുപിള്ള. എം. എ.

# തൃക്കണാമതിലകം.

—:o:—

മലയാളത്തെക്കുറിച്ച ശരിയായ ചരിത്രപുസ്തകങ്ങളൊന്നുമില്ലാതിരിക്കുന്നതു വലിയ പോരായ്മയാണെന്നും മററും നവീനവിദ്യാഭ്യാസമുള്ളവർ ആവലാതിപറയുന്നത ഏറെക്കുറെ വാസ്തവമായ ഒരു സംഗതി തന്നെയാണ്. പക്ഷെ നമ്മുടെ പൂൎവ്വന്മാർ നിൎഭാഗ്യവശാൽ ൟ ഒരു വിഷയത്തിൽ അത്ര ദൃഷ്ടിവയ്ക്കാതിരുന്നതിനാൽ ഇപ്പോഴത്തെ പുതിയകൂട്ടർ പലരുംകൂടി പരിശ്രമിച്ചാലും മലയാളത്തിൻെറ പൂൎവ്വചരിത്രം ഏതുവിധത്തിലെങ്കിലും ഒന്നുണ്ടാക്കിതീൎക്കുവാൻ അത്ര എളുപ്പത്തിലൊന്നും സാധിക്കില്ലെന്നു തീൎച്ചയായി പറയാം. എന്നാൽ അതുവിചാരിച്ച നാം ൟകാൎയ്യത്തിൽ

ൽ ഒന്നും പ്രവൃത്തിക്കാതിരിക്കുന്നതും ഇപ്പോഴത്തെ പരിഷ്കൃതരീതിക്കു ചേരുന്നതല്ല. അതുകൊണ്ടു നമ്മുടെ കുലവൃദ്ധന്മാർ പറഞ്ഞുവരുന്ന ചില ഐതിഹ്യങ്ങളെ ശേഖരിച്ചിട്ടു, നമ്മെ വൃദ്ധന്മാരെന്നു പറയുവാൻ തക്കവണ്ണം ഇനിയുണ്ടാവുന്ന അനന്തരവന്മാരായ നവീനപണ്ഡിതന്മാൎക്കു സൂക്ഷ്മാസൂക്ഷ്മ വിവേചനം ചെയ്തു ശരിയായ ഒരു ചരിത്രപുസ്തകമുണ്ടാക്കിത്തീൎക്കുന്നതിന്നു വേണ്ട സ്വത്തു സമ്പാദിച്ചുവെപ്പാൻ മാത്രമെങ്കിലും നാമിപ്പോഴും യഥാശക്തി ശ്രമിക്കാതെ കഴികയില്ലെന്നു വന്നിരിക്കുന്നു. ചുരുക്കിപ്പറയുന്നതായാൽ നമ്മുടെ മലയാളത്തിന്നു ചരിത്രകാലമായിട്ടില്ല; ഐതിഹ്യകാലമെ ആയിട്ടുള്ളു. എങ്കിലും 'കോലത്തിന്നടുത്ത കോലം' എന്ന പഴഞ്ചൊല്ലു പ്രകാരം പഴമക്കാർ പറഞ്ഞു കേട്ടിട്ടുള്ള ഒരു വലിയ ഐതിഹ്യത്തെ നമ്മുടെ ചരിത്രത്തിന്നുള്ളൊരു പ്രസ്താവനയായി ചേൎക്കുന്നതു ഒട്ടുംതന്നെ അനാവിശ്യമായിരിക്കുകയില്ലെന്നാണ എന്റെ വിശ്വാസം.

പ്രാചീനകേരളത്തിൽ പരിഷ്കാരത്തിന്നു പരിപൂൎത്തി ഉണ്ടായിട്ടുള്ളത പെരുമാക്കന്മാരുടെവാഴ്ചക്കാലത്തായിരുന്നുഎന്നുപ്രസിദ്ധമാണല്ലൊ. അക്കാലത്തു കേരളത്തിന്റെ തലസ്ഥാനം കൊടുങ്ങല്ലൂരായിരുന്നു. ഈ പ്രധാനപട്ടണം കൊടുങ്ങല്ലൂരഴിമുതൽ "തൃക്കണാമതിലകം" എന്നു കേൾവികേട്ടിരുന്ന മഹാക്ഷേത്രത്തിന്റെ വടക്കെ അറ്റത്തിവരെ നീണ്ടുകിടന്നിരുന്നു എന്നുമാത്രം പറഞ്ഞാൽ ഇതിന്ന് അന്നുണ്ടായിരുന്ന വിസ്താരം ഇത്രയാണെന്നു വായനക്കാൎക്കു സാമാന്യമൊക്കെ ഊഹിക്കാമല്ലോ. ഈ മഹേശ്വര ക്ഷേത്രമായിരുന്നു അക്കാലത്തു കേരളത്തിലുള്ള മറെറല്ലാ ക്ഷേത്രങ്ങളിലും വെച്ചു അധികം പ്രധാനപ്പെട്ടതും. പന്നിയൂർ, ശുകപുരം, (ചൊവ്വരം) മുതലായ പ്രധാനപ്പെട്ട ഗ്രാമക്ഷേത്രങ്ങൾപോലും അന്ന് ഈ ഒരു ക്ഷേത്രത്തിന്റെ കീഴിലായിരുന്നു എന്നുതന്നെ പറയണം. എന്തുകൊണ്ടെന്നാൽ അവയെല്ലാം പ്രത്യേകം ഓരൊ ഗ്രാമക്കാരുടെ യോഗപരദൈവ ക്ഷേത്രങ്ങളേ ആയിരുന്നുള്ളൂ. 'തൃക്കണാമതിലകമോ' കേരളത്തിലുള്ള അറുപത്തിനാലു ഗ്രാമക്കാൎക്കും പൊതുവിലുള്ള ഒരു കുലദൈവാലയമായിരുന്നു.

രുന്നതാണ് ഇവരുടെ അഭിപ്രായങ്ങളിലുള്ള അന്തരം. ആദ്യത്തെ മലയാളമാസിക 1056 മീനത്തിൽ തിരുവനന്തപുരത്തുനിന്നു പുറപ്പെട്ട 'വിദ്യാവിലാസിനി'യാകുന്നു. ഇപ്പോൾ അതു നടപ്പില്ല. പിന്നത്തെ രാജ്യകാൎയ്യങ്ങളെ പ്രതിപാദിക്കുന്നതല്ലെന്നുള്ള നിഷ്ഠയോടുകൂടി തൃശ്ശിവപേരൂര കല്പദ്രുമാലയത്തിൽ 1065 കന്നിമാസത്തിൽ ജനിച്ച വിഖ്യാത വിദുഷിയായ 'വിദ്യാവിനോദിനി'യാണ്. ഇംഗ്ലീഷ്, സംസ്കൃതം, മലയാളം, എന്ന ഭാഷകളിൽ അപാരപാണ്ഡിത്യം സമ്പാദിച്ച വീരപുരുഷന്റെ പാലനയിൽ വളൎന്നുവന്ന ഈ പത്രരത്നം അല്പകാലംകൊണ്ടു സജ്ജനസമ്മതം പ്രാപിക്കുകയും പിന്നിട്ടുണ്ടായിട്ടുള്ള പത്രഗ്രന്ഥങ്ങൾക്കെല്ലാം ഒരു മാതൃകയായിത്തീരുകയും ചെയ്തു. യൌവ്വനാരംഭത്തിൽ സ്വയംവരത്തിനുവേണ്ടി രക്ഷാധികാരം വിട്ടുപുറപ്പെട്ടതിന്റെ ശേഷം നാനാപ്രകാരേണ പേരുകേട്ടിട്ടുള്ള ചിലരുടെ നൎമ്മാലാപങ്ങളെക്കൊണ്ടു തൃപ്തിപ്പെടാതെ അവസാനം പ്രതിഭംഗവും അനുഭവിച്ച് ഒന്നരക്കൊല്ലമായിട്ടു പുറത്തുവരുവാൻ പാടില്ലാത്തവിധം ശോചനീയമായ അവസ്ഥയിൽ കിടപ്പായിരിക്കുന്നു. മലയാളത്തിൽ ഇതുവരെ 32 പത്രങ്ങൾ ഉണ്ടായിട്ടുള്ളതിൽ പ്രതിദിനപത്രമൊന്നുമില്ലെന്നു കാണുന്നത് ശോചനീയംതന്നെ. ഇതിനുപുറമെ പത്രഗ്രന്ഥങ്ങളും മാസികകളുംകൂടിയുള്ള തുക 27 മാത്രമാണു.

മേൽപറഞ്ഞ പത്രങ്ങളിൽ പ്രതിവാരമെന്ന നിലവിട്ട് ഒരു പടികൂടി സഞ്ചരിക്കുന്നതിനുള്ള ധൈൎയ്യവും സാമൎത്ഥ്യവും 'മലയാളമനോരമയ്ക്കു' മാത്രമുണ്ടെന്നുള്ള സംഗതി സൎവ്വധാ ശ്ലാഘനീയംതന്നെ. എന്തെന്നാൽ ബിലാത്തിയിലുള്ള പ്രതിവാരപത്രത്തിന്ന് 50000 വരിക്കാരുണ്ടായാൽ ആ പത്രത്തിന്നു നടപ്പുള്ളതായി വിചാരിക്കുന്നു. ഇൻഡ്യയിൽ ആത്തരത്തിലൊന്നിന്നു 5000 വരിക്കാരെ കിട്ടിയാൽ ഉൽകൃഷ്ടപദവി ലഭിച്ചു. ആയിരം വരിക്കാരെ അന്വേഷിച്ചുണ്ടാക്കുവാൻകൂടി സാധിക്കാതെയാണല്ലോ മലയാളപത്രങ്ങൾ സഞ്ചരിക്കുന്നത്. ഇങ്ങനെ ബിലാത്തിയിലുള്ള സഹജീവികളുടെ പത്തിനൊന്ന് പഴമയിലും നൂററിന്നു രണ്ടു പ്രചാരത്തിലും നൂററിന്നൊന്നു അധികാരത്തിലും ജനസമ്മതത്തിലും ഇപ്പോൾ മലയാളപത്രങ്ങൾ എത്തിക്കൂടീട്ടുള്ള കാലമാകുന്നു.

പി. നാരായണപ്പുതുവാൾ.

തിലകത്തുണ്ടായിരുന്ന മഹാബ്രാഹ്മണയോഗം തൃശ്ശിവപേരൂർ ഭക്തപ്രിയക്ഷേത്രത്തിലെക്കമാററിയതെന്നുംപ്രസിദ്ധിയുണ്ട്. തൃക്കണാമതിലകത്തിന്റെ താഴ്ച്ചയ്ക്കും, ഇരിങ്ങാലക്കുടെ ഗ്രാമത്തിന്റെ ഉയൎച്ചയ്ക്കും തമ്മിൽ എന്തോ ഒരു ദൃഢമായ സംബന്ധമുണ്ടെന്നു തോന്നുന്നതിനാലാണ് ഈ തൃക്കണാമതിലകം നശിച്ചത് മുൻപറഞ്ഞ കാലത്തായിരിക്കാമെന്ന ഊഹിക്കുവാനിട വന്നത്.

ഒടുക്കത്തെ ചേരമാൻ പെരുമാളായിരുന്ന ഭാസ്കര രവിവൎമ്മ കുലശേഖര പ്പെരുമാൾ രാജ്യാധികാരം വിട്ടൊഴിയുമ്പോൾ കൊടുങ്ങല്ലൂർ നാട്ടകം മുഴുവൻ ഐരാണിക്കുളം ഗ്രാമത്തിന്റെ അദ്ധ്യക്ഷനായ പടിഞ്ഞാറേടത്തു ഭട്ടതിരിക്കാണു ദാനപ്രകാരം അധികാരപ്പെട്ടത്തിട്ടുള്ളതെങ്കിലും, തൃക്കണാമതിലകം ക്ഷേത്രകാൎയ്യം പണ്ടേതന്നെ അന്വേഷിച്ചു വന്നിരുന്നതു തെക്കേടത്തു നായരെന്നും വടക്കേടത്തു നായരെന്നും പറഞ്ഞുവരുന്ന രണ്ടു നായർ കുടുംബക്കാരായിരുന്നു. അതിനാൽ ആ ഭട്ടതിരി തന്റെ അധികാരകാലത്ത് അവരുടെ മേൽ ഒരു രാജ്യാധികാരം മാത്രമെ വഹിച്ചിരുന്നുള്ളു. ക്ഷേത്രത്തിലെ ഊരാളന്മാരുടെ നിലയിൽ സകല കാൎയ്യങ്ങളും അവർതന്നെയാണു നടത്തിപ്പോന്നിരുന്നത. ആ ക്ഷേത്രത്തിന്നു സകലവിധത്തിലും പുഷ്ടിവരുത്തുവാൻ ഇവർ സന്നദ്ധന്മാരായിരുന്നു. ഇവരുടെ പ്രാബല്യത്തിന്നും ധനപുഷ്ടിക്കും എതിരില്ലാതിരുന്നതിനാൽ ക്ഷേത്രത്തിന്നു ക്രമേണ അധികമായ പുഷ്ടികൂടിവന്നിരുന്നു. തൃപ്പേക്കുളം, ഇരുവാപ്പൂർ മുതലായ മഹാക്ഷേത്രങ്ങൾപലതുംഈക്ഷേത്രത്തിന്റെകീഴേടങ്ങളായിരുന്നതിനാൽ അവയും ഇവർ വേണ്ടപോലെ പുഷ്ടിവരുത്തിക്കൊണ്ടിരുന്നു. ഈ മഹാക്ഷേത്രത്തിന്റെ മതിലകം (തൃപ്പക്കുളത്തമ്പലവും നെയ്ഭരണിയമ്പലവും പുറത്തുള്ള ചെറുദേവന്മാരുടെ ക്ഷേത്രങ്ങളായിരിക്കത്തക്കവണ്ണം) രണ്ടരനാഴികയോളം വിസ്താരമുള്ളതായിരുന്നു. ഈ മതിലകത്തിന്റെ വിസ്താരം നിമിത്തമാണ് ആ ദേശത്തിന്നതന്നെ 'മതിലകം' എന്ന പേരുവന്നത്. ഇപ്പോൾ ആ മഹാക്ഷേത്രവും മതിലുമെല്ലാം നശിച്ചുപോയിട്ടും 'മതിലകം' എന്ന പേർ മാത്രം ശേഷിച്ചിരിക്കുന്നു. ഇക്കാലത്തും ആ ക്ഷേത്രത്തിന്റെ സ്ഥ

ചകമായി വലിയകുളം ഒന്നുമാത്രമെ അവിടെ കാണുന്നുള്ളു. അക്കാലത്ത് അങ്ങിനെയുള്ള മതിൽകെട്ടിന്നും പുറമെ ആറു മതിൽകെട്ടും കൂടിയുണ്ടാക്കി അതാതിന്നുള്ളിൽ അവസ്ഥാനുസാരേണ ഓരൊജാതിക്കാരുടെ ഭവനങ്ങളും ക്രമത്തിൽ ഉണ്ടാക്കിച്ച് ആ പ്രദേശം "ശ്രീരംഗം" പോലെ ഭംഗിയാക്കി തീൎക്കേണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഏകശാസനക്കാരും കേരളകുബേരന്മാരുമായ നായന്മാർ ഉത്സാഹിച്ചു പുറപ്പെട്ടു. അവരുടെ ഈ ഉദ്യമത്തിന്നു ഉടനെ വലിയ വിരോധക്കാരും ഉണ്ടായി. ഈ വിരോധകക്ഷിക്കാർ ഇരിങ്ങാലക്കടക്കാരല്ലാതെ മററാരുമായിരുന്നില്ല. അവൎക്കിതിൽ പ്രത്യേകം തടസ്ഥം പറയുവാൻ നല്ല കാരണവുമുണ്ടായിരുന്നു. ഒടുക്കത്തെ മതിൽകെട്ടു ഇരിങ്ങാലക്കുടെ ഗ്രാമത്തിൻെറ സങ്കേതത്തിൽ കടത്തിക്കെട്ടേണ്ടിവന്നതിനാൽ അവൎക്കിതിൽ കലശലായ വൈരസ്യം ജനിച്ചു. എന്നാൽ അതിപ്രബലന്മാരായ മതിലകത്തുകാരുണ്ടോ ദുൎബ്ബലന്മാരും സാധുക്കളും ആയ ഇരിങ്ങാലക്കടക്കാരുടെ വൈരസ്യം വകവെക്കുന്നു ? ഇരിങ്ങാലക്കടക്കാരുടെ ശാഠ്യവും സങ്കടവും കണ്ടപ്പോൾ ഒടുവിലെ മതിൽകെട്ടു ആദ്യംതന്നെ തീൎത്തുകളയാമെന്നാണു നായന്മാരുറച്ചത്. അവർ മുറയ്ക്കു കിടങ്ങു കോരി പണി നടത്തിച്ചു തുടങ്ങി. അതിൽ മറേറാക്കൂട്ടൎക്കു വളരെ സങ്കടമായി. ആ ഗ്രാമസങ്കേതവാസികളിൽ പ്രമാണികളായ നമ്പൂരിമാർ ഒന്നിച്ചുകൂടി ആലോചിച്ചു നായന്മാരോടു നേരിട്ടുതന്നെ വിരോധം പറഞ്ഞുനോക്കി. ബ്രാഹ്മണരേക്കാളും തങ്ങളുടെ ഈശ്വരന്നാണു മാഹാത്മ്യം കൂടുന്നതെന്നു വിചാരിച്ചുറച്ചിട്ടുള്ള മതിലകത്തു നായന്മാർ ആ മഹാബ്രാഹ്മണവാക്കും നിരാകരിച്ചതേയുള്ളു. ഇവരുടെ ഈ അതൃത്തിൎക്കണ്ണിൽ മതിലകത്തു യോഗക്കാരായ മഹാബ്രാഹ്മണരുടെ മദ്ധ്യസ്ഥവിധിപോലും ഫലിച്ചില്ലെന്നേ വേണ്ടു. "വിനാശകാലേ വിപരീതബുദ്ധിഃ" എന്നു പറഞ്ഞകൂട്ടത്തിൽ ആപത്തടുത്തിരിക്കുമ്പോൾ എത്ര സദുപദേശം ചെയ്താലും നേരെ തോന്നാൻ പ്രയാസമാണല്ലൊ. ഇത്രയൊക്കെയായിട്ടും ഇരിങ്ങാലക്കടക്കാരും ഒഴിച്ചുപോയില്ല. നിവൃത്തിയുണ്ടെങ്കിൽ ഈ മുടക്കണമെന്നുതന്നെ അവർ നിശ്ചയി

ച്ചു. ഇരിങ്ങാലക്കുടക്കാരുടെ ഐകമത്യം അന്നു മുതൽക്കാണ് പ്രസിദ്ധമായിത്തീൎന്നത്; ആ ഗ്രാമസങ്കേതത്തിൽപെട്ട സകലജാതിക്കാരും ആബാലവൃദ്ധം ഒത്തൊരുമിച്ച് മതിലുകെട്ടുന്ന സ്ഥലത്തു ചെന്നിട്ട് "അരുതെ-അരുതെ; ഞങ്ങളുടെ ഗ്രാമസങ്കേതത്തിൽ കടത്തി നിങ്ങൾ മതിലുകെട്ടരുതെ", എന്നു വിളിച്ചുനിലവിളിച്ചു. ഇതുകൊണ്ട് അവരുടെ കണ്ണുത്തിന്നല്ലാതെ, മതിലകത്തുകാരുടെ മുൻനിശ്ചയത്തിന്നു ലവലേശവും ഇളക്കം തട്ടിയില്ല. ഒരു ഭാഗക്കാർ വന്നു നിലവിളിക്കുന്നു; മറ്റേവർ മുറയ്ക്കു മതിലുകെട്ടുന്നു. ഇരുകക്ഷിക്കാരും അവരവരുടെ സ്വാൎത്ഥപ്രതിപത്തിവിട്ടില്ല. മതിലകത്തുകാർ അതിപ്രബലന്മാരാകയാൽ അവരോടു കയ്യൂക്കപ്രയോഗിച്ചു ജയം നേടികളയാമെന്ന് ഇരിങ്ങാലക്കുടക്കാർ വിചാരിച്ചതേയില്ല. അവർ കൂട്ടം കൂടി ഒന്നായിനിന്നു നിലവിളിച്ച് പറകയും ഗ്രാമപരദേവതയായ ഭരതസ്വാമിയെ ('സംഗമേശ' നെന്നും 'കൂടൽമാണിക്യ' മെന്നും ഇവരുടെ പരദേവതയ്ക്കു പേർസിദ്ധിച്ചതു പിന്നേയും കുറേക്കാലം കഴിഞ്ഞിട്ടാണ്) പിടിച്ചു ശപഥം ചെയ്കയും എതിൎകക്ഷിക്കാർ നശിക്കുവാൻ പ്രാൎത്ഥിക്കുകയും ചെയ്തു നോക്കി. അതുകൊണ്ടൊന്നും യാതൊരു ഫലവുമുണ്ടായില്ല. ഒടുവിൽ അവർ മതിൽ കെട്ടുന്ന സ്ഥലത്തുചെന്ന് നിരന്നുകിടന്ന് താന്താങ്ങളുടെ ശരീരംകൊണ്ടു തടസ്ഥംചെയ്തുനോക്കുക എന്നായി. അതിൽ മതിലകത്തുകാൎക്കു വലിയ ധൎമ്മസങ്കടമായിത്തീൎന്നു. എങ്കിലും സ്ഥിരോത്സാഹന്മാരായ നായന്മാരുടെ ആൾക്കാർ ഇവരെ ഒരു പുറത്തു നീക്കുമ്പോഴക്കും അവർ മറ്റൊരു പുറത്തു നിരന്നുകഴിയും. ഇങ്ങിനെ വലിയ ഒരു കോലാഹലമായിത്തീൎന്നു. ഒരു കക്ഷിയിൽ വേദവേദാംഗവേദികളും, ശ്രൌതസ്മാൎത്ത വിധിവിശാരദന്മാരും, ഷൾക്കൎമ്മ നിരതന്മാരും, വൎണ്ണാശ്രമനിഷ്ഠയുള്ളവരും, മഹാതപസ്വികളുമായ "തരണനല്ലൂർ" ഗൃഹക്കാർ മുതലായ അനേകം ഉത്തമബ്രാഹ്മണരും അവരുടെ അധീനത്തിലുള്ള മറ്റു പല ജാതിക്കാരുമായിരുന്നു. മറുകക്ഷിയിൽ മഹാധീരന്മാരും സ്ഥിരനിശ്ചയന്മാരും ഏററവും ജനസ്വാധീനമുള്ളവരും മഹാധനികന്മാരും ആയുധപ്രയോഗത്തിൽ അതി വിദഗ്ദ്ധന്മാരും

ശൂരന്മാരും അപരാജിതന്മാരുമായ നായന്മാരും അവരുടെ ആജ്ഞയിൻകീഴിൽ നിൽക്കുന്ന അസംഖ്യം മററുജാതിക്കാരുമായിരുന്നു. ഇരുപക്ഷക്കാരുടെയും ദ്ദൃശ്യമംകുലദൈവ പ്രതിപത്തി മൂലമായിരുന്നതാനും. അവർ തമ്മിൽ നടന്ന ലഹളയിൽ മഹാബ്രാഹ്മണരെ മാത്രം ഉപദ്രവിക്കുവാൻ വളരെ മടിയുള്ള നായന്മാരുടെ കല്പനക്കനുസരിച്ച് അവരുടെ ഭടന്മാർ ബ്രാഹ്മണരെയെല്ലാം ബലാൽക്കാരേണ കൊണ്ടുപോയി ഒരു വലിയ അഗ്രശാലയിൽ ഇട്ടടച്ച് തടവിൽ പാപ്പിക്കുകയും, മററുള്ളവർ ആരെങ്കിലും മതിൽ കെട്ടന്നേടത്തു വന്നു നിരന്നുകിടന്നാൽ അവരുടെ മേൽ കല്ലു പടുത്തു മതില്കെട്ടുകയും ചെയ്തു. എന്തിനധികം വിസ്തരിക്കുന്നു ? സാഹസംനിമിത്തം അങ്ങിനെയുള്ള ആ പുറമതിലിൻെറ "അസ്ഥിവാരം" 'അസ്ഥിഭാര'മായിത്തീൎന്നു എന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലൊ.

തുടരും.

# അ ര യു കാ ര ം .

———— : o : ————

'രഞ്ജിനിയുടെ' തുലാം ലക്കത്തിൽ "ചില മലയാളവൎണ്ണങ്ങൾ" എന്ന ലേഖനത്തിൽ അരയുകാരസംബന്ധമായും, ചിലതെല്ലാം എഴുതിയിരിക്കുന്നത് കണ്ടു. സെപ്റ്റമ്പർമാസം തലശ്ശേരിയിൽവെച്ചു കഴിഞ്ഞ ഭാഷാപോഷിണിസഭക്ക് ഞാൻ അയച്ചുകൊടുത്ത ഒരു ദീൎഘലേഖനത്തിൽ അരയുകാരസംബന്ധമായി ഞാൻ എഴുതിയിരുന്ന ഒരു ലേഖനൈകദേശത്തിൽ ഉണ്ടായിരുന്ന അഭിപ്രായങ്ങളെ, എൻെറ ശിഷ്യനായ രാഘവപ്പൊതുവാൾ ആദ്യം പറഞ്ഞ ഉപന്യാസമുഖേന പ്രകടീകരിച്ചുവെങ്കിലും അത് സമ്പൂൎണ്ണമല്ലായ്കയാൽആ ദീൎഘലേഖനത്തിൽ ഞാൻ അരയുകാരസംബന്ധമായി എഴുതിയിരുന്ന ഭാഗത്തെ ഭാഷാഭിമാനികളുടെ ദൃഷ്ടി എത്താൻവേണ്ടി താഴെ പ്രസിദ്ധപ്പെടുത്തുന്നു.

"തമിഴ്ഭാഷയിൽ കുററിയലുകരം" അതായത്, അരയുകാരം അല്ലെങ്കിൽ സംവൃതോകാരംഎന്നും, മുററിയലുകരം, അതായ

ത്തു മുററുകാരം അല്ലെങ്കിൽ വിവൃതോകാരം എന്നും ഉകാരം രണ്ടുണ്ട്. എന്നാൽ കുററിയലുകരത്തെ കുറിക്കുന്നതിന്നു തമിഴിൽ പ്രത്യേകമായി യാതൊരു ചിഹ്നവും ഇല്ല. മലയാളത്തിൽ മാത്രം ആധുനികപണ്ഡിതന്മാർ ഒരു അടയാളം ഉണ്ടാക്കിയിരിക്കുന്നു. മലയാളത്തിൽ "ചേക" എന്നതിന്നും "ചേക്ക്" എന്നതിന്നുമുള്ള വ്യത്യാസത്തെ കാണിക്കാൻവേണ്ടി ആ ചന്ദ്രക്കലഅടയാളം അത്യാവശ്യകമാണെന്നാകുന്നു ആധുനികപണ്ഡിതന്മാരുടെ അഭിപ്രായം. എന്നാൽ ഈ അടയാളം തമിഴിൽ ആവശ്യമില്ലാതെ വരാൻകാരണം എന്താണ്? വല്ലിനം അതായത് ക, ച, ട, ത, പ, റ, ഈ ആറ അക്ഷരങ്ങളോടുമാത്രമെ കുററിയലുകരം അല്ലെങ്കിൽ അരയുകാരം ചേരുകയുള്ളൂ. അതുതന്നെയും വല്ലിനത്തിൽ അവസാനിക്കുന്ന പദത്തിൽ ഈ അരയുകാരം ഉള്ള വ്യഞ്ജനാക്ഷരത്തിന്നുമുമ്പ് രണ്ടിലധികം അക്ഷരങ്ങളോ അല്ലെങ്കിൽ ദീർഘസ്വരമോ ഇരുന്നാൽ മാത്രമാണ. ഉദാഹരണം. കാട്ട്, വീട്ട്, ഇത്യാദികളിലും തകിട്ട്, അകിട്ട്, ഇത്യാദികളിലും, ആണ് അരയുകാരം. പ്രത്യുദാഹരണം- നട്ടു, അത്തു, മുതലായവയിൽ മുററുകാരം തന്നെയാണ്. ഇങ്ങിനെയാകുന്നു നിയമം തമിഴ്വ്യാകരണത്തിൽ കാണുന്നത്. ആകയാൽ അവക്ക് മുററുകാരത്തിന്നും അരയുകാരത്തിന്നും വ്യത്യാസം പ്രയോഗത്തിൽ മേൽപ്പറഞ്ഞ നിയമാനുസാരേണ സ്പഷ്ടമായി ഗ്രഹിക്കാൻ കഴിയുന്നതുകൊണ്ട തമിഴിൽ അരയുകാരത്തിന്ന പ്രത്യേകമായ ഒരു സംകേതം ഉണ്ടാക്കീട്ടില്ല. മലയാളഭാഷയിൽ ആകട്ടെ വ്യഞ്ജനത്തിൽ അവസാനിക്കുന്ന എല്ലാപ്പദങ്ങൾക്കും പ്രായേണ അവസാനത്തിൽ അരയുകാരാപേക്ഷ നിയതയായിരിക്കുന്നതുകൊണ്ട് അതിനെക്കുറിക്കുന്നതിന്നു പ്രത്യേകം ഒരു ചിഹ്നം ആവശ്യകംതന്നെയാണ്. അരയുകാരത്തിൽ അവസാനിക്കുന്ന ശബ്ദങ്ങൾ ബഹുവചനത്തിൽ മുററുകാരാന്തങ്ങളായി കാണുന്നതുകൊണ്ടും കുററിയലുകരം എന്നു തമിഴിൽ ഒരു സംകേതം ഇരിക്കുന്നതുകൊണ്ടും വിവാദഗ്രസ്തമായ ഈ ലിപിസംവൃതോകാരമാണെന്നും സംവൃതാകാരമല്ലെന്നും സിദ്ധിക്കുന്നു. എന്നാൽ പാണിനീയത്തിൽ പറഞ്ഞിരിക്കുന്നതുപോലെ മുററു

കാരരൂപം എഴുതീട്ടുമാത്രമെ മീത്തൽ വെക്കാൻ പാടുള്ളു എന്നുള്ള നിയമം സ്വീകരിക്കുവാൻ യാതൊരു കാരണവും ഞാൻ കാണുന്നില്ല. "വാക്ക് കേട്ട് നടന്നുടൻ" എന്ന് ഒരു ശ്ലോകപാദമായി പ്രയോഗിക്കുമ്പോൾ "ക്കു" വിനെ ഒരു സ്വരമായി ഗ്രഹിക്കേണ്ടത് ആവശ്യമെന്നു തീരുമാനപ്പെടുന്നവസ്ഥക്ക്, ക്+അ=ക, ക്+ഇ=കി, എന്ന സ്ഥലങ്ങളിൽ എന്നപോലെ അരയുകാരത്തെ കുറിക്കുന്ന "്" ചന്ദ്രക്കലയേയും ഒരു സ്വരസൂചകലിപിയായി നാം ഗ്രഹിച്ച് "ക്ക്" എന്നതിൽ വിവൃതോകാര ചിഹ്നമില്ലാതെ കേവലം സംവൃതോകാര ചിഹ്നത്തെ മാത്രം വെക്കുന്നതിൽ എന്താണ ബാധകം? "സ്വരവ്യതിരിക്തമായ (പദമദ്ധ്യസ്ഥ) വ്യഞ്ജനത്തെക്കുറിക്കുന്ന സംകേതവും, ഇതും, അന്യോന്യം തെററിപ്പോകാതിരിക്കുന്നതിനും പ്രസ്തുതലിപി "ഉ"കാരസംബന്ധമാണെന്നു ഓൎമ്മിക്കുന്നതിനും ഉതകുന്നതാകുന്നു, തമ്പുരാൻ അവർകളുടെ സംകേതം, എന്ന് ഒന്നു പറയാനുണ്ടെന്നേയുള്ളു." എന്നു മിസ്റ്റർ ഒ. എമ്. ചെരിയൻ അഭിപ്രായപ്പെടുന്നുണ്ട്. വാസ്തവത്തിൽ ഇതിനുവേണ്ടിയും "വാക്ക്" ഇത്യാദി സ്ഥലങ്ങളിൽ ഉകാരദ്വയചിഹ്നം ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. കാരണം, സ്വരവ്യതിരിക്തമായ വ്യഞ്ജനത്തെക്കുറിക്കുന്നതിനു "്" അനുസ്വാരത്തെക്കുറിക്കുന്ന ഒരു പൂൎണ്ണഗോളത്തെ ആ അക്ഷരത്തിന്റെ തലയ്ക്കൽ വെക്കുകയല്ലാതെ ജിഹ്വാമൂലീയ സദൃശവും അരയുകാര ലിപിയുമായ "്" ഈ ചന്ദ്രക്കലയെ അല്ല തമിഴ് പുസ്തകങ്ങളിലും തദനുഗാമിനിയായ മലയാള മനോരമാപത്രത്തിലും ഭാഷാപോഷിണി പത്രികയിലും കണ്ടുവരാറുള്ളത്. മററു ഭാഷകളിൽ യാതൊന്നിലും കാണാത്തതായ ഈ അരയുകാര ചന്ദ്രക്കലയെ നാം സ്വീകരിക്കുമ്പോൾതന്നെ അരയുകാര ലിപിയായി സ്വീകരിച്ചിരിക്കെ "പ്രസ്തുത ലിപി ഉകാരസംബന്ധമാണെന്നു" ഓൎമ്മിക്കുന്നതിനുവേണ്ടി വിവൃതോകാര ചിഹ്നവും ആവശ്യകമാണെന്നു പറയുന്നത് പരസ്പരം യോജിപ്പില്ലാത്തതാണെന്നു സ്പഷ്ടമാണല്ലൊ. ആകയാൽ പാണിനീയത്തിൽ പറഞ്ഞിരിക്കുന്നകാരണംകൊണ്ട്, അതു അരയുകാരമാണെന്നും, അതിന്റെ

കുറിക്കുന്നതിന് ഒരു പ്രത്യേകലിപിവേണ്ടതുതന്നെയാണെന്നും എനിക്കും അഭിപ്രായമുണ്ടെങ്കിലും ഉകാരഭായചിഹ്നം ഏകത്രസമാവേശംചെയ്യണമെന്നുള്ള പാണിനീയാഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. അകാരം എഴുതിയാലും ശരി, ഉകാരമെഴുതിയാലും ശരി, അതുതന്നെമതി; അർത്ഥം സന്ദർഭാദ്യനുസാരേണ നമുക്കു നിശ്ചയിക്കുവാൻ കഴിയുന്നതുകൊണ്ട് തൊട്ടുകുറി ആവശ്യമില്ലെന്നുള്ള അഭിപ്രായം എനിക്ക് ലേശംപോലും ബോധിക്കുന്നില്ല. ഇങ്ങിനെ വിവാദഗ്രസ്തമായ അക്ഷരത്തെ "സംവൃതാകാര"മെന്നു ചിലർ പറയുന്നതിന്ന് എന്താണ കാരണമെന്ന് ഇനി ആലോചിക്കുക. ഒരു സംസ്കൃതപദത്തിന്റെ അവസാനത്തിലുള്ള ഹ്രസ്വാകാരം ആ പദത്തെ പ്രയോഗിക്കുമ്പോൾ സംവൃതമാണെന്നു പാണിനീയശിക്ഷയിൽ പറഞ്ഞിരിക്കുന്നു. [ഹ്രസ്വസ്യാവർണ്ണസ്യ(പ്രയോഗേ) സംവൃതം] ഈവിധം ഉച്ചാരണം ഇപ്പോഴും കാശിമുതലായ വടക്കൻപ്രദേശങ്ങളിലുള്ള പണ്ഡിതന്മാരുടെ ഇടയിൽ കാണാവുന്നതാണ. ആ വിധത്തിൽ അകാരത്തെ സംവൃതമായി ഉച്ചരിക്കുന്നതായാൽ നമ്മുടെ വിവാദഗ്രസ്തമായ അരയുകാരം അല്ലെങ്കിൽ സംവൃതോകാരത്തോട് ആ അകാരത്തിന്ന ശ്രുതിസാമ്യമുണ്ടെന്നത് അനുഭവംകൊണ്ടുതന്നെ അറിയാവുന്നതാണല്ലോ. ഉച്ചാരണം മാത്രം ആ വിധത്തിൽതന്നെ ചെയ്തുവന്നവരും കേവലം ആര്യന്മാക്കും അവരുടെ ഭാഷക്കും കീഴടങ്ങിയവരും തമിഴ്ഭാഷയിൽ ഇങ്ങിനെ ഒരു കുറ്റിയലുകരം ഉള്ള കഥപോലും അറിയാത്തവരുമായ മദ്ധ്യകാലിക മലയാളികൾ അതു, വീടു, ഇത്യാദി സ്ഥലങ്ങളിലെ ആര്യന്മാരുടെ സംവൃതാകാരശ്രുതിസാമ്യംനിമിത്തം സംവൃതാകാരംതന്നെയാണ ഈ സ്ഥലങ്ങളിലുമുള്ളതെന്നു നിർണ്ണയിക്കുകയും അതുതന്നെ പരമ്പരാപ്രാപ്തമായി വന്നുപോവുകയുംചെയ്തത് കൊണ്ട് ആധുനികന്മാരിലും ചിലർ ആ അഭിപ്രായത്തെ അനുസരിച്ചു വാദിക്കുന്നതിൽ വിശേഷിച്ച് അത്ഭുതപ്പെടുവാനൊന്നുമില്ല. വാസ്തവത്തിൽ അതു ഉകാരസംബന്ധിയാണെന്നുള്ളതിലേക്കു കേരളപാണിനി പറഞ്ഞിരിക്കുന്ന കാരണങ്ങൾക്കു പുറമെ "ഗീരുകൊണ്ടു" "പ്രീതിയും പാണ്ഡുസുതകുലനിർണ്ണയം" ഇത്യാദി ഭാരതാദിപ്രയോഗങ്ങളും മേലെ പറഞ്ഞ

അഭിപ്രായത്തെ പിൻതാങ്ങീട്ടാണ കാണുന്നത്. തെലുങ്ക്‌രാജ്യത്തിൽ സംസ്കൃതപണ്ഡിതന്മാർ അദ്ധ്യാക്ഷരങ്ങൾ എല്ലാം ഉച്ചരിക്കുമ്പോൾ ഒരു മുറുകാരത്തോടുകൂടിത്തന്നെയാണ് ഇപ്പോഴുമുച്ചരിച്ചുവരുന്നത്, (ആസീത്=ആസിതു) എന്നുകൂടി ഈ സന്ദർഭത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു.

പണ്ഡിതർ. ആർ. വി. കൃഷ്ണമാചാര്യർ.

# പത്രചരിത്രം.

———:o:———

മദിരാശിയിലെ കഥ ഇതിലും പരുങ്ങലാണ്. അവിടെ പത്രങ്ങളെ സംബന്ധിച്ചുള്ള റിഷ്ക്ക് കൽക്കത്തയിലും അധികമായിരുന്നു. അർദ്ധവർഷംകൊണ്ട് അവസാനിക്കുന്നതും കൊല്ലം തികയുന്നതിന് മുമ്പു മരിക്കുന്നതും അഞ്ചുകൊല്ലത്തിനകത്തു വീഴുന്നതുമല്ലാതെ അല്പം പ്രചാരത്തോടുകൂടി പത്തുകോല്ലം തികച്ചിരുന്നിട്ടുള്ള ഒരു പത്രം 1857 വരെ ആ സംസ്ഥാനത്തുണ്ടായതായി കാണുന്നില്ല. ഭാരതഖണ്ഡത്തിൽ ഉൽഭവിച്ചിട്ടുള്ള പത്രങ്ങളിൽ 1878 വരെ രണ്ടായിരത്തിലധികം വരിക്കാരുണ്ടായിരുന്ന പത്രം ഓവർലൻഡ് മേയിൽ (Overland Mail) മാത്രമാണ്. അതിന്ന് നാലായിരം വരിക്കാരുള്ളതായി കാണുന്നു. ലോർഡ് കാനിങ്ങ് (Lord Canning) നാട്ടുപത്രങ്ങളെ സംബന്ധിച്ച് ഒരു പ്രത്യേക നിയമം 1878-ൽ നടപ്പാക്കി. അതായത — പത്രാധിപന്മാരോ അച്ചടിക്കാരോ ഗവമ്മേണ്ടിന്നു അപ്രീതിക്കോ അന്യമതങ്ങൾക്കു വിരോധത്തിന്നോ എടവരുത്തുന്ന ലേഖനങ്ങളൊന്നും നാട്ടുഭാഷാപത്രങ്ങളിലോ പത്രഗ്രന്ഥങ്ങളിലോ പ്രസിദ്ധപ്പെടുത്തുന്നതല്ലെന്നുള്ളതിലേക്കു ജാമ്യം കൊടുക്കേണ്ടതാണെന്നും നിശ്ചയത്തിന്നു വിരോധമായി പ്രവൃത്തിക്കുന്നതായാൽ ആദ്യം നോട്ടീസ്സുമൂലം അറിയിക്കുകയും ആവത്തിച്ചാൽ മുതൽകൈകേറുകയും ചെയ്യുമെന്നുമായിരുന്നു. ഇങ്ങിനെ പത്രങ്ങളെത്തലപൊക്കുവാൻ പാടില്ലാത്തവിധം തട്ടിത്താത്തിക്കൊണ്ടിരുന്നു എങ്കിലും ഭാരതവഷത്തിൽ ഒട്ടാകെ പലഭാഷകളിലും ഉള്ളപത്രങ്ങളും പത്രഗ്രന്ഥങ്ങ

ളും കൂടി അറുനൂറുവരെ എത്തിട്ടുണ്ട. അതിൽ മൂന്നിലൊന്ന നാട്ടുപത്രങ്ങളും നിക്കി കൽക്കത്തയിൽ 15 പ്രതിദിനപത്രങ്ങളൊട്ടുകൂടി 55പത്രങ്ങളുള്ളതിൽ പ്രമാണി "ഇംഗ്ലീഷ്മ്യാൻ (English man) എന്ന പത്രത്തിന്ന വയസ്സ നാല്പതോളമായിരിക്കുന്നു. ബമ്പായിൽ രണ്ടുദിനസരി ഉൾപ്പടെ 16-ൽ മാന്യസ്ഥാനം ബാമ്പെഗാസററിന്നാണ്. പഴമയിൽ പായത്തെക്ക വ്യത്യാസമില്ല. മദ്രാസിൽ പ്രതിദിന പത്രം 4-ം പലവക 9 ം ഉള്ളതിൽ 36വയസ്സ ചെന്ന 'മേയിൽ' (Mail)സ്ഥാനത്ത് മൂപ്പായിവാഴുന്നു. മററുള്ളവ വേറെ സ്ഥലങ്ങളിലാണ്. ഇപ്പോൾ മാത്രമാണ മലയാള പത്രങ്ങളെയും മാസികകളെയും പററി ചിലതുപറവാനുള്ള പദ്ധതിയിലെത്തിയത്. നാട്ടുഭാഷകൾക്ക തിരിച്ചുവെച്ചിട്ടുള്ള മേൽ പറഞ്ഞ സ്ഥാനത്തിൽ നിന്ന മലയാളഭാഷയുടെ ഓഹരി എത്രയാണെന്ന് അറിവാനായി മലയാളത്തിൽ പ്രവേശിക്കുക തന്നെ.

മലയാളപത്രങ്ങളുടെ ജന്മഭൂമി മംഗലാപുരമാണെന്നു ചിലരും എറണാകുളമാണെന്നു മററു ചിലരും പറയുന്നു. ഉത്ഭവസ്ഥാനം സ്ഥിരപ്പെടുത്തുന്നതിലേക്ക മൂപ്പേറു കൊല്ലത്തിന്നു മുമ്പ വല്ലപത്രവും മലയാളത്തിലുണ്ടായിട്ടുണ്ടോയെന്നറിയുന്നതിന്ന ഗത്യന്തരമില്ലാത്തതിനാൽഇന്നുപ്രായം ചെന്നിട്ടുള്ള പത്രത്തെ ആശ്രയിച്ചുതീർച്ചചെയ്യേണ്ടതായിവന്നിരിക്കുന്നു. അതവരാപ്പുഴെജനിച്ച് എറണാകുളത്ത വളന്നവരുന്നതും 27 വയസ്സുപ്രായമുള്ളതുംസത്യനാദകാഹളത്തിലെ കാഹളംകളഞ്ഞതുമായ 'സത്യനാദം' എന്ന പത്രമാണ്. മലയാളപത്രങ്ങളിൽ രാജ്യകാര്യം സംബന്ധിച്ച വിഷയങ്ങൾ പത്രംപുറപ്പെടുന്നതോടുകൂടിത്തന്നെ പ്രസിദ്ധപ്പെടുത്തിത്തുടങ്ങീട്ടുണ്ട്. ഇത് അന്നത്തെ ഇംഗ്ലീഷ്പത്രങ്ങളെ അനുസരിച്ചുതുടങ്ങിയതുകൊണ്ടായിരിക്കാം. പത്രങ്ങളുടെ അഭിപ്രായത്തോടുകൂടി ഗവമ്മേണ്ട്യോജിക്കാത്തതഗൌരവമേറിയ വിഷയങ്ങളെക്കുറിച്ചുപത്രങ്ങൾവേണ്ടവിധംആലോചിക്കാത്തതുകൊണ്ടായിരിക്കാം. നാടന്നകാര്യങ്ങളെപ്പററി വേണ്ടതിലധികം പറവാനുള്ളസാമത്ഥ്യം ധാരാളമുണ്ടെന്നുള്ള പ്രസിദ്ധിസമ്പാദിച്ചിരിക്കുന്നനാട്ടുപത്രങ്ങൾഇംഗ്ലീഷ്സഹജീവികളെപ്പോലെനടക്കേണ്ടുന്ന കാര്യങ്ങളുടെ ഗുണദോഷനിരൂപണംചെയ്ത് അഭിപ്രായംപുറപ്പെടുവിച്ചുതുടങ്ങിയിരിക്കുന്നു. പക്ഷേ ഒന്നുറച്ചും മറേറതൊലിച്ചും വ

രുന്നതാണ് ഇവരുടെ അഭിപ്രായങ്ങളിലുള്ള അന്തരം. ആദ്യത്തെ മലയാള മാസിക 1056 മീനത്തിൽ തിരുവനന്തപുരത്തുനിന്നു പുറപ്പെട്ട 'വിദ്യാവിലാസിനി'യാകുന്നു. ഇപ്പോൾ അതു നടപ്പില്ല. പിന്നത്തെ രാജ്യകാൎയ്യങ്ങളെ പ്രതിപാദിക്കുന്നതല്ലെന്നുള്ള നിഷ്കൎഷയോടുകൂടി തൃശ്ശിവപേരൂര കല്പദ്രുമാലയത്തിൽ 1065 കന്നിമാസത്തിൽ ജനിച്ച വിഖ്യാത വിദുഷിയായ 'വിദ്യാവിനോദിനി'യാണ്. ഇംഗ്ലീഷ്, സംസ്കൃതം, മലയാളം, എന്ന ഭാഷകളിൽ അപാരപാണ്ഡിത്യം സമ്പാദിച്ച വിരപുരുഷന്റെ ലാളനയിൽ വളൎന്നുവന്ന ഈ പത്രരത്നം അല്പകാലംകൊണ്ടു സജ്ജനസമ്മതം പ്രാപിക്കുകയും പിന്നീടുണ്ടായിട്ടുള്ള പത്രഗ്രന്ഥങ്ങൾക്കെല്ലാം ഒരു മാതൃകയായിത്തീരുകയും ചെയ്തു. യൌവ്വനാരംഭത്തിൽ സ്വയംവരത്തിന്നുവേണ്ടി രക്ഷാധികാരം വിട്ടുപുറപ്പെട്ടതിന്റെ ശേഷം നാനാപ്രകാരേണ പേരുകേട്ടിട്ടുള്ള ചിലരുടെ നൎമ്മാലാപങ്ങളെക്കൊണ്ടു തൃപ്തിപ്പെടാതെ അവസാനം പ്രതിഭംഗവും അനുഭവിച്ച് ഒന്നരക്കൊല്ലമായിട്ടു പുറത്തുവരുവാൻ പാടില്ലാത്തവിധം അതിദയനീയമായ അവസ്ഥയിൽ കിടപ്പായിരിക്കുന്നു. മലയാളത്തിൽ ഇതുവരെ 32 പത്രങ്ങൾ ഉണ്ടായിട്ടുള്ളതിൽ പ്രതിദിനപത്രമൊന്നുമില്ലെന്നു കാണുന്നത് ശോചനീയം തന്നെ. ഇതിന്നുപുറമെ പത്രഗ്രന്ഥങ്ങളും മാസികകളും കൂടിയുള്ള തുക 27 മാത്രമാണു.

മേൽപറഞ്ഞ പത്രങ്ങളിൽ പ്രതിവാരമെന്ന നിലവിട്ട് ഒരു പടികൂടി സഞ്ചരിക്കുന്നതിന്നുള്ള ധൈൎയ്യവും സാമൎത്ഥ്യവും മലയാളമനോരമയ്ക്കു മാത്രമുണ്ടെന്നുള്ള സംഗതി സൎവ്വഥാ ശ്ലാഘനീയം തന്നെ. എന്തെന്നാൽ ബ്ലാത്തിയിലുള്ള പ്രതിവാരപത്രത്തിന്ന് 50000 വരിക്കാരുണ്ടായാൽ ആ പത്രത്തിന്നു നടപ്പുള്ളതായി വിചാരിക്കുന്നു. ഇൻഡ്യയിൽ ആത്തരത്തിലൊന്നിന്നു 5000 വരിക്കാരെ കിട്ടിയാൽ ഉൽകൃഷ്ടപദവി ലഭിച്ചു. ആയിരം വരിക്കാരെ അന്വേഷിച്ചുണ്ടാക്കുവാൻകൂടി സാധിക്കാതെയാണല്ലോ മലയാളപത്രങ്ങൾ സഞ്ചരിക്കുന്നത്. ഇങ്ങനെ ബ്ലാത്തിയിലുള്ള സഹജീവികളുടെ പത്തിന്നൊന്ന് പഴമയിലും നൂററിന്നു രണ്ടു പ്രചാരത്തിലും നൂററിന്നൊന്നു അധികാരത്തിലും ജനസമ്മതത്തിലും ഇപ്പോൾ മലയാളപത്രങ്ങൾ എത്തിക്കൂടീട്ടുള്ള കാലമാകുന്നു.

എ. നാരായണപ്പൊതുവാൾ.

# വർത്തമാനപത്രങ്ങൾ.*

| ഏണ്ണം | പേര | സ്ഥലം | വിവരം | പുസ്തകം | ഉള്ളതോ ഉണ്ടായിരുന്നതോ |
|---|---|---|---|---|---|
| 1 | സത്യനാദം | എറണാകുളം | മാസത്തിൽമൂന്ന | 27 | ഉള്ളത |
| 2 | കേരളമിത്രം | ബ്രിട്ടീഷ്കൊച്ചി | ടി | 23 | ടി |
| 3 | കേരളചന്ദ്രിക | കോഴിക്കോട | ആഴ്ചയിലൊന്ന | 20 | ടി |
| 4 | കേരളസഞ്ചാരി | കോഴിക്കോട | ടി | 17 | ടി |
| 5 | നസ്രാണിദീപിക | മാന്നാനം (കോട്ടയം) | ടി | 17 | ടി |
| 6 | മലയാളമനോരമ | കോട്ടയം | ആഴ്ചയിൽ രണ്ട | 14 | ടി |
| 7 | മനോരമ | കോഴിക്കോട | ആഴ്ചയിലൊന്ന | 13 | ടി |
| 8 | മലയാളി | തങ്കശ്ശേരി. (കൊല്ലം) | ടി | 9 | ടി |
| 9 | കേരളപഞ്ചിക | തിരുവനന്തപുരം | ടി | 4 | ടി |
| 10 | കേരളതാരക | കോട്ടയം | ടി | 3 | ടി |
| 11 | കേരളശോധിനി | ഒറ്റപ്പാലം | മാസത്തിൽമൂന്ന | 3 | ടി |
| 12 | സുഭാഷിണി | ചെങ്ങനാശ്ശേരി | ആഴ്ചയിലൊന്ന | 2 | ടി |
| 13 | സുജനാനന്ദിനി | (കൊല്ലം) പരവൂർ | ടി | 1 | ടി |
| 14 | ഭാരതകേസരി | [illegible]ശ്ശേരി | ടി | 1 | ടി |
| 15 | കേരളീയൻ | കൊല്ലം | ടി | 1 | ടി |

| എണ്ണം | പേര | സ്ഥലം | വിവരം | പുസ്തകം | ഉള്ളതോ ഉണ്ടായിരുന്നതോ |
|---|---|---|---|---|---|
| 16 | ഏഴുത്തച്ഛൻ | ഒററപ്പാലം | മാസത്തിൽ ഒന്ന | 1 | ഉള്ളത |
| 17 | ശംഭുന്തസന്ദേശം | തൃപ്പൂണിത്തുറ | മാസത്തിൽ രണ്ട | 1 | ടി |
| 18 | സാരസാഗരം | മാവേലിക്കര | ടി | 1 | ടി |
| 19 | കേരളനന്ദിനി | തൃശ്ശിവപേരൂർ | ആഴ്ചയിലൊന്ന | 5 | ഉണ്ടായിരുന്നത് |
| 20 | മലയാളമിത്രം | കോട്ടയം | മാസത്തിലൊന്ന | 1 | ടി |
| 21 | സരസ്വതി | തൃശ്ശിവപേരൂർ | ആഴ്ചയിലൊന്ന | 1 | ടി |
| 22 | രാമരാജ | തിരുവനന്തപുരം | ടി | ? | ടി |
| 23 | ജ്ഞാനനിക്ഷേപം | കോട്ടയം | ആഴ്ചയിലൊന്ന | ? | ടി |
| 24 | കേരളപ്രിയവാദിനി | ടി | ടി | ? | ടി |
| 25 | വഞ്ചിപഞ്ചിക | തിരുവനന്തപുരം | ടി | ? | ടി |
| 26 | മലയാളശോധിനി | കോട്ടയം | മാസത്തിൽ രണ്ട | ? | ടി |
| 27 | സൽത്തമിത്രം | ആലപ്പുഴ | ടി | ? | ടി |
| 28 | പശ്ചിമതാരക | കൊച്ചി | ആഴ്ചയിലൊന്ന | ? | ടി |
| 29 | കേരളദർപ്പണം | തിരുവനന്തപുരം | മാസത്തിൽ മൂന്ന | ? | ടി |
| 30 | സ്വദേശാഭിമാനി | തൃശ്ശിവപേരൂർ | ആഴ്ചയിലൊന്ന | ? | ടി |
| 31 | വിദ്യാസംഗ്രഹം | ? | ? | ? | ടി |
| 32 | സന്ദിഷ്ടവാദിനി | ? | ? | ? | ടി |

# മാസികകൾ

| എണ്ണം | പേര | സ്ഥലം | വിവരം | പുസ്തകം | ഉള്ളതോ ഉണ്ടായിരുന്നതോ |
|---|---|---|---|---|---|
| 1 | കവനോദയം | നാദാപുരം | 2 മാസത്തിൽ ഒന്നു | 10 | ഉള്ളത |
| 2 | ഭാഷാപോഷിണി | കോട്ടയം | മാസത്തിലൊന്നു | 7 | ടി ? |
| 3 | വിനോദമാലിക | തൃശ്ശിവപേരൂർ | മാസത്തിൽ രണ്ടു | 3 | ടി |
| 4 | രസികരഞ്ജിനി | എറണാകുളം | മാസത്തിൽ ഒന്നു | 2 | ടി |
| 5 | ഉപാദ്ധ്യായൻ | തിരുവനന്തപുരം | ടി | 2 | ടി ? |
| 6 | ധന്വന്തരി | കോട്ടക്കൽ | ടി | 1 | ടി |
| 7 | വ്യവഹാരചിന്താമണി | വള്ളുവനാട | ടി | 1 | ടി |
| 8 | നായർ | ചെങ്ങനാശ്ശേരി | ടി | 1 | ടി |
| 9 | സുധർമ്മ | തിരുവനന്തപുരം | ടി | 1 | ടി • • |
| 10 | സുറിയാനി സുവിശേഷകൻ | കോട്ടയം | ടി | ? | ടി |
| 11 | കർമ്മേലകുസുമം | മാന്നാനം (കോട്ടയം) | ടി | 1 | ടി |
| 12 | ആത്മോപകാരി | മംഗലാപുരം | ? | ? | ടി |
| 13 | സുവിശേഷകൊടി | തിരുവല്ല | ? | ? | ടി |
| 14 | മലങ്കര സഭാതാരക | കോട്ടയം | ? | ? | ടി |
| 15 | വിദ്യാവിലാസിനി | തിരുവനന്തപുരം | മാസത്തിൽ ഒന്നു | ൯ന മീനം | ഉണ്ടായിരുന്നത |

| എണ്ണം | പേര | സ്ഥലം | വിവരം | പുസ്തകം | ഉള്ളതോ ഉണ്ടായിരുന്നതോ |
|---|---|---|---|---|---|
| 16 | വിദ്യാവിനോദിനി | തൃശ്ശിവപേരൂർ | മാസത്തിൽ ഒന്ന | 14 | ഉണ്ടായിരുന്നത |
| 17 | ആര്യസിദ്ധാന്തചന്ദ്രിക | പാലക്കാട | ടി | 〃 | ടി |
| 18 | ഏടവകപത്രിക | കോട്ടയം | ടി | 〃 | ടി |
| 19 | സെൻറ തോമസ് ഗസററ് | ടി | ടി | 〃 | ടി |
| 20 | മഹാറാണി | മദ്ധ്രാസ് | ടി (ചിത്രങ്ങളോടുകൂടി) | 〃 | ടി |
| 21 | ദിഗ്ദർപ്പണം | കായങ്കുളം | ടി | 〃 | ടി |
| 22 | കേരളകേസരി | ആലപ്പുഴ | ടി | 〃 | ടി |
| 23 | ചന്ദ്രിക | കൊല്ലം | ടി | 〃 | ടി |
| 24 | സരസ്വതി | കോട്ടയം | ടി | 〃 | ടി |
| 25 | വിദ്യാവിലാസിനി | കൊല്ലം | ടി | 〃 | ടി |
| 26 | വിദ്യാവിലാസിനി | കൊട്ടാരക്കര | ടി | 〃 | ടി |
| 27 | കേരളീയസൽഗുണബോധിനി | 〃 | ടി | 〃 | ടി |

* ഉള്ളവയും ഉണ്ടായിരുന്നവയും ആയ വർത്തമാനപത്രങ്ങളെക്കുറിച്ച അറിവു കിട്ടീട്ടുള്ളതെല്ലാം ഈ പട്ടികയിൽ ചെട്ടുത്തിട്ടുണ്ടെന്നല്ലാതെ ഇതിൽ തെററില്ലെന്നോ സകലവും കൊടുത്തിട്ടുണ്ടെന്നോ പറയാവുന്നതല്ല. ഈ പറഞ്ഞത മാസികകളുടെ പട്ടികക്കും ബാധിക്കുന്നതാണ.

# ബൃഹസ്പതി.

———:0:———

ബൃഹസ്പതി ഒരു സൂൎയ്യനല്ല. അതു സ്വപ്രകാശം കൊണ്ട് ശോഭിക്കുന്നില്ല. അതിൽ ഒരു നക്ഷത്രത്തിലെ പോലെ അത്യുഷ്ണവായുക്കൾ കത്തിജ്വലിക്കുന്നതുമില്ല. അതിനെ ഒരു ദീപ്തിമത്തായ ഗ്രഹംഎന്നമാത്രമേ പറവാൻപാടുള്ളു. പക്ഷെ ഈ ഗ്രഹംഇനിയും ഭൂമിയെപ്പോലെ തണുത്ത് ശാന്തസ്ഥിതിയെ പ്രാപിച്ചുകഴിഞ്ഞിട്ടില്ല. 'കുജൻ' എത്രയോ കാലം മുമ്പുതന്നെ ഭൂമിയുടെ ഇപ്പോഴത്തെ സ്ഥിതിയെപ്രാപിച്ചു കഴിഞ്ഞിരിക്കണമെന്നു നാം മനസ്സിലാക്കിട്ടുണ്ടല്ലോ. എന്നാൽ ബൃഹസ്പതി ഈ സ്ഥിതിയെ പ്രാപിക്കുന്നതിന് ഇനിയും അനേകം കാലം വേണ്ടിവരുന്നതാണ്.

ഒരു ചെറിയഗോളം വലിയ ഒരു ഗോളത്തിലും വേഗത്തിൽ തണുക്കുന്നതാണെന്ന്, ഇതിനു മുമ്പിൽ കുജനെപ്പററിയുള്ള ഉപന്യാസത്തിൽ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും അത് എങ്ങിനെയാണെന്ന് വായനക്കാരിൽ ചിലക്കു മനസ്സിലായിട്ടില്ലെന്ന് അറിയുന്നതിനാൽ അതിനെ സ്പഷ്ടമാക്കുന്നതിന് ഒരു ദൃഷ്ടാന്തം താഴെ ചേൎക്കാം. ഒരു ഗോലി(ഗമങ്കായ)യുടെയും, ചെറുനാരങ്ങയുടെയും, പന്തിൻെറയുംവലിപ്പത്തിലുള്ള മൂന്ന്ഇരുമ്പുണ്ടകളെ ഒരുപോലെ ചുട്ടുപഴുപ്പിച്ച് അവയെ തണുപ്പിക്കുവാനായി നിലത്തിടുന്നതായാൽഗോലിയുടെ വലിപ്പത്തിലുള്ള ഉണ്ടഒന്നാമതായി തണുക്കുന്നതാണ്. കുറേസമയംകഴിഞ്ഞാൽ നാരങ്ങയുടെ വലിപ്പത്തിലുള്ള ഉണ്ടയും തണുക്കും. പന്തോളമുള്ള ഉണ്ടയുടെ ചൂടാറുന്നത് ഇതിനു ശേഷമായിരിക്കും. ഈ സംഗതി നമുക്ക് എളുപ്പത്തിൽ പരീക്ഷിച്ചറിയാവുന്നതാണ. ഗ്രഹങ്ങളുടെ താപശക്തിനാശിക്കുന്നതും ഈ ക്രമം അനുസരിച്ചു തന്നെയാകുന്നു.

ബൃഹസ്പതിലാഘവമുള്ള ദ്രവ്യങ്ങളാൽനിൎമ്മിക്കപ്പെട്ടതാണെന്നതോന്നുന്നുവെങ്കിലും ആകെയുള്ള വലിപ്പംകൊണ്ട് അതിൻെറ ആകൎഷണശക്തി ഭൂമിയുടേതിലും വളരെ വളരെ അധികമായിരിക്കണമെന്ന്നിസ്സംശയംപറയാം. ഏററവുംഉഷ്ണിച്ചു കിടക്കുന്നഒരു ഗോളത്തിൻമീതെയോ, സന്തപ്തമായ മെഘപടലത്തിന്മേലോ

ചവിട്ടിനിൽക്കുക എന്നത് അസംഭാവ്യമാണെങ്കിലും, ഒരുവന്ന് ബൃഹസ്പതിയിലേക്ക് പോയി അതിന്റെ ഉപരിഭാഗത്ത് സ്ഥിതിചെയ്യുവാൻ സാധിക്കുന്നുവെന്ന വിചാരിക്കുന്നപക്ഷം ഭൂമിയിൽ ഉണ്ടായിരുന്നതിലും വളരെ അധികം ഘനം അയാൾക്ക് അവിടെ ഉണ്ടാവുന്നതാണത്രെ. ഇവിടെ 84 റാത്തൽഘനമുള്ള ഒരു കുട്ടിക്ക് ബൃഹസ്പതിയിങ്കൽ 210 റാത്തൽ ഉണ്ടായിരിക്കും. അതുപോലെ തന്നെ 168 റാത്തൽ ഘനമുള്ള ഒരാൾക്ക് ആ ഗ്രഹത്തിൽ 420 റാത്തൽ തൂക്കവും ഉണ്ടാവും.

ബൃഹസ്പതിയുടെ ബഹിർഭാഗത്തിങ്കൽ കണ്ടുപിടിക്കപ്പെട്ടിരിക്കുന്ന അടയാളങ്ങൾക്ക് ശുക്രനിലും കുജനിലും കാണുന്നവയിലും അധികം ഭംഗിതോന്നുന്നുണ്ട്. അതിശുഭ്രമായും കറുത്തിരുണ്ടതായുമുള്ള ചിഹ്നങ്ങളാൽ ശോഭിച്ചും, നാനാവിധധൂമ്രനീലവർണ്ണമായകളാൽ പരിമിളിതമായും ഉള്ള പീതരക്തമൂടലാഭയോടുകൂടിയ മേഘലകളാണ ദൂരദർശിനിയിൽകൂടി നോക്കുമ്പോൾ സദാ നയനങ്ങൾക്ക് ഗോചരമായിത്തീരുന്നത. ആ മേഘലകൾക്കു സ്വല്പമായ ചില ഭേദഗതികൾ ഉണ്ടാകുന്നുണ്ടെങ്കിലും അതുകൾ ഒരുമാതിരി സ്ഥിരമായിട്ടുള്ളവയാണെന്ന് തന്നെ വിചാരിക്കേണ്ടതാകുന്നു. എങ്കിലും കുജഗ്രഹത്തിലെ പാർത്ഥിവാംശങ്ങളും സമുദ്രങ്ങളും ആണെന്ന വിചാരിച്ചുവരുന്നവയായ കളങ്കങ്ങളെപ്പോലെ നിത്യമായിട്ടുള്ളവയെന്ന് പറവാൻ തരമില്ല. എന്തെന്നാൽ ബൃഹസ്പതിയുടെ ബഹിർഭാഗത്തിങ്കൽ ഘനവസ്തു ഉണ്ടോ ഇല്ലയോ എന്നുതന്നെ സംശയമായിരിക്കുന്ന സ്ഥിതിക്ക് അതിൽ കാണുന്ന കളങ്കങ്ങൾ ആ ഗ്രഹത്തിന്ന ചുററുമുള്ള മേഘമൂടലിൽ കാണുന്നവയും കൂടക്കൂടെ സ്ഥാനഭ്രംശം ഉണ്ടാകുന്നവയും ആയിരിക്കണം. മേഘസമൂഹങ്ങളെ ആ ഗ്രഹത്തിന്ന ചുററും അതിവേഗത്തിൽ സഞ്ചരിപ്പിക്കുന്നത അവിടത്തെ പ്രചണ്ഡവായു പ്രവാഹമാണ്. ഇങ്ങിനെയുള്ള മേഘലകളുള്ളതുകൊണ്ട് ബൃഹസ്പതിയെ "മേഖലാചെഷ്ടിതഭീമവിഗ്രഹം" എന്ന് വിളിച്ചുവരുന്നു. പേര് വളരെ യോജിപ്പുതന്നെ.

ബൃഹസ്പതിയിലും ഒരു പ്രധാനകളങ്കം ഉണ്ട. അത് കുജന്റെ 'കണ്ണ്' പോലെ സ്ഥിരമായിട്ടുള്ളതല്ല. എങ്കിലും ക്ഷണ

മംഗളമെന്നും പറവാൻ തരമില്ല. ക്രിസ്ത്വാബ്ദം 1878 മുതൽക്കുതന്നെ ആയത കണ്ടുതുടങ്ങിയിരിക്കുന്നു. ഒരു ചുവന്ന വലിയ അടയാളത്തിനുപുറമെ മററും അനേകം അടയാളങ്ങളും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്.

ഇങ്ങിനെയുള്ള ചിഹ്നങ്ങളെക്കൊണ്ട് ജ്യോതിശ്ശാസ്ത്രജ്ഞന്മാൎക്ക് ആ മേഘമൂടലിനകത്തുള്ള വിഗ്രഹത്തെപ്പററി കുറച്ചൊന്നു മനസ്സിലാക്കുവാൻ പക്ഷെ തരമുണ്ടായേക്കാമെന്നു ഊഹിച്ചുവരുന്നു. ബൃഹസ്പതിയിങ്കൽ ഒരുകാലത്ത് അധികമായ തണുപ്പ് തട്ടുന്നതായാൽ അതിവിസ്തീൎണ്ണമായ സമുദ്രങ്ങളായിത്തീരത്തക്കവണ്ണമുള്ള ജലാംശങ്ങൾ ഇപ്പോൾ ആ ഗ്രഹത്തിന്മീതെ ആവിരൂപമായി തങ്ങിനില്ക്കുന്നു എന്നസംഗതി ഓൎക്കുമ്പോൾ അവിടത്തെ മേഘമൂടലിന്റെ വിശാലത എത്രത്തോളമുണ്ടായിരിക്കുമെന്ന് എല്ലാവൎക്കും ആലോചിക്കാവുന്നതാകുന്നു. ബൃഹസ്പതിക്ക് ആദിത്യനെപ്പോലെ അതിതീക്ഷ്ണമായ പ്രഭയും ചൂടും ഇല്ലെങ്കിലും അത് ഇപ്പോഴും ജ്വലിച്ചുകൊണ്ടുതന്നെയിരിക്കുന്നു. ഒരു സ്ഥിതിക്ക് ആ ഗ്രഹത്തിൽ ജലാംശങ്ങൾ നീരാവിയായോമററോ അല്ലാതെ വെള്ളമായിരിപ്പാൻ തരമില്ലല്ലൊ. വല്ലപ്രകാരേണയും വെള്ളം അവിടെ വീഴുന്നതാണെങ്കിൽതന്നെ അത് ഉടനെ തിളച്ച് ആവിരൂപമായി പരിണമിക്കയുംചെയ്യും.

ബൃഹസ്പതിയുടെ അവസ്ഥ ഇപ്രകാരമായിരിക്കെ ആ ഗ്രഹം ജീവികളുടെ അധിവാസത്തിന് യോഗ്യമോ എന്ന ചോദ്യത്തിന് അവകാശംതന്നെയില്ല. സന്തപ്തമായ മേഘസമൂഹത്താൽ ചുററും മൂടപ്പെട്ട് ചുട്ടുപഴുത്തുകിടക്കുന്ന ഒരു ഗോളത്തിൽ ഭൂമിയിൽ കാണുന്നപോലെയുള്ള ജന്തുക്കൾക്ക് ജീവിപ്പാൻ ഒരിക്കലും സാധിക്കുന്നതല്ല. എത്രകാലംകൊണ്ട് ആ ഗ്രഹം നിവാസയോഗ്യമായിത്തീരുമെന്ന് ചോദിക്കുന്നപക്ഷം ഒരു നിശ്ചയമായ മറുപടി പറവാനും കഴിയുന്നതല്ല. നമ്മുടെ ഭൂമിതന്നെ ഇപ്രകാരം നിവാസത്തിന്നു യോഗ്യമായിത്തീൎന്നിട്ടുള്ളത് എത്ര അസംഖ്യം സംവത്സരങ്ങൾകൊണ്ടാകുന്നു എന്ന് ഓൎക്കുമ്പോൾ അതിനേക്കാൾ അത്യന്തം വലിപ്പമുള്ള ബൃഹസ്പതിക്ക് എത്ര കാലം വേണമെന്നു വായനക്കാർതന്നെ ഊഹിച്ചുകൊള്ളട്ടെ.

ബൃഹസ്പതിയെ ആശ്രയിച്ച് നാല് ചന്ദ്രന്മാർ ചരിക്കുന്നതായി കണ്ടുപിടിച്ചിരിക്കുന്നു. അവറ്റകളെ അധികം ശക്തിയില്ലാത്ത ഒരു ദൂരദർശിനിയിൽകൂടി നോക്കിയാലും കാണാവുന്നതാണ. ഇപ്പോൾ അഞ്ചാമത് ഒരു ഉപഗ്രഹംകൂടി ഉള്ളതായി കണ്ടിരിക്കുന്നു. നമ്മുടെ ചന്ദ്രൻ ഭൂമിയോടുകൂടി സൂര്യനെ പ്രദക്ഷിണംവെക്കുന്നപോലെതന്നെ ആ നാല് ചന്ദ്രന്മാരും രമണിയമേഖലകളോടുകൂടിയ ബൃഹസ്പതിക്ക് ചുററും ചരിച്ചുകൊണ്ട സൂര്യമണ്ഡലത്തെ വട്ടംചുററുന്നത് എത്ര മനോഹരമായ കാഴ്ചയാണ!

എ. ശങ്കരപ്പുതുവാൾ. ബി. എ; ബി. എൽ.

# എന്റെ ആദ്യത്തെ ലേഖനം.

———:o:———

പാടത്ത് പണിയില്ലാത്ത ദിവസങ്ങളിൽ ഞാൻ പുറത്തിറങ്ങി നടക്കുന്നത കണ്ടാൽകൂടി അമ്മാമൻ എന്നെ തല്ലാറില്ല. ഉച്ചാരൽ ദിവസം ഊണുകഴിഞ്ഞത് അലക്കിയ മുണ്ടും ചന്ദനക്കുറിയുമായി അമ്മാമന്റെ മകൻ കൃഷ്ണൻ പഠിച്ചുകൊണ്ടിരിക്കുന്ന മുറിയിലേക്ക കയറിച്ചെന്നു.

കൃഷ്ണൻ— ഇന്ന നിങ്ങൾക്ക് വർക്ക് ഒന്നും ഇല്ല. അല്ലേ?

ഞാൻ— ഇന്നിക്കും അവർക്കും പണിയില്ല, പോകാനില്ല. എന്നുപറഞ്ഞ ഒരു മൂലയിൽ അടുക്കിവെച്ചിട്ടുള്ള പുസ്തകങ്ങൾ നോക്കിക്കൊണ്ടു നിൽക്കുമ്പോൾ അവൻ കുറെ പുസ്തകങ്ങളും കടലാസ്സുകളും കൊണ്ടുവന്ന എന്റെ മുമ്പിൽ വെച്ചു. അയാൾ ഇംഗ്ലീഷിലുള്ളതെല്ലാം തിരിഞ്ഞെടുത്ത മലയാളപുസ്തകങ്ങളും കടലാസ്സുകളും മുദ്രപൊട്ടിക്കാതെ താന്നെ ഒരു മൂലയിലേക്ക് തള്ളിയിട്ടു. അവിടെ പഴയവകൾ ഒരു തരത്തിൽ വളരെ കിടപ്പുണ്ട്. ഇത കണ്ടപ്പോൾ മലയാളത്തിലുള്ളതൊന്നും വേണ്ടതുണ്ടോ എന്ന ഞാൻ ചോദിച്ചു.

കൃഷ്ണൻ— അതൊക്കെ 'നോൺസെൻസ്സ്' എഴുതി അയച്ചിട്ടുള്ളതാണ്. എന്റെ 'ഡിഗ്നിററിക്ക്' വേണ്ടി മാത്രം മടക്കി അയക്കാതിരിക്കുന്നു എന്നേയുള്ളൂ. വേണമെങ്കിലെടുക്കാം.

കൃഷ്ണന് കുട്ടിക്കാലത്തുതന്നെ അല്പം കൊഞ്ഞലുണ്ട്. അതുകൊണ്ട് അയാാം പറഞ്ഞത മനസ്സിലാവാതെ രണ്ടാമതു ചോദിച്ചാൽ പരിഹസിക്കയാണെന്ന് വിചാരിച്ച് മുകറു വീപ്പിക്കും. അതുതന്നെപോരാ അമ്മാമനോടുപറഞ്ഞ് തല്ലുകൊള്ളിപ്പിക്കുന്ന സമ്പ്രദായവും ഇനിക്കു ധാരാളം അറിയാമായിരുന്നു. കൃഷ്ണൻ പറഞ്ഞതിന്റെ ആദ്യഭാഗം ഇനിക്കു മനസ്സിലായില്ലെങ്കിലും എടുക്കുവാനനുവാദം കിട്ടിയതുകൊണ്ടു ഞാൻ ഒരു കടലാസ്സു പൊളിച്ചു വായിച്ചുതുടങ്ങി.

കൃഷ്ണൻ— എന്താ. അതിലിത്തിരി 'ഇൻററസ്റ്റ്' ഉണ്ടോ ?

ഞാൻ— ഞാൻ ഒരുപുറം വായിച്ചതിൽ കൃഷ്ണൻ പറഞ്ഞത കണ്ടില്ല. പക്ഷെ വൎത്തമാനങ്ങളം വായിപ്പാൻ നല്ല രസമുണ്ട.

കൃഷ്ണൻ— അതൊക്കെ 'ഇംഗ്ലീഷ് പേപ്പറി'ൽതന്നെ നോക്കു. ഒരം 'ആൎട്ടിക്കിൾ' ഞാനെഴുതി അയച്ചതാണ്. 'എഡിറററിയ'ലിനോട് നന്നെ ഒടുത്തിട്ടുള്ളതുകൊണ്ട വളരെ നന്നായിട്ടുണ്ടെന്നാണ് വിചാരിക്കേണ്ടത്.

ഞാൻ— എന്തിനെക്കുറിച്ചാണ എഴുതി അയച്ചിരുന്നത്.

കൃഷ്ണൻ— നമ്മുടെ 'മോഡാഫ് ഡ്രസ്സിങ്ങ്'നെപററിത്തന്നെ.

മേൽപറഞ്ഞ വാക്കിൽനിന്ന് 'മോടോനെ'പററിയാണ കൃഷ്ണൻ എഴുതീട്ടുള്ളതെന്ന വിചാരിച്ച് ഇങ്ങിനെയുള്ളതെല്ലാം എഴുതിഅയച്ചാലച്ചടിക്കും ഇല്ലെ ? എന്ന ഞാൻ ചോദിച്ചു.

കൃഷ്ണൻ— നിശ്ചയമായിട്ടും ഈവകയാണ് എഴുതി അയക്കേണ്ടത്. വേണെങ്കിൽ കുറെ കടലാസ്സൊ ബുക്കോ എടുത്തുകൊണ്ടു പോയ്ക്കോളു. ഞാൻ കുറെ 'ബിസി'യായിട്ടിരിക്കുകയാണ്.

ഇത് കേട്ട് ഏഴെട്ടു കടലാസ്സുംകൊണ്ട് ഞാൻ പോന്നു. അവയെല്ലാം വായിച്ചുകഴിഞ്ഞപ്പോൾ ഇനിക്കും ഒന്ന് എഴുതി അയപ്പാനുള്ള മോഹംതുടങ്ങി. കൃഷ്ണന്റെ വിഷയംതന്നെ ഞാനും എഴുതുവാനുറച്ചു. ആക്കൊല്ലത്തിൽ കന്നുകാലി ദീനം ആദ്യമായിതുടങ്ങിയത് ഞങ്ങളുടെ കളത്തിലാണ്. ഇതിനെപ്പററി എല്ലാവരും അറിഞ്ഞ സൂക്ഷിക്കട്ടെ എന്ന വിചാരിച്ച് എഴുത്ത സാമാനങ്ങളെല്ലാം തപ്പിപ്പറക്കി സമ്പാദിച്ച് താഴേപറയുന്ന വിധത്തിലൊന്നെഴുതിയുണ്ടാക്കി.

പ്രിയപത്രാധിപർ അവർകളെ !

സാറേ !

“മോടോന് അപഘടം വരുമെന്ന കൃഷ്ണൻ എഴുതീട്ടുള്ളത് ശരിയാണ്. കന്നാലിക്കേടത്തുടങ്ങിയിരിക്കുന്നു. ഞങ്ങടെ ചെട്ടിക്കൊമ്പൻ പോത്തിന്റെ കാലിൽ കുളമ്പിട്ടു. ചൊവലമൃരിയുടെ വായിൽ തവളവന്നു. ആറേഴ എരുമക്കുട്ടികൾ കരുപ്പ് പൊങ്ങിച്ചത്തു. ഇതൊന്നും ഉണ്ടാവുന്നതിന്ന മുമ്പുതന്നെ കൃഷ്ണൻ എഴുതീട്ടുള്ളത് അയാളുടെ ദിവ്യരക്ഷസ്സ കൊണ്ടാണെന്നു പറയാം. കൃഷിക്കാരെല്ലാവരും അറിവാനായി അച്ചടിക്കാനപേക്ഷ.” എഴുതിയപ്പോൾ ചിലദിക്കിലെല്ലാം മഷി അധികമായി വീണുപോയതുകൊണ്ട നിലം തള്ളിപ്പൊളിച്ച ധാരാളം പൊടിവിതറി. മലയാളക്കടലാസ്സിലേക്ക എഴുതി അയക്കേണ്ടതിന്ന വെക്കേണ്ട പേര കൃഷ്ണൻ പറഞ്ഞത് ഞാൻ മറന്നു. അവസാനം ഓൎമ്മിച്ച “നൊസ്സൻ” എന്ന പേരുംവെച്ച് മടക്കി കൂട്ടിലാക്കി അഞ്ചലിൽ കൊണ്ടുപോയിക്കൊടുത്തു.

പിറേറദിവസം മുതൽക്ക ഞാൻ കൃഷ്ണന്റെ മുറിയിൽപോയി മലയാളക്കടലാസ്സുകളെല്ലാം പൊട്ടിച്ച്നോക്കിത്തുടങ്ങി. ഒന്നിലും എന്റെ എഴുത്ത് അച്ചടിച്ച് കണ്ടില്ല. ഇനിക്കു കുറെ വ്യസനംതോന്നി. എഴുത്ത വേണ്ടമാതിരിയിലാവാഞ്ഞതുകൊണ്ട് അച്ചടിക്കാതെയിരുന്നതാണെന്ന് നിശ്ചയിച്ച കടലാസ്സിലേക്ക എഴുതേണ്ട മാതിരി ഞാൻ കൃഷ്ണനോട ചോദിച്ചു.

കൃഷ്ണൻ— എഴുതിയത് വായിച്ചാൽ ഉടനെ ‘ഐഡ്യഫാറം’ ചെയ്യണം. അല്ലാതെ വല്ലവിധത്തിലും എഴുതിയയച്ചാൽ പോരാ.

ഞാൻ— എങ്ങിനെയാണ അത ചെയ്യേണ്ടത ?

കൃഷ്ണൻ— ഇന്ന് ‘ടയി’മില്ല. ഇനി ഒരിക്കലാവാം. എന്നുപറഞ്ഞതുകേട്ട ഞാൻ മടങ്ങിപോന്ന് വേറെ ഒരു സ്കൂൾകുട്ടിയുടെ അടുക്കൽപോയി ‘ഐഡഫാറം’ ചെയ്യുന്നതെങ്ങിനെയാണെന്ന ചോദിച്ചു. “അതൊരു പൊടിയാണ്, മീതെ കുറേശ്ശ വിതറിയാൽമതി” എന്ന കേട്ടപ്പോൾ ഇനിക്ക സന്തോഷമായി. വരുന്നവഴി ഒന്നുരണ്ട് പീടികയിൽചോദിച്ചപ്പോൾ അത ആശുപത്രിയിലുണ്ടാ

കുമെന്നവർ പറഞ്ഞു. ഞാൻ ആശ്ശുപത്രിയിലേക്ക ചെന്നു. മാഗ്ര്യംകൊണ്ട് ഞാൻ ചെന്നുകേറിയത് അപ്പാത്തിക്കരിയുടെ നേരെ തന്നെ. അദ്ദേഹം അമ്മാമനായിട്ട വളരെ പത്ഥ്യമാണ്. എന്നേയും അറിയും. അദ്ദേഹം എന്നോട് വന്നകാൎയ്യം ചോദിച്ചപ്പോൾ കുറെ "ഐഡഫാറം" കിട്ടിയാൽ കൊള്ളാമെന്നപറഞ്ഞു. "എന്താദിനം" എന്നു ചോദിച്ചപ്പോൾ ഞാൻ പരിങ്ങിത്തുടങ്ങി.

അപ്പാ-എന്താദിനം എന്ന പറയാൻ പാടില്ല. അല്ലെപ്രണംകാണിക്ക. ഞാൻ പൊടിവിതറാം.

ഞാൻ—(പൊടികിട്ടുവാനായിട്ട്) ഇനിക്കല്ല അമ്മാമനാണെന്നു പറഞ്ഞു. ഇതുകേട്ടപ്പോൾ വല്ലാതെകണ്ടു നാറുന്നകുറെ മഞ്ഞളിച്ച പൊടിപൊതിഞ്ഞുതന്നു. ഞാനതും കൊണ്ട വീട്ടിലേക്ക മടങ്ങുകയും ചെയ്തു. രണ്ടുമൂന്നു ദിവസം പണിത്തിരക്കകൊണ്ടും എഴുത്തു സാമാനം എടുക്കാൻ തരം വരാഞ്ഞിട്ടും എഴുതുവാൻ കഴിഞ്ഞില്ല. നാലാംദിവസം രാത്രി അമ്മാമൻ പുറത്തുപൊയതരത്തിൽ കടലാസ്സും മഷിയും സമ്പാദിച്ച് മുമ്പിലത്തെ എഴുത്തിന്റെ കരടുതന്നെ അസ്സൽപെടുത്തി പിന്നീട് കേട്ടുപിടിച്ചവയുടെ വിവരവും ചെയ്ത് എഴുതി കഴിഞ്ഞ് വായിച്ചുനോക്കി. ഉടനെ കൃഷ്ണൻ പറഞ്ഞ പോലെ "ഐഡഫാറം" ധാരാളം വിതറി. നിലംതള്ളിപ്പൊളിക്കാനേ പോയില്ല. ആപൊടി വിതറിയപ്പോൾ എഴുത്തിന്നൊരു നിറം പിടിച്ചു. മടക്കിക്കൂട്ടിലാക്കി മേൽവിലാസം "പത്രാധിപരവർകൾക്കു" എന്ന എഴുതിവെച്ചു. കാലത്തെണീററ് ലെക്കൊട്ടെടുത്ത് മടിയിൽ തിരുകി പാടത്തുചെന്ന ചെറുമക്കളെ ഓരോ പണിയും ഏല്പിച്ച് ഞാൻ അഞ്ചലാപ്പീസ്സിലെക്ക നടന്നു. പോകും വഴി അപ്പാത്തിക്കരിയും അമ്മാമനും കൂടി എന്നെ ഒരിടവഴിത്തലക്കൽ വെച്ച മുട്ടിഎത്തി.

അമ്മാമൻ— എടാ! കെശവ! കണ്ണിക്കണ്ട ദിക്കിലെല്ലാം കേറിച്ചെന്ന് ദന്ധം പിടിപ്പിച്ചതിന്ന ഞാനാട! പിഴച്ചത്.

ഞാൻ കാൎയ്യംമനസ്സിലാവാതെ മിഴിച്ച നില്ക്കമ്പോൾ "നടക്ക് കളത്തിലെക്കു" എന്ന കെട്ട അവരോട കൂടി കളത്തിലേക്ക തന്നെ മടങ്ങിപ്പോന്നു.

അമ്മാമൻ— ഏടതെണ്ടി! ഈ ദീനം വെച്ചുകൊണ്ട് എവിടെക്കെടാ! തെണ്ടാൻ പോയിരുന്നത്. പറ.

ഞാൻ— ഇനിക്കൊന്നുമില്ല. ഞാൻ തെണ്ടാനുമല്ലപോയത്,

അപ്പാത്തിക്കിരി— എന്നാൽ പിന്നെനിങ്ങൾ 'ഐഡഫാറം' വാങ്ങിച്ചതെന്തിനാ? നിങ്ങളെ ഇപ്പഴും ആ മരുന്ന് നാറുന്നുണ്ടല്ലോ.

പൊടികൊണ്ടുവന്നത വേറെ ആവശ്യത്തിനാണെന്ന് പറയുവാനിടകിട്ടുന്നതിന്നു മുമ്പ് "ദീനമില്ലേടാ! എന്നാൽ ഞാനുണ്ടാക്കാം" എന്നുപറഞ്ഞു അമ്മാമൻ എറക്കാലിൽനിന്ന കന്നാലിക്കോലൂരി കണ്ണുംമൂക്കുമില്ലാതെ എന്നെ തല്ലിത്തുടങ്ങി. ഞാൻ തുള്ളിച്ചാടി നിലവിളിക്കുന്നതിന്നിടക്ക് മടിയിൽനിന്നു ലക്കൊട്ടു താഴെവീണത് അപ്പാത്തിക്കിരി എടുത്തു. നേരത്തെ നടക്കാനായിപ്പോയിരുന്ന കൃഷ്ണൻ എന്റെനിലവിളികേട്ടു കേറിവന്ന് "അച്ഛനെന്താ ഭ്രാന്തുണ്ടോ? പുരുഷപ്രാപ്തിവന്നവരെ പിടിച്ചിങ്ങിനെ തല്ലാമോ? " എന്നു ചോദിച്ചു. "ഇവനെന്താ നുണപറയാൻ" എന്നായി അമ്മാമൻ. അപ്പാത്തിക്കിരി കൃഷ്ണനേ കാൎയ്യംപറഞ്ഞ് മനസ്സിലാക്കുന്നതിനിടക്ക് ലക്കോട്ടുമൂക്കിന്റെ അടുക്കൽകൊണ്ടുപോയി.

"മതിമതി. തല്ലിപ്പറയിപ്പിക്കേണമെന്നില്ല. ഇത മടിയിൽനിന്നു വീണതാണ്. ഇതുകൊണ്ട ദീനം വേറെ ആൎക്കം അല്ലെന്നു തീൎച്ചയായി. ഒന്നു നാററിനോക്കു" എന്നുപറഞ്ഞു ലക്കോട്ടു കൃഷ്ണന്റെ കയ്യിൽ കൊടുത്തു.

ഞാൻ— ലക്കോട്ടിന്റെ ഉള്ളിൽ ആ പൊടിയുണ്ട്. അതുകൊണ്ടാണ് നാറുന്നത്. അല്ലാതെ ഇനിക്കു ദീനമുണ്ടായിട്ടല്ല.

കൃഷ്ണൻ— (നാററിനോക്കി മേൽവിലാസം വായിച്ചിട്ട്) ജ്യേഷ്ഠനെന്തിനാ പത്രാധിപൎക്ക് ഐഡൊഫാറം അയക്കുന്നത ?

ഞാൻ— കൃഷ്ണൻ പറഞ്ഞിട്ടല്ലേ. ?

കൃഷ്ണൻ— അല്ലാ. ഇപ്പോൾഞാൻപറഞ്ഞിട്ടാണെന്നായോ?

അമ്മാമൻ— ഇവനെയിന്നു കൊല്ലണം കൃഷ്ണ! അത് പൊളിച്ചുനോക്കു. എന്നുപറഞ്ഞ രണ്ടാമത്തും എന്നെ പൃളിച്ചുതുടങ്ങി.

ഞാൻ— ക്ലാസ്സിലേക്ക് എഴുതുമ്പോൾ ഈ പൊടി വിതറണമെന്ന എന്നോട കൃഷ്ണൻ പറഞ്ഞില്ലെ ?

ഇതുകേട്ട കൃഷ്ണൻ ലക്കോട്ട പൊളിച്ച എഴുത്തെടുത്ത് നിവത്തിയപ്പോൾ "ഐഡൊഫാറം" ചെയ്തത് ഉതരുന്നതു കണ്ട് ആട്ടിക്കളിന്ന ഐഡ്യൊഫാറം ചെയ്തതാണല്ലെ ? എന്നുപറഞ്ഞ് ചിരിത്തുടങ്ങി. കാൎയ്യം മനസ്സിലായപ്പോൾ അപ്പാത്തിക്കരിയും പങ്കുകൂടി. അമ്മാമൻ മിഴിച്ചുനോക്കുന്നു.എനിക്ക് തല്ലുകൊണ്ടതുമിച്ചം. അന്നുമുതൽക്ക ഞാൻ ഇംഗ്ലിഷ് പഠിക്കുവാൻ ഉറച്ചു.

എനന്തിരിച്ചിനാപ്പു.

## മദം.

(ഗുണദോഷം—ഗുണസാമാന്യത്തിനുള്ള ദോഷം.)

കാരുണ്യത്തിൻവിപക്ഷംകഠിനജനമഹോപദ്രവത്തിന്റെപക്ഷം
സാരംചേരും വിവേകാമൃതകരനെ നശിപ്പിക്കുവാൻ കൃഷ്ണപക്ഷം
ആരിൽച്ചേരുന്നുവായാൽമധികമപനയംചേൎക്കുവാൻ നല്പരക്ഷം
പാരാതിമട്ടിലാകും മദമൊട്ടു സമമായ്ഹന്ത മറെറാരുദോഷം. 1
ആനന്ദം കണ്ണുകൾക്കേകിയുമിഹ വിതറും ചന്തവും ഹന്തഭാഷാ
ജ്ഞാനത്തിന്നുംപണിക്കൊക്കയുമതിവിരുതുംശക്തിയുംവ്യക്തമായി
ആനേ! ചേരുന്നിതേററം തവഗുണമിനിയുണ്ടെങ്കിലും ഹാ മദാന്ധ്യ
സ്ഥാനത്തെത്തും ഭവാനെപ്പോട്ടുപൊടെവെടിവെക്കാതിരിക്കാൻ
ഞെരുക്കം 2
ഐശ്വൎയ്യത്തിന്നാദിബീജം ജഗതിമുതലെടുപ്പിന്നഹോ മുഖ്യമൂലം
വീൎയ്യംചേരുംമരുന്നാണഖിലജനമഹാഹൃദ്യമേമദ്യമേ ! നീ
ആൎയ്യശ്രീസൽഗുണൌഘംപലതുമിനിയുമുണ്ടെങ്കിലുംവൎജ്ജ്യമല്ലോ
കാൎയ്യാകാൎയ്യപ്രബോധംകളയുമൊരുമദംനൽകയാൽനല്ലവൎക്ക്. 3
പൊന്നേകിട്ടാത്തതാക്കാണതിമദമധികാരങ്ങൾ ചേൎക്കാത്തതാക്കാ
ണെന്നോൎത്താൽ നല്ലതെല്ലാമിതുപടിഞാൻതന്നെയെന്തിൽപ്പിഴച്ചു
എന്നുള്ളീമദ്യചോദ്യത്തിനുമറുവടിയെന്തെന്ന ചിന്തിച്ചുചിന്തി
ച്ചൊന്നുംതോന്നീലിനിക്കോൎക്കക ബുധവരരേ ! നിങ്ങൾനിഷ്കൎഷ
യോടെ. 4

പ്പുരത്തിന്നിങ്ങെടുത്തീടുകഗുണമഖിലം ദോഷമായുള്ളതെല്ലാം
ച്ചാരത്തിന്നാശു നീക്കീടുകബുധവിധിയീമട്ടിലായിട്ടിരിക്കെ
പാരം ദോഷം ചുമച്ചങ്ങിനെ ഗുണമുടിയിൽ തള്ളിടും നിസ്സമൂഹം
നിസ്സാരക്കേറേററമുണ്ടീയുലകിനമരമേദുഃഖദംദുഃഖദാതാൻ 5

കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ.

# തീവണ്ടി.

---

ഉൾക്കൊള്ളുന്ന ചരാചരങ്ങളഖിലം താനേവഹിച്ചാസ്ഥയാ
ദിക്കൊക്കെക്കുഴലൂതിയങ്ങിനെമയക്കിക്കൊണ്ടു മന്ദേതരം ।
മുക്കാൽനാഴികകൊണ്ടുമൂന്നുലകിലും ചുററുന്നതീവണ്ടിയ
ല്ലാഴ്ത്തിൽ ചുമകംപുകംകിടുംകടൽനിറൻകണ്ണൻകടാക്ഷിക്കണം॥ 1
മുന്നിൽക്കാത്തമരുന്നവൎക്കു നിലപോലോരോപദംനൽകിയും
തന്നെക്കാണുമവൎക്കനന്തരമനന്താനന്ദമുണ്ടാക്കിയും ।
മന്നൊക്കെപ്പരിപൂർണ്ണമായിയുമെഴും തീവണ്ടിയല്ലാഴ്കിലാ
ക്കാന്നക്കാറൊളിവർണ്ണനർണ്ണിയനിശം നമ്മേക്കടാക്ഷിക്കണം ॥ 2
തിയ്യുംവെള്ളവുമെപ്പൊഴും തലയിലുണ്ടു പാച്ചിമട്ടിൽപരം
പയ്യെപ്പേച്ചുപറഞ്ഞു ചുററുമണയും ഭൂതങ്ങളോടും സദാ ।
മെയ്യിൽഭോഗികളെദ്ധരിച്ചണയുമീത്തീവണ്ടിയല്ലെങ്കിലാ
പ്പീയൂഷാംശികൾ കൈതൊഴുംപുരഹരൻ നമ്മേക്കടാക്ഷിക്കണം॥ 3
സന്തോഷംജനതക്കുചേർത്തവരിൽനിന്നർത്ഥംവഹിക്കുംഗുണം
ചിന്തിച്ചാലതിരില്ലയെന്നു പറവൂ ദേശാന്തരത്തിങ്കലും ।
ഏന്തന്നില്ലൊരുസമ്മതം കലരുമീത്തീവണ്ടിയല്ലെങ്കിലാ
സ്സന്താനോപമനായമാടമ്പവരൻ നിത്യംജയിക്കുന്നതേ ॥ 4
ആൎക്കുംസ്വാധീനമില്ലാത്തൊരുനിലയരികിൽതീററതള്ളുന്ന
പാച്ചാൻ
മാൎക്കുംനേരേമരുങ്ങില്ലരനിമിഷമനങ്ങാതെനില്ക്കില്ലപിന്നെ
നേക്കെത്തും വസ്തുവെന്തെങ്കിലുമതുപൊടിപാററിട്ടുശബ്ദിച്ചുചേരു
ന്നൂക്കൻതീവണ്ടിപക്ഷേമദകരിയഥവാമത്തനെന്നുംജയിക്കാ. 5

നടുവത്തു മഹൻനമ്പൂരി.

# കേരളക്ഷിതിരത്നമാല.

———:o:———

ശൈലരാഷ്ട്രകൃതം കൎമ്മ ത്രൈഗുണ്യഫലദായകം
ബ്രാഹ്മം പൎവ്വതരാഷ്ട്രഞ്ച ദ്വിഗുണംകൎമ്മണഃഫലം. ൬൬

പൎവ്വതഭൂമിയിൽ ചെയ്യുന്നകൎമ്മം മൂന്നിരട്ടിച്ച ഫലംകൊടുക്കുന്നതും ആ പൎവ്വതരാജ്യം ബ്രാഹ്മണന്റേതാണെങ്കിൽ ചെയ്യുന്ന കൎമ്മം ഒമ്പതിരട്ടി ഫലം കൊടുക്കുന്നതും ആകുന്നു.

ബ്രാഹ്മണഃ പരമംദൈവം ബ്രാഹ്മണോദേവപൂജിതഃ
യസ്മിൻസന്തൎപ്പണാദ്യാന്തിതൃപ്തിംസൎവ്വാശ്ചദേവതാഃ. ൬൭

ബ്രാഹ്മണൻ ലോകത്തിങ്കൽ മുഖ്യദൈവവും ദേവന്മാൎക്കുകൂടി പൂജ്യനും ആകുന്നു. യാതൊരു ബ്രാഹ്മണനിൽ ഉണ്ടാവുന്ന സന്തൃപ്തികൊണ്ടു എല്ലാദേവകളും സന്തോഷിക്കുന്നു.

ശിലാകാഷ്ഠാദയോയേഷാം പ്രഭാവാദ്ദൈവതൌജസഃ
ഭവന്തിചേതനാവന്തോ ദുഷ്കരംകിംദ്വിജന്മനാം. ൬൮

ഏററവും നിസ്സാരമായ കല്ലുകൾ മരങ്ങൾ മുതലായവകൂടി തങ്ങളുടെ പ്രഭാവത്താൽ നിഗ്രഹാനുഗ്രഹ ശക്തിയെ നൽകുന്ന ബ്രാഹ്മണൎക്കു കഴിയാത്തകാൎയ്യം എന്താണു?

ബാഹ്വൂരുപാദജാതാനാം തസ്മാത്സേവാദ്വിജന്മനാം
പരമോധൎമ്മഉക്തംസ്യാൽ ശ്രുതിസ്മൃതിമതാദിഭിഃ. ൬൯

അതുകൊണ്ടു ബ്രാഹ്മണരുടെ സേവ ക്ഷത്രിയ വൈശ്യ ശൂദ്രന്മാൎക്കു പരമധൎമ്മമാണെന്നു ശ്രുതിസ്മൃതികളാൽ പറയപ്പെട്ടിരിക്കുന്നു.

വൎണ്ണാശ്രമപരിത്രാണം നിഗ്രഹശ്ചദുരാത്മനാം.
ദാനംന്യായാൎജ്ജനഞ്ചേതിക്ഷത്രധൎമ്മഉദീരിതഃ. ൬൧

വൎണ്ണാശ്രമസംരക്ഷണവും ദുഷ്ടനിഗ്രഹവും ദാനങ്ങൾ ചെയ്കയും ന്യായമായി സമ്പാദിക്കുകയും ക്ഷത്രിയധൎമ്മമാകുന്നു.

തദ്ധൎമ്മോവിപ്രസേവാസ്യാൽക്ഷത്രിയാണാംവിശേഷതഃ
വിശാമാൎജ്ജനമൎത്ഥസ്യദാനഞ്ചസുനതാമതിഃ. ൬൨

ക്ഷത്രിയന്മാൎക്കു ബ്രാഹ്മണോപകാരം മുഖ്യമായ ധൎമ്മം ആകുന്നു. വൈശ്യന്മാൎക്കു ധനംസമ്പാദിക്കുകയും ദാനംചെയ്കയും ബുധികളെ വണങ്ങുകയും മുഖ്യധൎമ്മമാകുന്നു.

തേഷാംതദ്വിപ്രസേവാസ്യാൽ ശൂദ്രാസ്തദ്വിവിധാമതാഃ
ദാസാസ്തത്തേചവിപ്രാണാം ദാസ്യഞ്ചദ്വിവിധമ്മതം. ന്മൻ

വൈശ്യന്മാക്ക് ആ വിപ്രസേവയും ഉണ്ട. ബ്രാഹ്മണദാസ്യം ചെയ്യുന്ന ശൂദ്രർ രണ്ടുവിധം. അവരുടെ ദാസ്യവും രണ്ടുവിധം.

ഉഗ്രശ്ചവൃഷലശ്ചാഥദ്വിവിധഃപാദജോമതഃ
ഉഗ്രസ്യശസ്ത്രദാസ്യംസ്യാദന്യസ്യപരിചാരണം. ൨൦

ശൂദ്രൻ രണ്ടുവിധം ഉള്ളതിൽ (൧) ഉഗ്രൻ (ശൂദ്രസ്ത്രീയിങ്കൽ ക്ഷത്രിയന് ഉല്പാദിച്ചുണ്ടായവൻ). (൨) വൃഷലൻ. അതിൽ ഒന്നാമന ആയുധമെടുത്ത യുദ്ധത്തിൽ സഹായിക്കുകയും രണ്ടാമന ശുശ്രൂഷയും ആകുന്നു.

ഉഗ്രാസ്തുവർണ്ണാശ്രമരക്ഷണോചിതാ
സ്തേഷാമയാം ധർമ്മഉദീരിതോബുധൈഃ
ശസ്ത്രേണഹത്വാഖലുസദ്വിരോധിനോ
ഗോവിപ്രദേവാലയലോകരക്ഷണം. ൨൧

ഉഗ്രന്മാർ വർണ്ണാശ്രമരക്ഷണയോഗ്യന്മാരാകയാൽ അവക്ക് ശസ്ത്രംമെടുത്ത ദുഷ്ടനിഗ്രഹംചെയ്ത ബ്രാഹ്മണർ, പശുക്കൾ, ദേവാലയങ്ങൾ, ലോകം, ഇവയെ സംരക്ഷിക്കുന്നത മുഖ്യധർമ്മമായിട്ട ബുധന്മാരാൽ പറയപ്പെട്ടിരിക്കുന്നു.

ഉഗ്രസ്തുതസ്മാൽ കരജന്മബന്ധു
ർവ്വിപ്രസ്യദാസോപിചശസ്ത്രജീവീ
നിത്യംദ്വിജാതേഃ പരിചര്യയൈവ
ദാസ്യംപ്രദിഷ്ടം വൃഷലസ്യകേന. ൨൨

ഉഗ്രൻശസ്ത്രദാസ്യംചെയ്യുന്നതുകൊണ്ട ബ്രാഹ്മണദാസനെങ്കിലും അധികം ക്ഷത്രിയബന്ധുവാകുന്നു. വൃഷലന്ന നിത്യം ബ്രാഹ്മണപരിചര്യ (ശുശ്രൂഷ)കൊണ്ടുതന്നെദാസ്യം ബ്രഹ്മാവിനാൽ പറയപ്പെട്ടിരിക്കുന്നു.

ശൂദ്രാവുഭൗതൗവൃഷലോഗ്രസംജ്ഞൗ
ശ്രേഷ്ഠൗപ്രദിഷ്ടൗചതുരാനനേന
ഉഗ്രന്തതോശ്രേഷ്ഠതമം വദന്തി
സാമാന്യമേതൽപ്രഥമാവരത്വം. ൨൩

ഉഗ്രനെന്നും വൃഷലനെന്നും പറയുന്ന രണ്ടുവിധം ശൂദ്രന്മാർ ശ്രേഷ്ഠന്മാരാണെന്ന ബ്രഹ്മാവിനാൽ പറയപ്പെട്ടിരിക്കുന്നു. എങ്കിലും ഉഗ്രൻ വൃഷലനേക്കാൾ ശ്രേഷ്ഠതമൻ ആകുന്നു. പ്രഥമവൎണ്ണമായ ബ്രാഹ്മണനന ഇവര രണ്ടും ഒരുപോലെ താണവരാണ.

കരോതുപാദൌൽഭവമാൻക്ഷേഷ
ധരാനിലിമ്പോച്ഛ്നയാനിതാന്തം
തെജഃപ്രദീപ്തംപരംപൂരുഷസ്യ
ക്ഷത്രാതിസാന്നിദ്ധ്യമതോവരാദ്യെ ൭൩

ക്ഷത്രിയവൈശ്യശൂദ്രന്മാർ ഇരിക്കുമ്പോൾതന്നെ ബ്രാഹ്മണൻ പൂജകൊണ്ട ഒരംശംപരന്റെ തേജസ്സിനെ വൎദ്ധിപ്പിക്കുകയും സാന്നിദ്ധ്യം വരുത്തുകയുംചെയ്യുന്നു. അതുകൊണ്ട ക്ഷത്രിയവൈശ്യശൂദ്രന്മാർ താണവരാകുന്നു.

അപരാധക്ഷമാദത്തം പ്രീതിദത്തഞ്ചമാനവൈഃ
യൽഭൂമിഖണ്ഡംതദ്വേധാലബ്ധംന്യായവിദോവിദുഃ ൭൪

ലബ്ധംഎന്നപറയുന്ന ജന്മം രണ്ടവിധം. അതിൽ, (൧) താൻ ചെയ്ത അപരാധത്തെ ക്ഷമിപ്പാൻവേണ്ടി കൊടുക്കുന്നത. (൨) സന്തോഷം കൊണ്ട കൊടുക്കുന്നത. ഇങ്ങിനെ രണ്ടു വിധത്തിൽ കിട്ടുന്നതിന്നും ന്യായവേദികൾ ലബ്ധജന്മമെന്ന പറഞ്ഞു വരുന്നു.

അപരാധംയദജ്ഞാതം ജ്ഞാതംവാതൈവമയാ കൃതം.
തത്വംക്ഷമസ്വകാരുണ്യാദിതി മദ്ധ്യേസഭംബ്രുവൻ ൭൫
സ്ഥാണുംഖനേത്സഭാമദ്ധ്യേ സ്വഭൂഖണ്ഡാഹ്വയംവദൻ
ക്ഷമാവാംസ്തദ്ധരിത്ര്യാസ്തു നാഥോഭവതികേരളേ ൭൬

അപരാധം ചെയ്തവൻ അപരാധത്തെക്ഷമിക്കേണ്ടവനു ഭൂമികൊടുക്കേണ്ടുന്ന ക്രമത്തെ പ്പറയുന്നു. അറിവില്ലാതെകണ്ടൊ അറിവോടുകൂടിയൊ ഞാൻ നിങ്ങൾക്ക ചെയ്ത അപരാധത്തെ അങ്ങുന്ന ദയവചെയ്ത ക്ഷമിക്കേണമേ എന്നപറഞ്ഞ സഭാമദ്ധ്യത്തിങ്കൽ താൻ കൊടുക്കാൻ നിശ്ചയിച്ചഭൂമിയുടെ പേരപറഞ്ഞ ഒരു കോലിനെ നാട്ടണം. അങ്ങിനെ ചെയ്താൽ അപരാധത്തെ ക്ഷമിക്കുന്നവൻ കേരളത്തിങ്കൽ ആഭൂമിക്ക അധിപതിയായിത്തീരുന്നു.

തദ്ദാനംഖലുദേവായ ബ്രാഹ്മണായനൃപായച
ക്രിയതേപ്രഭവേരാജപ്രതിരൂപായ ചോത്തമം. ൭൭

ഈ ദാനം ദേവനും ബ്രാഹ്മണനും രാജാവിനും രാജ പ്രത്യൂപനായ പ്രഭുവിനും ചെയ്യപ്പെടുന്നു.

യേവൈദേവാലയാജീവാസ്തേനകുർവ്വന്തിപൂരുഷാഃ
അപരാധക്ഷമാദാനം ഭുവഃകെനാപിഹേതുനാ. ൧൯.
വിനൈവമൂല്യംതൽഭൂമിഃ
പ്രീതിദത്തേതികത്ഥ്യതേ
... ... ... ...
... ... ... ... ൨൦.

ദേവാലയം കൊണ്ടു ഉപജീവിക്കുന്ന ജനങ്ങൾ ഒരു കാരണം കൊണ്ടും അപരാധക്ഷമക്കായി ഭൂമിയെ കൊടുക്കുന്നില്ല. വിലകൊടുക്കാതെ ആദേവാലയോപജീവികൾക്കു കിട്ടിയഭൂമിക്കു പ്രീതിദത്തം എന്ന പേർ.

മത്ത്യോബുഭൂഷുർധരണീംഗൃഹാൽ
ഗ്രഹാദപിനിർഗ്ഗത്യശുഭേമുഹൂർത്തേ
വിനീതധീഃപ്രാഭൃതദാനതുഷ്ടം
ക്ഷേത്രേശപരംപ്രാത്ഥയേതത്ര്യൃച്ഛേൽ ൨൧.

ഭൂമിവേണമെന്നു ആഗ്രഹിക്കുന്നവൻ രാവിലെ നല്ല മുഹൂർത്തം നോക്കിപുറപ്പെട്ടു ആ ഭൂമിയുടെ അധിപതിയെ തിരുവക്കാഴ്ച കൊണ്ടു സന്തോഷിപ്പിച്ച് വിനീതബുദ്ധിയോടുകൂടി അവൻ ആവശ്യപ്പെടുന്ന ഭൂമിയെ അപേക്ഷിക്കണം.

തത്രസപ്തവിധംദാനം പ്രോക്തം ഭൂമേർമ്മുനീശ്വരൈഃ
സപ്താവകാശാധരണീ സാമാന്യാസമുദീരിതാ ൨൨.

ഭൂമിയുടെ ദാനം ൭ വിധമായി മുനികൾ പറഞ്ഞിരിക്കുന്നു. സാധാരണയായി ഭൂമിയിങ്കൽ അവകാശം ൭ വകയുണ്ടു.

രേഖാഷാംകമുദീരിതം ഹിധരണോഃപ്രാഗന്യാധാബോധനം
സപ്താരാതിപദം ദ്വിതീയമപരം പൃഷ്ഠാംഹ്വയം കീർത്തിതം
തത്ര്യദ്രവ്യാഭിധാനം (സ്യ) മുനിഭിരുദിതം പഞ്ചമം കേവലാഖ്യം*
ഷഷ്ഠംസോദകദാനമേവസദൃശീനാമ്നാപ്രവൃത്തിശ്ചസാ ൨൩.

ഭൂമിക്കു നവവിധം ആധാരങ്ങൾ ഉണ്ടു. അവയിൽ ൧. അന്യാധാബോധനം. ൨. സപ്താരാതിപദം. ൩. പൃഷ്ഠം. ൪. തത്ര്യ

* വൃത്തത്തിൽ വ്യത്യാസം കാണുന്നതു ആലോചനസാദ്ധ്യ.

ദ്രവ്യം. ൫. കേവലം. ൬. സോദകദാനം. ഇങ്ങിനെ ൬ ആധാര ങ്ങ ള പറയുന്നു. ഒരം പ്രവാക്കകൾ അനാപത്ഥങ്ങൾ ആകുന്നു. അതിൽ ഒന്നാമത കാണം (വേറെ ഒരുവിധമായി തൃപ്തിപ്പെടുത്തുക) രണ്ടാമതാറെറി (സപ്തത്തിന്റെ ശത്രുവിന്റെസ്ഥാനം = മാതിരി അല്ലെങ്കിൽ സപ്തംപോലെ ശത്രുസ്ഥാനം). മൂന്നാമത് ഒററിക്കമ്പുറം നാലാമതചെറുമത്ഥം (യഥാത്ഥ മുതൽ, നേർമുതൽ). അഞ്ചാമതജന്മം പണയം (കേവലം = ഉദകദാനമാത്രാവശിഷ്ടം) ആറാമത ജന്മം. ഇങ്ങിനെ ൬ വക ആധാരങ്ങളുണ്ട.

ദ്വിധാധരിത്രീസുദൃഢാചചഞ്ചലാ
തയോസ്തുമൂല്യം ദ്വിവിധാഃ കരാദ്യാഃ
പൂർവ്വാത്തശാല്യന്നഭവാ വരിഷ്ഠാ
പവ്വാംബുസമ്പൂർണ്ണകരാ ചരിത്ര്യാ ൩൮.
ഭൂമിർദ്വിതീയാഖില നാളികേര
ഹിന്താലമുഖ്യൈരപരൈശ്ചവൃക്ഷൈഃ
തഥാമരീച്യാദിലതാസമൂഹൈ
ർല്ലോകോപകാരൈരിതരൈശ്ചയുക്താ ൩൯.

ഭൂമിസുദൃഢാഎന്നും ചഞ്ചലാഎന്നും രണ്ടവിധത്തിൽഉണ്ട. ഒന്നാമത്തേത് നെല്ലുണ്ടാവുന്നതും എല്ലാക്കൊല്ലവും പൂർണ്ണമായി നികുതിയുള്ളതും നിത്യയായിട്ടുള്ളതും ആകുന്നു. രണ്ടാമത്തേത തെങ്ങ ആനപ്പന മുളക വള്ളിമുതലായ ലോകോപകാര വൃക്ഷങ്ങൾ ഉള്ളതാകുന്നു. ഈ രണ്ടുവക ഭൂമിക്കും വിലയും കപ്പവും രണ്ടുവിധമാകുന്നു.

കാന്തസ്വരസ്യനിധിസമ്മിതരോചിഷോയൽ
ഭാഗംപണംശ്രുതിമിതം പ്രവദന്തിസന്തഃ
ന്യൂനാതിരിക്തമിതയേ ബഹവഃപ ... സ്യ
സ്തേതത്രതത്രവിഹിതാഖില കാൎയ്യശസ്താഃ ൪൦.

ഒമ്പതമാററുള്ള ഇരുപതപണത്തൂക്കം സ്വർണ്ണത്തിന്റെ പതിനെട്ടാലൊരുഭാഗം പണം എന്നു പറയപ്പെടുന്നു. ഇതിൽ കുറച്ച ആധിക്യവും ന്യൂനതയും ഉള്ളപണങ്ങളും ഉണ്ട. അവഓരോ ദേശങ്ങളിലും ഒരോകാൎയ്യങ്ങളിലും പ്രസിദ്ധങ്ങളാകുന്നു.

* കാൎത്തസ്വരം ഹേമപണത്തൂക്കം സ്വൎണ്ണം. ധൃതി—ദ്രവ്യം നിധി=ൻ ഈമഹത്തപണം രാശിപ്പണം ആയിരിക്കണം.

തുലാശതാംശംപലമേതദംഘ്രിഃ
കഷസ്തൃത്ര്യംശമിഡംവദന്തി
ഇഡസ്യപാദത്രിതയംസുവൎണ്ണം
തദ്രത്നഭാഗഃപണതുല്യ ഭാരഃ. ൪൭

തുലാത്തിന്റെ ആറാലൊരുഭാഗം പലം. ആപലത്തിന്റെ നാലാലൊരുഭാഗം കഷം. ആകഷത്തിന്റെ മൂന്നാലൊരു ഭാഗം ഇഡം. ആ ഇഡത്തിന്റെ മുക്കാൽഭാഗം സുവൎണ്ണം. അതിന്റെ ഒമ്പതാലൊരുഭാഗം പണത്തൂക്കമെന്ന പറയപ്പെടുന്നു.

വിദ്വൽഭിഃക്ഷേത്രനാഥോപിസചിവൈൎന്നിജകംഭിനീം
ശുഭേമുഹൂൎത്തേ സംവീക്ഷ്യ പ്രകുൎയ്യാൽ കരനിൎണ്ണയം. ൪൮

ഭൂമ്യധിപതി വിദ്വാന്മാരായ തന്റെ കാൎയ്യസ്ഥന്മാരോടു കൂടി തന്റെ ഭൂമിയെ നല്ല മുഹൂൎത്തത്തിങ്കൽ നോക്കി കരം (ജന്മഭോഗം) നിൎണ്ണയം ചെയ്യണം.

ഭുവീക്ഷണേയമഹുതാശനരുദ്രപൂൎവ്വാ
സ്സാൎപ്പേന്ദ്രമൂൎഷ്ണരജനീചര കേതുവാരാഃ
ഗണ്ഡാന്തവിഷ്ടിവിഷസൎപ്പശിരോപരാഗ
ചക്രസ്ഥിതാശ്ചകരണാ അപിവൎജ്ജനീയാഃ. ൪൯

ഭൂമിനോക്കുവാൻ ഭരണി കാൎത്തിക തിരുവാതിര പൂരം പൂരാടം പൂരുരട്ടാതി, ആയില്യം, തൃക്കേട്ട, വിശാഖം ,ഇന്ദുവാരം കേതുവാരം ഗണ്ഡാന്തം വിഷ്ടി, വിഷം അഹിശിരസ്സ് ചക്രസ്ഥിതങ്ങളായ കരണങ്ങൾ, ഉൽകാ (കൊള്ളിമീൻ) ഗ്രഹണം മുതലായ ദിവസങ്ങൾ വൎജ്ജിക്കേണം.

ശുഷ്കാനിപക്വാനിശുകദ്രുതീനി
ഫലാനി ബാലാന്യഖിലഞ്ചമത്വാ
ത്യജേത തസ്മാന്നിജരാമഭാഗം
ശിഷ്ടംഭവേൽ ക്ഷേത്രപതേസ്തുകേരം. ൫൦

# ദേവീവ്യപാശ്രയസ്തോത്രം.

:o:

തെല്ലല്ലേഞാനനുഷ്ഠിച്ചോരു ദുരിതചയം നിഷ്കൃതിയ്ക്കേതുമാളാ
ക്കില്ലല്ലോ ധർമ്മശാസ്ത്രങ്ങളിലെവിധിമഹാദുഷ്കരംയോഗികൾക്കും
ചൊല്ലേറീടും പരേതാധിപഭടരരികത്തെത്തുമക്കാലമെന്തോ
ചൊല്ലുന്നുകാലകാലപ്രണയിനി പരിരോധിയ്ക്കശോധിയ്ക്കപാപം 1

ശ്രീമൂലം പാപജാലം പലതുമഹമുപാർജ്ജിച്ചു കെല്പുള്ളവണ്ണം
സ്ത്രീമൂലം വന്നിടാവുന്നൊരുദുരിതമിനിമ്പ്രാക്കിഴില്ലോക്കിലൊന്നും
ഓമൂലംവാമദേവപ്രണയിനി ചറുതോ പാതകംഹാതവാംഘ്രി
ശ്രീമൂലംവിട്ടുപോയാലടിയനനരകാവാസമാചന്ദ്രതാരം 2

സൽപ്പാത്രത്തിലൊഴിച്ചതില്ലൊരുതവിത്തോയം ഗുരുശ്രീപദ
പ്പോക്കാരൊന്നുതലോചിയില്ല സമയേ ചെയ്തീലസന്ധ്യാർച്ചനം
കെല്പേറും യമരാജകിങ്കരഖരവ്യാപാരഘോരാമയം
നിൽപ്പാനുള്ളമരുന്നുഞാൻ കരുതിയില്ലമ്മേഭയമ്മേപരം 3

ചെയ്യേണ്ടുന്നതുചെയ്തിടാതയുമകൃത്യത്തെ പ്രവൃത്തിച്ചുമ
ന്നയ്യോ ഭൈരവരൗരവാദി നരകേമുങ്ങിക്കുഴങ്ങിച്ചിരം
പയ്യെസ്ഥാവരതിര്യഗാദിജനനം കൈക്കൊണ്ടുകാലാത്യയേ
കയ്യിൽക്കിട്ടിയമർത്ത്യമൈ തിരിയെമാം തള്ളുന്നു താങ്ങൊന്നുമേ 4

ബ്രഹ്മാവിൻെറയുമന്തകൻെറയുമഹോ ഡിപ്പാർട്ടുമെണ്ടിൽക്കിട
ന്നമ്മേഞാൻ തിരിയുന്നിതെത്രയുഗമായെന്നാണിതിൻമോചനം
ധർമ്മാധർമ്മപരീക്ഷണത്തിനിനിമേൽ കാലൻെറ കച്ചേരിയിൽ
ചെമ്മേഹാജരിനിയ്ക്കിളച്ചുതരണേ തദ്ദർശനം കൾനം 5

ഞാനെന്നോചേർന്നമായേഹഹതവകളിയോഗത്തിലെ
ന്തൊക്കവേഷം
മാനംകൂടാതെകെട്ടീശിവശിവപദമേതൊക്കയും ചെല്ലിയാടി
നാനായാസാൽതളർന്നേൻ നടനരസമൊടീക്കപണ്ഡവുംകൂടിയാടി
പ്പാനോക്കില്ലേശിവേതക്കിടകിടതികിതാനിത്തിമേന്തുത്തമെല്ലാം 6

ഞാനാരാണെങ്ങുനിന്നാണിഹവരവെവിടയ്ക്കാണിനിപ്പോക്കസാധി
പ്പാനെന്തെല്ലാമിനിക്കുണ്ടിവിടമതിൽ മമപ്രേരണക്കാരനാരോ

സ്ഥാനം പാർത്താലിതേതാണൊരുവിവരവുമില്ലിത്തിരക്കി
ത്തിരിയ്ക്കൊ
ന്നാനാകല്പിച്ചിതിന്നപ്പുറമരുമമകാണിയ്ക്കുകാണിയ്ക്കുതായേ 7
സൃഷ്ടിച്ചുമർത്ത്യദേഹംവിധിവിധുമുഖിമാർക്കിഷ്ടമല്ലാത്തവേഷം
കെട്ടിച്ചുവിത്തസംബാധനമതിൽ വഴിമുട്ടിച്ചുമട്ടിച്ചുചിത്തം
പൊട്ടിച്ചുഗേഹബന്ധം മമഭവജലധിയ്ക്കക്കരയ്ക്കുള്ളപോതം
വെട്ടിച്ചുതാൻജയിച്ചു ജനനിതവകടക്കൺകഴക്കോൽകിടച്ചാൽ 8
ധാതാവിൻഗളനാളചഞ്ചതകെട്ടുത്തില്ലേതവാദ്ധ്യാംഗമെ
ന്മാതാവേ ശമനന്റെചഞ്ചതചെടുത്തില്ലേമൃഡാർദ്ധാംഗമേ
വിത്തായാസമൊഴിയ്ക്കുമേ യമപുരസ്ത്രീശച്ഛാത്രക്ഷമാ
യാതായാതവിഷാദഭാരമതിനായിന്നേതൊഴുന്നേനമേ 9
ഞാനാകുന്നതു നീശിവേഭവതിയായിടുന്നതിഞാൻവൃഥാ
നാനാദിക്കുകളിൽപ്രകാമമിഹതേവാസസ്ഥലാന്വേഷണം
സ്ഥാനാദിക്രമമെന്റെകൊണ്ടുതവകണ്ടെന്നൊഭജിയ്ക്കുന്നുഞാൻ
ന്യൂനാതിക്രമമിന്നുപൊറുത്തവിരതം നിങ്കൽപ്രസാദിയ്ക്കനീ. 10

ഒറവങ്കര നീലകണ്ഠൻനമ്പൂരി (രാജാവ്)

# ഒരു വിലാപം.

വൃ.

൧. ഒരുകുട്ടിയെയൻപു കിട്ടുവാൻ
പെരുതാകും കൊതിപൂണ്ടനേകനാൾ
പുരുപുണ്യഗണങ്ങൾചെയ്തുതാ
നരുളുന്നോർക്കലഭിപ്പതില്ലഹോ.

൨. പുരുകഷ്ടതയോടുഹന്ത ! നി—
ഷ്ഠുരരായീശ വിചാരമെന്നിയേ
നിജസന്തതി നാശമാകുവാൻ
വിജനേവേലകൾചെയ്യുന്നാരതം

൩. മരുവും മനുജർക്കുമേകളൊ
ട്ടുളവാകുന്ന മുറക്കു പിന്നെയും
അളവററധനിക്കു വീട്ടില
ങ്ങനുഭോഗത്തിനൊരാളുമില്ലഹോ!

൬. ഒരുകാശിനുപോക്കവിട്ടഹാ!
കഠിനം? കഷ്ടതതൻ നികൃഷ്ടമാം
ചലനിഷ്ഠുരതയ്ക്കധീനമായ്
മരുവും മാനുഷർതന്നവസ്ഥയോ?
൭. ഒരുവിട്ടിലെച്ചാരമ്പതിൽപരം
പുരുഷാരം നിജമൈ പുലർത്തുവാൻ
പണിചെയ്യുതിനായിടാതെ പ
ട്ടിണിതൻ ഭക്ഷണമായ് ജനിപ്പിതു
ൻ.
൮. ഞൊടികൊണ്ടൊരുവാർത്തയോക്ക വൻ
കടലിന്നക്കരെയങ്ങയച്ചിടാം;
എരിതീയുടെ കൂട്ടുവിട്ടിനി
പ്പുരുശോഭാസ്പദ ദീപമേകിടാം;
൯. അകലത്തതി വേഗമെത്തുവാൻ
തനിയേപോമൊരു വണ്ടിനൽകിടാം;
ഗഗനേ ലഘു പക്ഷമെന്നിയേ
ഗമനം ചെയ്യുതിനും തുണച്ചിടാം;
൰. പലകൃത്രിമ സൂത്രമെത്രയും
സുലഭം തീർപ്പതിനായ്കഴിഞ്ഞിടും;
അചികാലരധരിക്കകത്തുവീ
ണവശം മർത്ത്യർ നശിച്ചിടുന്നഹോ;
൰൧. കുലയാനകളേ മരുക്കിന
ല്ലടിമപ്പാട്ട കൊടുത്തിടുന്നവൻ
കടുകാലമതിന്നു ഹാ! ബലാ
ലടിമപ്പെട്ടു കഴങ്ങിടുന്നിതാ.
൰൨. ഗുരുതാപഭരം വളർത്തുവാൻ
കരുതീട്ടോ നരനേകിയീശ്വരൻ
പരജീവിഷുതുല്യഭങ്ങളായ്
പലവൈചിത്ര്യമെഴും ഗുണങ്ങളേ?

(തുടരും) സി. എസ്. സുബ്രഹ്മണ്യൻ പോററി.

# ഒരു ദുർമ്മരണം.

ത്തും പിന്നിലുള്ളവൻ സ്റ്റേഷനാപ്സരെ മാറത്തു താങ്ങിക്കൊണ്ട മലന്നുവീണതും ഒരു് ഞൊടിക്കകഴിഞ്ഞു. ആ കിടപ്പിൽ സ്റ്റേഷനാപ്സർ മറേറവന്റെ അരക്കെട്ടിൽ ഒരു പിടുത്തം പിടിച്ചതോടുകൂടി കൈകൾ രണ്ടും അയഞ്ഞു. തത്സമയം ഭാസ്കരമേനോൻ പിമ്പുമറിഞ്ഞ മററവന്റെ തലക്കൽ ചെന്നുനിന്നു. അവന് പിടഞ്ഞെഴുനീററ അടിഉറപ്പിക്കുവാൻ ഇടകിട്ടുന്നതിന്നുമുമ്പ കാലുവച്ച് അവനെ കമഴ്ത്തിവീഴിച്ചു. തൽക്ഷണം എതിരാളിയുടെ കൈകൾ നിലത്തോടുചേർത്തു പിടിച്ച സ്റ്റേഷനാപ്സർ അവന്റെ പുറത്തുകയറി ഇരിപ്പായി. അവിടെ ഇരുന്നുകൊണ്ട കാര്യം പറയിക്കുവാനുള്ള ആലോചനതുടങ്ങിയപ്പോൾ കിടന്നിരുന്നവൻ എടുത്തിരുന്ന വിദ്യ സ്റ്റേഷനാപ്സർ വിചാരിക്കാതെകണ്ടുള്ളതായിരുന്നു. അരക്കെട്ടുമുതൽ പെരുവിരൽവരെ വില്ലുപോലെ ഒടിവുകൂടാതെ വളച്ച കാലിന്റെ പത്തികളെ ബലമായിട്ട സ്റ്റേഷനാപ്സരുടെ കക്ഷങ്ങളിൽതിരുകി പെട്ടന്ന പൊക്കി പിന്നാക്കം ഒരേറു കൊടുത്തു. അതോടുകൂടി സ്റ്റേഷനാപ്സരും തലപ്പാവും തമ്മിൽ വേർപിരിഞ്ഞ ശത്രുവിന്റെ സമീപത്തുനിന്ന ഏകദേശം ഒരു ദണ്ഡ അകലെ ചെന്നുവീണു. സ്റ്റേഷനാപ്സർക്ക് കരുതിവീഴുവാൻ സംഗതിവരാഞ്ഞതുകൊണ്ട വീണേടം പുല്ലുള്ള മണൽപ്രദേശമല്ലായിരുന്നുവെങ്കിൽ പരുക്ക് ധാരാളം പററുമായിരുന്നു. ഈ വീഴിച്ചയിൽനിന്ന രക്ഷപ്പെട്ട സ്റ്റേഷനാപ്സർ എഴുനീററപ്പോൾ എതിരാളിയും എഴുനീററു തിരിഞ്ഞുനോക്കി ഓടുവാൻതുടങ്ങി. സ്റ്റേഷനാപ്സരും പിന്നാലെപാഞ്ഞു. നദീതീരത്തുകൂടി കുറച്ചുനേരം ഇങ്ങിനെ ഓടിമത്സരിച്ചതിന്റെശേഷം നിശ്ചയമായിട്ടും പിടികിട്ടും എന്ന കണ്ട മറേറവൻ വെള്ളത്തിലേക്കിറങ്ങി. ഓട്ടംവഴി അഴിച്ചു തെയാറാക്കിയിരുന്ന കുപ്പായം വലിച്ചെറിഞ്ഞ ഭാസ്കരമേനവനുംകൂടെച്ചാടി. മൊട്ടിന്നവെള്ളത്തിൽവച്ച് "പെടമിററത്തുകളത്തിൽ ഒരുമിച്ചു പയററിയ മൊസ്സു അല്ലേടാ ഇത ?" എന്നു ചോദിച്ചുകൊണ്ട അവനെ പൊത്തിപ്പിടിച്ച കയ്യുവെച്ചത്, മല്ലയുദ്ധത്തിനിടക്കു അര

ക്കെട്ടിൽനിന്ന അല്പം പുറത്തോട്ടു തള്ളിപ്പോന്ന ഒരു ലക്കോട്ടി ന്മേലാണ. സ്റ്റേഷനാപ്പർ ലക്കോട്ടുവലിച്ചെടുത്തപ്പോഴ്,

“എന്റെ കൊച്ചേമാന്നായാലും മൊസ്സു കളവിൽചതി ചെയ്യില്ല എമാനേ” എന്നപറഞ്ഞ ലക്കോട്ടതട്ടിപ്പറിക്കുവാൻ ഉത്സാഹിച്ചതിൽ ഉള്ളിലുള്ള എഴുത്ത മൊസ്സുവിന്റെ കയ്യിലും ലക്കോട്ട സ്റ്റേഷനാപ്പരുടെ കയ്യിലും പെട്ടു. ഉടനെ മൊസ്സു എഴുത്തുചുരുട്ടി മിഴുങ്ങിക്കൊണ്ട അടുത്തുണ്ടായിരുന്ന കയത്തിലേക്ക ചാടിമുങ്ങി. സ്റ്റേഷനാപ്പരും അവന്റെ പുറംപാടെ അതോടിക്കിൽതന്നെതാണ.

## പത്താമദ്ധ്യായം.

ഉത്തമപുരുഷന്മാരുടെ
ചിത്തംവജ്രത്തിലുംതുലോംകഠിനം
നൽത്താരിലുംമൃദുതരം
സത്യസ്ഥിതിപാർക്കിലാർക്കറിയാം.

ഉത്തരരാമചരിതം.

പിറേറദിവസം പകൽ പത്തുമണിക്കശേഷം സ്റ്റേഷനാപ്പരുടെ ശിഷ്യൻ പരമേശ്വരൻ അദ്ദേഹത്തിന്റെ വാസസ്ഥലം അടച്ചുപൂട്ടി വഴിപോലെ ബന്തോവസ്തചെയ്തു പുറത്തിറങ്ങി സ്റ്റേഷനാപ്പരെ തേടുവാൻ ഒരുമ്പെട്ടു. അന്നേദിവസം പരമേശ്വരൻ കേറിഎറങ്ങാത്ത വീടാകട്ടെ കടയാകട്ടെ കടവാകട്ടെ എളവല്ലൂർ ദേശത്തുണ്ടോ എന്ന സംശയമാണ്. പ്രത്യേകിച്ച സ്റ്റേഷനാപ്പർക്ക പരിചയമുള്ള ദിക്കിലെല്ലാം അതി നിഷ്കർഷയോടുകൂടി അന്വേഷിച്ചു. ഇതുകൊണ്ട യാതൊരുഫലവും ഉണ്ടായില്ല. അദ്ദേഹം എവിടെയാണെന്ന് സൂക്ഷ്മമായ വിവരം ഒന്നും ഉണ്ടായില്ല. ഓരോരുത്തർ അവരവരുടെ ഭ്രാന്തിയുടെ ശക്തിക്കനുസരിച്ച് ഓരോ ജാതി മറുവടിയാണ പറഞ്ഞതെങ്കിലും മിക്കവയുടെയും വന്നുകൂടിയ അർത്ഥം ‘കണ്ടില്ല, രൂപമില്ല’ എന്നുതന്നെ. എന്നാൽ കോടതികാര്യത്തിന്നു പോയിരുന്ന ചിലർ, കുഞ്ഞിരാമൻനായരും കുമാരൻനായരും സ്റ്റേഷനാപ്പരുംകൂടി കോടതിയിൽനിന്ന പടിഞ്ഞാട്ടുപോകുന്ന കണ്ടുവെന്ന പറഞ്ഞവരുംഉണ്ട.

ഇത വിശ്വസിച്ച പരമേശ്വരൻ വൈകുന്നേരം അഞ്ചുമണിയോടുകൂടി കോടതിവഴിക്ക് അന്വേഷിച്ചുപോകുവാൻ ഉറച്ചുപുറ

പ്പെട്ടും കൂട്ടിന്ന ചില പരിവാരങ്ങളും ഉണ്ടായിരുന്നു. ഉപജീവനം പൊങ്ങിയോ എന്ന ഭയപ്പെട്ടും വ്യസനിച്ചും അലഞ്ഞുനടക്കുന്ന ശിഷ്യന്റെ പേരിൽ കേവലം അനുകമ്പകൊണ്ടാണോ ഇവർ അയാളെ അനുഗമിച്ചിരുന്നതെന്ന തീർച്ചയില്ല. എന്തെങ്കിലും വിശേഷവിധിയായ ഒരു സംഭവം നടക്കുമ്പോൾ സ്വസ്ഥന്മാരുടെ സ്വസ്ഥവൃത്തിക്കു ഭംഗംവരുത്തി അവരെ എളക്കിത്തീർക്കുന്നതായ ഒരുമാതിരി വാസനാവിശേഷംകൊണ്ടെന്നേ ഈ കൂട്ടരുടെ കാൎയ്യത്തിൽ ഊഹിക്കുവാൻ തരമുള്ളു. കിട്ടുണ്ണിമേനവന്റെ ദുമ്മരണം കഴിഞ്ഞിട്ട് അധികം ദിവസമായില്ല. അങ്ങിനെയിരിക്കുമ്പോൾ ആ കേസ്സിൽ തെളിവെടുക്കുവാൻ ഉത്സാഹിച്ചിരുന്ന ഒരു സ്റ്റേഷനാപ്സർ പതിവിൻപടി വീട്ടിൽ ചെന്നിട്ടില്ലെന്നല്ല തീർച്ചയായിട്ടും വൈകുന്നേരം വീട്ടിലെത്തുന്നതാണെന്ന പ്രത്യേകിച്ച പറഞ്ഞുപോയിട്ട് അതുപോലെ ചെയ്യാതിരിക്കുകയും യാതൊരു വിവരവും അറിവുകൊടുക്കാതിരിക്കുകയും ചെയ്തിരിക്കുന്നു. വിശേഷിച്ച സ്റ്റേഷനാപ്സർ കോടതിവിട്ട പടിഞ്ഞാട്ട പോകുന്ന കണ്ടവരും ഉണ്ട. ഇതിൽനിന്ന വല്ലതും കൊട്ടിഘോഷിക്കുവാൻ വകയുണ്ടാവുമെന്ന വിചാരവും ഈ കൂട്ടൎക്കുണ്ടായിരുന്നു. അല്ല, മററുവിധത്തിൽ പ്രേരിപ്പിക്കപ്പെട്ടവരും ഈ കൂട്ടത്തിൽ ഇല്ലെന്നില്ല. ശിഷ്യന്റെപക്ഷം യജമാനൻ ഒരു കാലവും വാക്കുതെററി നടക്കുക പതിവില്ലാത്തതുകൊണ്ട ഈ സംഭവം സംശയത്തിന്ന ഇടയാക്കിത്തീൎത്തിരിക്കുന്നുവെന്ന മാത്രമായിരുന്നു.

ഇവരെല്ലാവരുംകൂടി പെരുവല്ലാപ്പാലത്തിനടുത്തെത്തിയപ്പോൾ അവരിൽ ഒരു വിദ്വാൻ,

„അതാ ഒരു തലപ്പാവ കിടക്കുന്നു" എന്നപറഞ്ഞും

ഒരക്ഷരംപോലും ശബ്ദിക്കാതെ എല്ലാവരുംകൂടി ആ സ്ഥലത്തേക്കിറങ്ങി. ശിഷ്യന തലപ്പാവുകണ്ടപ്പോൾ സംശയമുണ്ടായില്ല. ഒരു നോട്ടത്തിൽ അത യജമാനന്റേതാണെന്നു മനസ്സിലായി. അടുത്തു പലടിക്കിലും രണ്ടോ രണ്ടിലധികമോ ആളുകൾകൂടി ലഹളകൂട്ടീട്ടുള്ളതായ ലക്ഷണങ്ങളും കാണ്മാനുണ്ട്. അതുനോക്കിക്കൊണ്ട കുറേചെന്നപ്പോൾ രണ്ടുപേരുകൂടി ഓടീട്ടുള്ള പാടകണ്ടുതുടങ്ങി.

അതിനെ പിന്തുടന്നു കുറേക്കൂട്ടിച്ചെന്നപ്പോൾ ഒരു കുപ്പായം കിടക്കുന്നതുകണ്ടു. അതും സ്റ്റേഷനാപ്പസരുടേതാണെന്നു ശിഷ്യൻ വിധിച്ചു. കുപ്പായം കിടന്നിരുന്നതു വെള്ളത്തിനോടു വളരെ അടുത്തിട്ടായിരുന്നു. അത് മഴവെള്ളംകൊണ്ടും പൊഴവെള്ളംകൊണ്ടും നനഞ്ഞിട്ടുകൂടിയുണ്ട. കോലാഹലത്തിന്റെ സൂചനകൾ കുപ്പായം കിടക്കുന്നസ്ഥലത്തു അവസാനിച്ചിരിക്കുന്നു.

ശിഷ്യൻ കുപ്പായവും തലപ്പാവും കയ്യിലെടുത്ത് ഇൻസ്പക്ടർ വന്നിട്ടുണ്ടോ എന്ന് അറിവാൻ ചേരിപ്പറമ്പിലേക്കു തിരിച്ചു. കൂട്ടരിൽ ചിലർ പിന്നാലെതന്നെ പുറപ്പെട്ടു. ചിലർ എളവല്ലൂക്കും തിരിച്ചു.

ഇൻസ്പക്ടർ കണ്ടുണ്ണിമേനോൻ അരുണോദയത്തോടുകൂടി ചേരിപ്പറമ്പിൽ എത്തീട്ടുണ്ടായിരുന്നു. പരമേശ്വരൻവന്നു വിവരം ബോധിപ്പിച്ചപ്പോൾ ഒരു നിമിഷം കളയാതെ കുപ്പായവും തലപ്പാവും കിടന്നിരുന്ന സ്ഥലം പരിശോധിക്കുവാൻ പുറപ്പെട്ടു. അവിടെ ചെന്നു പരിശോധനകഴിച്ചു, നദീതീരത്തുകൂടിപ്പോയി ശവം വല്ലെടിക്കിലും അടിഞ്ഞുകിടക്കുന്നുണ്ടോ എന്നു നോക്കിവരുവാൻ രണ്ടു പോല്ലീസ്സുകാൎക്കു കല്പനയും കൊടുത്ത് എളവല്ലൂക്കു പരമേശ്വരനേയും കൂട്ടിക്കൊണ്ടുപോയി. അവിടെച്ചെന്നു സ്റ്റേഷനാപ്പസരുടെ വാസസ്ഥലം മുദ്രവച്ചു ശിഷ്യന്റെ കയ്യിൽനിന്നു താക്കോലും വാങ്ങി രാത്രി പത്തുമണിയോടുകൂടി ചേരിപ്പറമ്പിൽ തിരികേ എത്തി. പരമേശ്വരൻ ഇൻസ്പക്ടരുടെ കരുണകൊണ്ടു ചേരിപ്പറമ്പിൽതന്നെ അത്താഴവുംകഴിച്ചു കിടന്നു.

പുലൎകാലത്തു പുവ്വാച്ചൂടി പൊട്ടുംതൊട്ടു സന്ധ്യക്കു തൊഴുവാൻപോയി എന്ന കുററത്തിന്മേൽ ദേവകിക്കുട്ടിയെ പടിപ്പുരമുറിക്കകത്ത് ഇട്ടുപൂട്ടിയിരിക്കുകയായിരുന്നു. കാലത്തു കുളത്തിൽക്കിരിക്കുമ്പോൾ പകുതി വയറോടുകൂടിയാണ് അഛൻ വലിച്ചിഴച്ചുകൊണ്ടുപോയതു. അതിൽപിന്നെ ജലപാനം കൊടുത്തിട്ടില്ല. ദേവകിക്കുട്ടി മുറിക്കകത്തു കടന്നതുതന്നെ ഇച്ചിൽകയ്യും ചുരുട്ടിപ്പിടിച്ചുകൊണ്ടാണ്. കണ്ണീരുകൊണ്ടു കൈകഴുകിയാൽ ശുദ്ധമാകുമെങ്കിൽ അതുമാത്രമല്ല ചെയ്യിട്ടുള്ളു അതിൽ കുളിതന്നെ കഴിഞ്ഞിരിക്കണം.

# പലവക.

**(പുസ്തകപരിശോധനം)**-ആര്യാചാരി (സി, രാമപ്പൊതുവാൾ ; ഒറ്റപ്പാലം):—

ദേവീപരമായി ആര്യാവൃത്തത്തിൽ നൂറു ശ്ലോകങ്ങൾ അടങ്ങിയ ഈ ചെറിയ പുസ്തകത്തെപ്പററി ഇതുവരെ താമസിച്ച് ഒരു അഭിപ്രായം പറയുന്നത കേവലം നിഷ്ഫലമാണെന്നാണെങ്കിലും, [illegible] പത്രധർമ്മം ഞങ്ങൾക്കും നിർവ്വഹിക്കാതെ തരമില്ലല്ലോ.

കവിയുടെ [illegible] അതിലുള്ള [illegible] ഞങ്ങൾക്കറിവില്ല. [illegible] അല്ലെങ്കിൽ, [illegible] ആ [illegible] തട്ടാതെ [illegible], [illegible] മുഖ്യലക്ഷണമാണ. ഈ കവിക്ക് ഇതു സാധിക്കുമെന്നതിന്ന ഒരു ദൃഷ്ടാന്തം കാണിക്കാം.

[illegible] ; [illegible]
[illegible] ; [illegible].

'[illegible]' മുതലായ [illegible] അശ്ലീലതയുടെ [illegible] ഞങ്ങൾ പറയുന്നില്ല. അലങ്കാരപ്രയോഗങ്ങൾ എല്ലാം [illegible] കണ്ടെത്താൻ [illegible] വെച്ചിരിക്കുന്നു. '[illegible]' ഇത്യാദിശ്ലോകത്തിലെ അലങ്കാരത്തിന്റെ [illegible] കാണുന്നില്ല. [illegible] ഞങ്ങൾ അറിയുന്നതും ഇല്ല. [illegible], [illegible] സ്വീകരിക്കുന്നതിൽ '[illegible]' എന്ന ദോഷം [illegible] വസ്തുക്കൾകൊണ്ട ഉണ്ടാക്കിയ [illegible] ഒന്നാണെന്ന പറയുന്നതായാൽ [illegible], കവി [illegible] പലതും പ്രയോഗിച്ചിട്ടു. [illegible] '[illegible]' [illegible] കഴിക്കുന്നതായിരുന്നു ഉത്തമം. '[illegible]' [illegible] ദിക്കുകളല്ല. ദേവിയുടെ [illegible] ശ്രീപാർവ്വതിയുടെ [illegible] ആലോചിക്കുമ്പോൾ [illegible] ആണ്. കവി [illegible] പ്രയോഗിച്ചിരിക്കുന്ന [illegible] പക്ഷമുണ്ട. അദ്ദേഹത്തിനാൽ കഴിയുന്നത ശ്രമിക്കണമെന്നാണ ഞങ്ങളുടെ പ്രാർത്ഥന.

## ഫലിതം.

പ്രസിദ്ധനായ കല്ലൂർ നമ്പൂരിപ്പാട്ടിലേക്ക ഒരു ക്ഷേത്രത്തിൽ ഉണ്ടായിരുന്ന തന്ത്രം [illegible] ഒരു നമ്പൂരി അപഹരിച്ച ബിംബപ്രതിഷ്ഠ കഴിച്ചു, 'ബിംബപ്രതിഷ്ഠ എല്ലാം [illegible] യായൊ?' എന്ന നമ്പൂരിപ്പാട്ടിലേക്കോട ചിലർ ചോദിച്ചപ്പോൾ അദ്ദേഹം അമരത്തിലെ ഒരു ശ്ലോകംകൊണ്ടാണ മറുപടിപറഞ്ഞത. "സമാപ്തൃത്യാന്യതന്ത്രാണി സംക്ഷിപ്യൈഃപ്രതിസംസ്കൃതൈഃ സമ്പൂർണ്ണമിച്യതേവൈഗ്രന്നാമലിംഗാനുശാസനം"

(അന്യന്റെ തന്ത്രം അപഹരിച്ച ചുരുക്കത്തിൽ ചില ക്രിയയൊക്കെ നടത്തി. [illegible] ഒക്കെ സമ്പൂർണ്ണമെന്നുംപറഞ്ഞു. ആകെക്കൂടിനോക്കുമ്പോൾ 'ലിംഗം' എന്നൊരു പേരമാത്രം).

**(സ്വന്തം)**—സ്ഥലച്ചുരുക്കത്താൽ പുസ്തകപരിശോധനകൾ പലതും നീട്ടിവെച്ചുണ്ടിവന്നിരിക്കുന്നു. മാസികകളുടെ പട്ടികയിൽ ലേഖകൻ '[illegible]' [illegible] ഇല്ലയോ എന്ന സംശയത്തിൽ ഇട്ടിട്ടുണ്ട്. ചിങ്ങത്തിലെ പ്രതി ലേഖനം [illegible] ന്നതിന്റെശേഷം ഞങ്ങൾക്കു കിട്ടിയിരിക്കുന്നു.

# P. SUBBAROY'S
## World-Renowned and Most
## Efficacious Ayurvedic Medicines.



മരുന്നു സേവിക്കുന്നതിനു മുമ്പ്



മരുന്നു സേവിച്ചതിനു പിമ്പ്

**പി. സുബ്ബരായിയുടേ ലോകപ്രസിദ്ധങ്ങളും ഏററവും ഫലവത്തുക്കളും ആയ ആയുർവ്വേദ ഔഷധാലയം**

**൧-ലോകപ്രസിദ്ധമായ ധാതുപുഷ്ടികാരി.**

ധാതുനഷ്ടം, ബലഹീനത, ലക്ഷണമില്ലായ്മ, വീര്യമില്ലായ്മ, നേത്രം, കൈ, കാൽ മുതലായവയുടെ നിറ൦ ത്, നീരൊഴിവു, മധുമേഹ കല്ലടപ്പു (മൂത്രഘാതം) മുതലായ പലവിധ വസ്തിരോഗങ്ങളെ ക്ഷണേന പരിഹരിച്ചു രക്ഷപെടുത്തും.

**ഡപ്പി ഒന്നുക്കു വില രൂപാ ൨-തപാൽ ചിലവുവകയ്ക്കു അണ ൬-വേറെ.**

**൨-പ്രമേഹ നിവാരണി.**

സിരാമേഹം, ഇടുപ്പുവലി, മൂത്രമധികമായും തടഞ്ഞും പോകുക, മേഢ്രം, പുകച്ചൽ രക്തമേഹം മുതലായ വ്യാധികളിൽനിന്നു സ്ത്രീ പുരുഷന്മാരെ നിവൃത്തിപ്പിക്കും. ഋതുകാലത്തിൽ രക്തം അധികമായി സ്രവിക്കുന്നതിനേയും ശമിപ്പിക്കും.

**കുപ്പി ൧-ക്കു വില രൂപ ൧. മൂന്നു കുപ്പികൾ വരെയുള്ള ബങ്കിക്കു തപാൽചിലവു അണ ൫.**

**൩-സർവ്വവേദനാ സംഹാരി.**

ഈ തൈലം അല്പം പിരട്ടിയാൽ കൈകാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക വീക്കം, മുടക്കുവാതം നെഞ്ചുനോവു, തലവേദന, ഒരു ഭാഗത്തുണ്ടാകുന്ന ശൂല, ഇടുപ്പുവേദന, പാർശ്വവായു, മേഹവായു, തിമിരവായു മുതലായ പല വ്യാധികൾ ഭേദപ്പെടും.

**കുപ്പി ഒന്നുക്കു വില രൂപാ ൧. തപാൽചിലവു അണ ൬.**

**൪-മണ്ഡലകുഷ്ഠസംഹാരി.**

മണ്ഡലകുഷ്ഠം, പുഴക്കടി, തഴുതണം. നരഞ്ഞാണി എന്നീ പേരുകളുള്ള രോഗത്തിനു സിദ്ധൌഷധം. ത്വഗ്രോഗങ്ങൾ പലതും മാറും; തേമൽ, മേഹകുഷ്ഠം മുതലായവയെ നശിപ്പിക്കും.

**വില, കുപ്പി ഒന്നിനു ൪-ണ. തപാൽചിലവു മൂന്നു കുപ്പിവരെ ൬-ണ വേറെ.**

പി. സുബ്ബരായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ടുജില്ല.

P. SUBBAROY, *Porto Novo.*

## ൬-ലക്ഷ്മീകരകസ്തൂരിഗുളികകൾ.

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സത്രുഢം ഉപയോഗിക്കേണ്ടുന്ന വിലയേറിയ സാധനം,—ദന്തവേദന, വായ്നാറ്റം, അജീർണ്ണം, പിത്തവായു, ഇവയെ ശമിപ്പിക്കും.



തനിച്ചോ താംബൂലത്തോടു കൂടിയോ ഉപയോഗിക്കാം. ആഹാരത്തോടു കൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ എത്ര ഗുരുദ്രവ്യത്തേയും ജീർണ്ണിപ്പിക്കും. പ്രസവകാലത്തു താംബൂലത്തോടു കൂടി ഉപയോഗിച്ചാൽ സന്നി അടുക്കുകയില്ലാ. അപായകരമായ യാതൊരു ലഹരി സാധനങ്ങളും ഇതിൽ ചേർത്തിട്ടില്ലാ. കാശ്മീരത്തു നിന്നു വരുത്തിയ കസ്തൂരി, പച്ചക്കർപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേർത്തിട്ടുണ്ടു. ചുമ, കാസശ്വാസം, ജ്വരം മുതലായ രോഗങ്ങൾ വയസ്സിന്റെ ഏറ്റക്കുറച്ചിൽ പോലെ ഒന്നു മുതൽ ൩ വരെ ഗുളികകൾ വെറ്റിലച്ചാറിൽ കൊടുത്താൽ സുഖപ്പെടും.

**൨൦൦-ഗുളികകൾ ഉള്ള കുപ്പി ൧-ക്കു വില ൮ ണ രു. ൧-മുതൽ ൧൨-വരെ കുപ്പികൾ അടങ്ങിയ ബങ്കി ൧-ക്കു തപാൽ കൂലി ൩-ണ.**

## ൭-ദന്തചൂർണ്ണം.

സുഗന്ധമായുള്ളതു എല്ലാമാതിരി ദന്തരോഗങ്ങളേയും നീക്കും.

**വില, കുപ്പി ഒന്നിനു മൂന്നണ തപാൽചിലവു രണ്ടു കുപ്പിവരെ ൩-ണ വേറെ.**

## ൮-ജ്വരഹാരി.

കുളിർപ്പനി, മലമ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, അന്തർജ്വരം മുതലായവക്കു നന്നു.

**വില കുപ്പി ഒന്നിനു ൧-ക, തപാൽചിലവു ൮-ണ വേറെ.**

## ൯-ലോകപ്രസിദ്ധമായ സുഗന്ധകുന്തള തൈലം.

ഈ തൈലം പിരട്ടിയാൽ തലമുടി, മീശ, ഇമ, ഇവ സമൃദ്ധിയായും, നെരുക്കമായും കറുപ്പായും വളരും. കണ്ണിനു കുളിർമ്മയുണ്ടാകും. സകല കൺനോവുകളും തലനോവുകളും നീങ്ങും. ചെമ്പട്ടരോമം കറുക്കും. രോമം പൊഴിയാതിരിക്കും. കണ്ണിനു നല്ല തെളിച്ചമുണ്ടാകും.

**വില, കുപ്പി ഒന്നിനു ൯-ണ. തപാൽചിലവു ൩-ണ വേറെ.**

## ൰-രോമസംഹാരി.

രോമം എവിടെ വേണ്ടെന്നാകുന്നുവോ അവിടെ ഈ മരുന്നു പിരട്ടിയാൽ യാതൊരു വേദനയുമുണ്ടാകാതെ രോമത്തെ മാറ്റും.

**വില, കുപ്പി ഒന്നിനു ൪-ണ. തപാൽചിലവു മൂന്നു കുപ്പികൾവരെ ൧-ണ വേറെ.**

പി. സുബ്ബരായി
പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.
P. SUBBAROY, *Porto Novo*.

## ൧൦-അഗ്നിമാന്ദ്യസംഹാരി.

ഭക്ഷണമില്ലായ്മ, പുളിച്ചുതികട്ടുക. നെഞ്ചുകലിക്കുക, മൂലബന്ധം, വയറുനോവു, വായനാറ്റം, അജീൎണ്ണം വയറുവീൎക്കുകയറുക. നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും.

ഡപ്പിഒന്നുക്കു ൧൨ണ വ്യ-തപാൽക്കൂലി ൧ണ ൩-വരെ.

## ൧൧-കണ്ണവിന്ദു.

ചീക്കളു, കൺചീക്കണ്ണ, ചെറിയതപ്പു, ഇരച്ചിൽ മുതലായ കണ്ണുരോഗങ്ങളെ ഭേദപ്പെടുത്തും. രാത്രിക്കണ്ണുകാഴ്ചയുണ്ടാക്കും.

വില, കുപ്പി ഒന്നിനു വ്യ-ണ. തപാൽചിലവു മൂന്നു കുപ്പികൾ വരെ ൫-ണ വേറെ.

## ൧൨-സുഖഭേദിഗുളികകൾ.

ഭേദി ശോധിപ്പെടുത്തും അജീൎണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലംപിടിത്തം, അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും.

വില, ഡപ്പി ഒന്നിനു വ്യണ. തപാൽചിലവു ഒന്നു മുതൽ ൧൦-വരെ ഡപ്പികൾക്കു ൩-ണ വേറെ.

## ൧൩-നേത്രബിന്ദു.

കൺനോവു, കൺകത്തു, ക്രുദ്ധം, നീരൊഴുക്കു, മിന്നൽ മാലകണ്ണു, പീളകെട്ടു, ചോരച്ചു, പൂവു, ചൊറിച്ചിൽ, ഏരിച്ചിൽ ഇമ പുരികം ഇവയുടെ വലിവു, പുകച്ചിൽ ഇങ്ങനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും.

വില, കുപ്പി ഒന്നിനു വ്യ-ണ. തപാൽചിലവു മൂന്നു കുപ്പികൾ വരെ ൩-ണ വേറെ.

## ൧൪-സ്ഖലിതരക്ഷണി.

ബലഹീനതയാലും അത്യുഷ്ണത്താലും മററും ഉണ്ടാകുന്ന ഇന്ദ്രിയസ്ഖലിതത്തെ നീക്കും

വില, ഡപ്പി ഒന്നിനു വ്യ-ണ. തപാൽചിലവു ൫-വരെ ഡപ്പികൾക്കു ൩-ണ വേറെ.

## ൧൫-മൃഗകസ്തൂരി.

കാശ്മീരിൽ നിന്നും വരുത്തിയിട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസിൽ ഉണ്ടു.

തോലാക്കൊത്തിനു ൨൪-ക. വില ഒരു തോലാ മുതൽക്കുള്ള എത്ര സംഖ്യക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും. തപാൽച്ചിലവുപുറമെ.

എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലോ തമിഴിലോ ആയിരിക്കണം.

പി. സുബ്ബരായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAROY, *Porto Novo.*

## ൧൩- തേൾവിഷത്തിന്ന സിദ്ധൌഷധം.

തേൾകടിച്ച സ്ഥലത്ത രണ്ടുതുള്ളി ഒഴിച്ചാൽ പൊട്ടുന്നനെ ആശ്വാസം കാണും. ഒരു കുടുംബത്തിലെങ്കിലും ഈ മരുന്ന ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത.

വില കുപ്പി ൧- ക്ക ൧൦- ക ര ൪-ണ. ൧൨ കുപ്പിയിൽ കുറയാതെ ഒന്നിച്ചു വാങ്ങുന്നവൎക്ക ഡസൻ ൧ ക്ക ൨ ക ൮ ണ, ഉള്ള വിലയിൽ കുറച്ചു മാത്രമെ വില ചുമത്തുന്നുള്ളൂ. വി-പി- കമീഷൻ ഒന്ന പുറമേ.

ഇൻഡ്യയിലും ബൎമ്മയിലും ൧൨ കുപ്പിവരെ വി-പി- കമീഷൻ ൫ ണ സിലോൺ ടി ൭ ണ.

## ൧൪- വ്രണവിരോപണ തൈലം.

ഈ കുഴമ്പ പിത്തപ്പുണ്ണ മുതലായ എല്ലാവിധ വ്രണങ്ങൾക്കും തീകണ്ട ഔഷധമാകുന്നു. ഇത സകല കൃമികളേയും നശിപ്പിച്ച എല്ലാ വ്രണങ്ങളേയും വിശേഷിപ്പിച്ച വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു.

വില ൨ ണ. മൂന്ന കുപ്പിവരെ വി-പി- കമീഷൻ ൫ ണ മാത്രം.

## ൧൫. കണ്ഠശുദ്ധി ഗുളിക.

ഇത കണ്ഠം തെളിഞ്ഞ ശാരീരം നന്നാവുന്നതിന്ന അതിവിശേഷമായ ഔഷധമാകുന്നു, പ്രത്യേകിച്ച സംഗീതക്കാൎക്കും, പ്രസംഗക്കാൎക്കും, പാതിരിമാൎക്കും, ശബ്ദാവയവംകൊണ്ട അത്യായാസം ചെയ്യുന്നവരായ മറ്റെല്ലാവൎക്കും വളരെ ഉപയോഗമുള്ളതുമാകുന്നു.

വില ൨ ണ വി-പി- കമീഷൻ ൩ കുപ്പിവരെ ൩ ണ.

## ൧൬. സ്നാനചൂൎണ്ണം.

ഈ പൊടിതേച്ചു കുളിക്കുന്നതിന്ന വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേഷം. ഇത ദേഹത്തിലെ അഴുക്കും ദുൎഗ്ഗന്ധവും കളഞ്ഞു, മൃദുത്വവും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിന്നും പുറമെ ദേഹത്തിന്ന ശൈത്യവും സുഖവും എല്ലായ്പോഴും തോന്നിക്കും. ഇത ഇന്ത്യയിലുള്ള എല്ലാവൎക്കും വേണ്ടതാകുന്നു.

വില ൨ ണ വി-പി- കമീഷൻ ൩ ണ.

പി. സുബ്ബറായി

പറങ്കിപ്പേട്ട, തെക്കേ ആൎക്കാട്ട് ജില്ല.

P. SUBBAROY, porto Novo.

## ൨൦. സഞ്ജീവഗുളിക.

കുട്ടികൾക്കുണ്ടാവുന്ന പനി, ജലദോഷം, തലവേദന, ശ്വാസം, അർശോ ശ്ശ്, മലക്കമില്ലായ്മ, ഛർദ്ദി ആന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇത മദ്ധ്യവയസ്കന്മാരും ഉപയോഗിക്കാവുന്നതാകുന്നു.

വില ൧ ണ വി-പി- കമീഷൻ സഹ കുപ്പിവരെ ൫ ണ.

## ൨൧. ഒന്നാംതരം ഗോരോചനഗുളിക.

എല്ലാവിധ പനികൾക്കും അത സംബന്ധമായി കുട്ടികൾക്കുണ്ടാവുന്ന ഉപരോഗങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അർശസ്സ്, മലക്കമില്ലായ്മ, ആന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു.

വില ൫ ണ വി-പി- കമീഷൻ സഹ കുപ്പിവരെ ൭ ണ.

## ൨൨. ത്വഗ്രോഗ പരിഹാരി.

ഈ ഔഷധം കരപ്പൻ, ചുണങ്ങ, ചൊറി, ചിരങ്ങ, പൊരികൾ, പുഴു, ചുണങ്ങ, വട്ടച്ചൊറി, മുതലായ കടിയും ചൊറിച്ചിലും ഉള്ള എല്ലാ ത്വഗ്രോഗങ്ങൾക്കും ഏറ്റവും നല്ല ഔഷധമാകുന്നു. ഇത ദേഹത്തിൻെറ പുറമെ മാത്രം ഉപയോഗിച്ചാൽ മതി.

വി-പി- കമീഷൻ ൫ ണ.

| | | ക. | ണ. | സ. |
|---|---|---|---|---|
| ഒന്നാംതരം ഗോരോചനം | തൂക്കം ൧ ക്കു | ൩ | ൦ | ൦ |
| ടി മഞ്ഞത്താം | ടി ൧ ക്കു | ൧ | ൦ | ൦ |
| ടി പച്ചക്കർപ്പൂരം | ടി ൧ ക്കു | ൧ | ൦ | ൦ |

മേൽവിലാസം തമിഴിലോ ഇംഗ്ലീഷിലോ വിശദമായി എഴുതണം.

പി. സുബ്ബരായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAROY, *Porto Novo.*

ഒരു കുപ്പി കേശരഞ്ജൻ തൈലത്തിന്റെ വില മാത്രം.

വീട്ടിനടുത്ത മാകാണിവിളക്കു കിട്ടുമ്പോൾ ഒരു വിളക്കു കൽക്കത്താവിലും മദിരാശിയിലും മുർമിനിയൻ സ്ത്രീറാനിലും പോയി വാങ്ങുന്നത എന്തിന? ആവശ്യപ്പെട്ട കൊടുക്കുന്ന പുകക്കൾ ഞങ്ങൾക്ക് ഒന്നെ വീതം മാത്രം തന്നാൽ മതി.

അതെങ്ങിനെ ?

നിങ്ങളുടെ സ്നേഹിതന്മാരോടൊ (നേരിട്ട ഞങ്ങളോടൊ) രണ്ടണവിലയുള്ള ഞങ്ങളുടെ ഒരു കൂപ്പൺ വാങ്ങി എട്ടണയോടുകൂടി അത ഞങ്ങൾക്കു അയച്ചുതരുവിൻ. ഉടനെ അതേമാതിരിയുള്ള നാല കൂപ്പണും, രണ്ടുറുപ്പികവിലക്കു താഴെ പറയുന്ന ഏതെങ്കിലും സാമാനം തിരഞ്ഞെടുത്തുകൊള്ളുവാൻ അധികാരപ്പെടുത്തുന്ന ഒരു സർട്ടിഫിക്കെറ്റും അയച്ചുതരപ്പെടും.




ഈ നാല കൂപ്പണും എട്ടണവീതം വിററ നിങ്ങൾക്ക ദ്രവ്യം അയച്ച സംഖ്യ വസൂൽ ചെയ്യുക. എന്നിട്ട നിങ്ങൾ ചെയ്തതുപോലെ കൂപ്പൺ ഒന്നക്ക എട്ടണ വീതം ഞങ്ങൾക്ക അയച്ചുതരുവാൻ വാങ്ങുവരോട ആവശ്യപ്പെടുക അത ഞങ്ങൾക്ക കിട്ടിയാൽ ആദ്യം നിങ്ങൾക്കയച്ചതുപോലെയുള്ള നാല സർട്ടിഫിക്കെററുകൾ അവർക്കയച്ച കൊടുക്കുകയും നിങ്ങൾക്ക രണ്ടുറുപ്പികക്ക താഴെ വരുന്ന ഏതു സാമാനമെങ്കിലും അയച്ചുതരികയും ചെയ്യുന്നതാണ.

മേൽപറഞ്ഞ നാല സർട്ടിഫിക്കെററ കൈവശമുള്ളവർ അവരുടെ മുറക്ക നിങ്ങൾ ചെയ്തതിനെ ആവർത്തിക്കേണ്ടതാകുന്നു.

നിങ്ങൾ രണ്ടുറുപ്പികയിൽ അധികം വിലയുള്ള സാമാനം